ഗദ്യരാമായണം. (കഥാനന്ദിനി)

കുന്നത്തു ജനാർദ്ദനമേനോൻ

ഗദ്യരാമായണം.

ഗ്രന്ഥകർത്താവ്
കുന്നത്തു ജനാർദ്ദനമേനോൻ.

Publishers
THE YOGAKSHEMAM Co., Ltd.,
TRICHUR.

Printed at
The Mangalodayam Power Press,
TRICHUR & CALICUT.

1102

Price 4 as.

ഗദ്യരാമായണം.

ആദ്യഖണ്ഡം.

ഇക്ഷ്വാകുവംശത്തിൽ അജനെന്നു പേരായ ഒരു മഹാരാജാവുണ്ടായി. അജൻെറ പുത്രനായി ശുചിയും സ്വാധ്യായവാനുമായ ദശരഥൻ ജനിച്ചു. ദശരഥനു ധൎമ്മതത്വകുശലന്മാരായ നാലു പുത്രന്മാരുണ്ടായി. ആ മഹാബാലന്മാർ രാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നിവരാണു്. രാമൻെറ അമ്മയ്ക്കു കൌസല്യയെന്നും ഭരതൻെറ അമ്മയ്ക്കു കൈകേയിയെന്നും ലക്ഷ്മണശത്രുഘ്നന്മാരുടെ അമ്മയ്ക്കു സുമിത്രയെന്നുമാണു പേർ. അക്കാലത്തു വിദേഹരാജാവായ ജനകനു സീതയെന്നൊരു മകളുണ്ടായി. രാമൻെറ പ്രിയമഹിഷിയായി, പ്രജാപതിസങ്കല്പത്താൽ അയോനിജയായി സൃഷ്ടിച്ചവളാണു് ആ ജാനകി.

സ്വയംഭൂവും സർവ്വലോകപ്രഭുവും മഹാതപസ്വി യുമായ സ്രഷ്ടാവിൻെറ പ്രിയമാനസപുത്രനായ പുലസ്ത്യന്നു ഗോ എന്ന ഭാര്യയിൽ ആത്മജനായി വൈശ്രവണൻ ജനിച്ചു. സ്വന്തം പിതാവിനെ വെടിഞ്ഞു ചെന്നു തൻെറ പിതാമഹനായ ബ്രഹ്മാവിനോടൊന്നിച്ചാണു വൈശ്രവണൻ പാർത്തതു്. മകൻെറ ഈ ഗതി കണ്ടു് അച്ഛൻ പിണങ്ങി. പുത്രനിൽ ക്രുദ്ധനായ പുലസ്ത്യൻ തന്നത്താൻ മറെറാരു രൂപത്തിൽ ജാതനായി. അങ്ങിനെ പുലസ്ത്യൻെറ ആത്മാർദ്ധത്താലുണ്ടായ വിപ്രനാണു വിശ്രവസ്സ്. ക്രോധത്താൽ വൈശ്രവണനോടു പ്രതീകാരം ചെയ്യുവാനായി പുലസ്ത്യൻ താൻതന്നെയായി തന്നിൽനിന്നു വിശ്രവസ്സിനെ സൃഷ്ടിച്ചു. പിതാമഹനാവട്ടെ, പ്രീതചിത്തനായി വൈശ്രവണന്നു് അമരത്വവും ധനേശത്വവും ലോകപാലത്വവും ശിവസഖ്യവും കൊടുത്തു. ബ്രഹ്മാവിൻെറ അനുഗ്രഹത്താൽ വൈശ്രവണന്നു നളകൂബരനെ പുത്രനായി ജനിച്ചതിന്നു പുറമെ, ആ ധനപതി പിതാമഹനിൽനിന്നുതന്നെ രാജധാനിയായി രക്ഷോഗണങ്ങൾ നിറഞ്ഞ ലങ്കയേയും ഇഷ്ടംപോലെ സഞ്ചരിക്കുവാൻ കഴിവുള്ള പുഷ്പകവിമാനത്തേയും, യക്ഷന്മാരുടേ ആധിപത്യത്തേയും,

രാജരാജത്വത്തെയും നേടി. പുലസ്ത്യക്രോധത്താൽ, ആ മുനിയുടെ അർദ്ധഭാഗം യോഗബലംകൊണ്ടു് വിശ്രവസ്സായി ജനിച്ചതിൽപ്പിന്നെ, ആ വിശ്രവസ്സ് വൈശ്രവണന്റെ മുമ്പിൽ ചെന്നു ക്രോധത്തോടെ നോക്കി. തന്റെ ആ പിതാവു തന്നിൽ ക്രുദ്ധനായിരിക്കുന്നുവെന്നറിഞ്ഞു രാക്ഷസേശ്വരനായ കുബേരൻ പിതൃപ്രസാദത്തിന്നായി എപ്പോഴും യത്നിച്ചുകൊണ്ടുവന്നു. ലങ്കാധിപതിയും, നരവാഹനനുമായ ആ രാജരാജൻ പിതാവായ വിശ്രവസ്സിനെ നിത്യം പരിചരിക്കുവാനായി മൂന്നു രാക്ഷസിമാരെ നിയോഗിച്ചു. രാക, മാലിനി, പുഷ്പോൽകട എന്നീ മൂവരാണവർ. നൃത്യഗീതകുശലകളായ ആ സുന്ദരിമാർ ശ്രേയസ്സിനെ കാംക്ഷിച്ചു പരസ്പരം സ്പർദ്ധിച്ചുകൊണ്ടു് മഹാത്മാവായ ആ മഹർഷിയെ സന്തോഷിപ്പിക്കുവാൻ സദാ യത്നിച്ചുകൊണ്ടിരുന്നു. ഈ ശുശ്രൂഷയാൽ ഭഗവാനായ വിശ്രവസ്സ സന്തോഷിച്ചു് ഓരോ പരിചാരികൾക്കും അവരവരുടെ അഭിമതംപോലെ, ലോകപാലതുല്യന്മാരായ പുത്രന്മാർ ജാതന്മാരാവട്ടേയെന്നു വരം കൊടുത്തു. അതിന്മണ്ണം പുഷ്പോൽകടയുടെ പുത്രന്മാരായി രാവണനും കുംഭകർണ്ണനും ജനിച്ചു. ആ രാക്ഷസേശ്വരന്മാർ ബലംകൊണ്ടു് എതിരററവരായി വിളങ്ങി. മാലിനിയുടെ ഏകപുത്രനാണു വിഭീഷണൻ. രാകയ്ക്കു് ഖരനെന്നും ശൂർപ്പണഖയെന്നും രണ്ടു മക്കളുണ്ടായി. രൂപഗുണംകൊണ്ടു വിഭീഷണൻ മററെല്ലാവരേക്കാളും ഉത്തമനായി. ആ മാലിനീപുത്രൻ മഹാഭാഗനും ധർമ്മരക്ഷകനും കർമ്മകുശലനുമായി ശോഭി

ച്ചു. രാക്ഷസപുംഗവനായ ദശഗ്രീവൻ മഹോത്സാഹി യും, മഹാവീൎയ്യനും, മഹാ സത്വപരാക്രമനുമായി മറെറ ല്ലാവരെക്കാളും ശ്രേഷ്ഠനായി ഉയൎന്നുനിന്നു. കുംഭകൎണ്ണൻ ആയോധനത്തിൽ ബലംകൊണ്ടു് മററുള്ളവരെ കവി ഞ്ഞുനില്ക്കുന്ന രൌദ്രനിശാചരനും മായാവിയും യുദ്ധദു ൎമ്മദനുമാണ്. ഖരനാവട്ടെ, വിക്രാന്തനായ വില്ലാളിയും ബ്രഹ്മദ്വേഷിയും, നരമാംസഭക്ഷകനായിത്തീൎന്നു യാഗവി ഘ്നം ചെയ്യുന്ന രൌദ്രിയാണു ശൂൎപ്പണഖ. ഈ പുത്രന്മാ രെല്ലാവരും ശൂരന്മാരും, വേദജ്ഞന്മാരും, സുചരിതവ്രത ന്മാരുമായി വളൎന്നുവന്നു. അവർ ഗന്ധമാദനപൎവ്വത ത്തിൽ പിതാവായ വിശ്രവസ്സോടുകൂടി ക്രീഡിച്ചുവാഴു മ്പോൾ, ഒരുനാൾ, പിതൃസന്നിധിയിൽ നരവാഹന നായ വൈശ്രവണൻ പരമസമൃദ്ധിയോടുകൂടി സ്ഥിതി ചെയ്യുന്നതു കാണ്മാനായിവന്നു. ഉടനെ, അമൎഷം വളൎന്നു ആ രാവണാദികൾ ദൃഢനിശ്ചയന്മാരായി തപസ്സിൽ ഏൎപ്പെടുകയും, ഏററവും ഘോരമായ തപസ്സുകൊണ്ടു് ബ്രഹ്മാവിനെ സന്തോഷിപ്പിക്കയും ചെയ്തു. ദശഗ്രീവൻ വായുഭക്ഷനായി പഞ്ചാഗ്നിമദ്ധ്യത്തിൽ ഒററക്കാലിന്മേൽ ഏകാഗ്രചിത്തനായി ഓരായിരം കൊല്ലംവരെ ഒരേനി ലയ്ക്കു നിന്നുകൊണ്ടു് തപിച്ചു. നിയതാഹാരനും നിയതവ്ര തനുമായി കുംഭകൎണ്ണൻ താഴെ കിടന്നുകൊണ്ടാണു തപ സ്സു ചെയ്തതു്. കൊഴിഞ്ഞുവീഴുന്ന ആലിലകളിൽനിന്നു് ഓരോനാൾ ഓരോന്നു മാത്രം എടുത്തു ഭുജിച്ചുകൊണ്ടു് ഉദാരബുദ്ധിയായ വിഭീഷണൻ എപ്പോഴും ജപത്തിലും ഉപവാസത്തിലും നിരതനായി തീവ്രതപസ്സിൽ ഏൎപ്പെ

ട്ടുകൊണ്ടു ആ ഓരോയിരം കൊല്ലവും കഴിച്ചു. ഖരനും ശൂർപ്പണഖയും തപോനിഷ്ഠന്മാരായ ഭ്രാതാക്കന്മാരെ സന്തുഷ്ടചിത്തരായി രക്ഷിക്കയും പരിചരിക്കയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങിനെ ആയിരം വർഷം തികഞ്ഞപ്പോൾ ദുരാധർഷനായ ദശാനനൻ തന്റെ ശിരസ്സറുത്ത് അഗ്നിയിൽ ഹോമിച്ചു. ഉടനെ ജഗൽപ്രഭുവായ പിതാമഹൻ സന്തുഷ്ടനായി അവരുടെ മുമ്പിൽ ചെന്ന് ഓരോരുത്തനേയും പ്രത്യേകം പ്രത്യേകം വരദാനംകൊണ്ടു പ്രലോഭിപ്പിച്ച് ആ തപസ്സ് അവസാനിപ്പിച്ചു.

ബ്രഹ്മാവ്—മക്കളേ, ഞാൻ നിങ്ങളിൽ പ്രീതനായിത്തീന്നിരിക്കുന്നു. നിങ്ങൾക്കു വേണ്ടുന്ന വരങ്ങൾ ഇനി വരിച്ചുകൊള്ളുക. മരണമില്ലായ്മ എന്നതൊഴികെ മററുള്ള ഇഷ്ടങ്ങളെല്ലാം നിങ്ങൾക്കു സാധിക്കും. എടോ, രാവണ, നീ ശ്രേഷ്ഠപദത്തെ കാമിച്ചു സ്വന്തം ശിരസ്സറുത്തു പത്തുകുറി അഗ്നിയിൽ ഹോമിച്ചിട്ടുണ്ടല്ലോ. ആ ശിരസ്സുകളെല്ലാം നിന്റെ ശരീരത്തിൽ ഉയന്നു നീ ദശമുഖനായിത്തീരും. എന്നാൽ, നിന്റെ ദേഹത്തിന്നു ഒട്ടും വൈരൂപ്യം ഭവിക്കയില്ലെന്നുതന്നെയല്ലാ, നീ കാമരൂപത്തെ ധരിക്കയും ചെയ്യും. യുദ്ധത്തിൽ ശത്രുക്കളെ ജയിക്കുവാൻ നീ ശക്തനാകുമെന്നതിൽ സംശയമില്ല.

രാവണൻ—ദേവാസുരന്മാരിൽനിന്നോ, യക്ഷകിന്നരന്മാരിൽനിന്നോ, നാഗഗന്ധർവ്വന്മാരിൽനിന്നോ, ഭൂതരാക്ഷസന്മാരിൽനിന്നോ എനിക്കു പരാഭവമുണ്ടാവരുതു്.

ബ്രഹ്മാവ്—നീ പറഞ്ഞ ഇക്കൂട്ടരിൽനിന്നു നിനക്കു ഭയ

മുണ്ടാകയില്ല. മനുഷ്യനെ നീ പറഞ്ഞിട്ടില്ലാത്തതു കൊണ്ടു ഞാൻ ഒഴിവാക്കിയിരിക്കുന്നു. എന്റെ ഈ വിധിപോലെ ഭവിക്കും. നിനക്കു മംഗളമുണ്ടാവട്ടെ.

ഈ വരസിദ്ധിയാൽ ദശഗ്രീവൻ പരമസന്തുഷ്ടനായി. നരഭക്ഷകനായ ആ ദുർബ്ബുദ്ധി മനുഷ്യരെ വകവെച്ചില്ല. കുംഭകർണ്ണനോടു് എന്തുവരമാണു വേണ്ടതെന്നു പിതാമഹൻ ചോദിച്ചപ്പോൾ തൽക്ഷണം ആ രാക്ഷസന്റെ മനസ്സിൽ അന്ധകാരം വ്യാപിച്ചു, വേണ്ടുന്നതെന്തെന്നു തോന്നാതെ, മഹത്തായ നിദ്രയെയാണു് ആ മഹാബലൻ വരിച്ചതു്. അങ്ങിനെയാവട്ടെയെന്നു വരം കൊടുത്തു്, ബ്രഹ്മാവു വിഭീഷണനെ നോക്കി, "മകനേ, നിന്നിൽ ഞാൻ പ്രീതനായി; നിനക്കു വേണ്ടുന്ന വരമേതോ, അതു വരിച്ചുകൊള്ളുക" എന്നു പറഞ്ഞു.

വിഭീഷണൻ—ഭഗവാനേ, ഘോരമായ ആപത്തിൽ ഞാൻ അകപ്പെട്ടാൽകൂടിയും, എന്റെ മനസ്സു ധർമ്മത്തിൽതന്നെ ഉറച്ചുനില്ക്കണം. പഠിക്കാതെതന്നെ ബ്രഹ്മാസ്ത്രം എനിക്കു തോന്നായിവരണം.

ബ്രഹ്മാവു്—ശത്രുഘാതകനായ നീ രാക്ഷസവർഗ്ഗത്തിൽ ജനിച്ചിട്ടും, നിന്റെ ബുദ്ധി ധർമ്മത്തിൽ വർത്തിക്കുന്നതിനാൽ നിനക്കു ഞാൻ അമരത്വത്തെ തന്നുകൊള്ളുന്നു.

ഇങ്ങിനെ അവർക്കു മൂവർക്കും പിതാമഹനിൽനിന്നു വരസിദ്ധിയുണ്ടായി. ദശഗ്രീവരാക്ഷസൻ വരം നേടിയ ഉടനെ, ലങ്കയെ ആക്രമിച്ചു ചെന്നു ധനേശ്വരനെ യുദ്ധത്തിൽ ജയിക്കയാണു് ആദ്യമുണ്ടായതു്. ആ

ലോകപാലഭഗവാൻ യക്ഷരാക്ഷസന്മാരോടും ഗന്ധൎവ്വകിംപുരുഷന്മാരോടുംകൂടി ലങ്കയെ വെടിഞ്ഞു ഗന്ധമാദനത്തിലേക്കു പോയി. തന്റെ പുഷ്പകവിമാനത്തെ രാവണൻ കൈയേറി അപഹരിച്ചപ്പോൾ വൈശ്രവണൻ ശപിച്ചു:—

"ഈ വിമാനം നിന്റേതായി വഹികയില്ല. നിന്നെ യുദ്ധത്തിൽ നിഗ്രഹിക്കുന്നതാരോ അവൻ ഈ വിമാനത്തെ നേടും. ഭ്രാതൃത്വംവഴിക്കു ഗുരുവായ ഈ എന്നെ നീ അവമാനിക്കയാൽ നീ ഉടൻ നശിക്കും."

ഇപ്രകാരം രാവണനെ ശപിച്ചിട്ടു ഗന്ധമാദനത്തിലേക്കു പുറപ്പെട്ട ധനേശ്വരനായ വൈശ്രവണനെ ധൎമ്മാത്മാവും, സന്മാൎഗ്ഗസ്ഥിതനും, പരമശ്രീയുതനുമായ വിഭീഷണൻ ഭ്രാതൃഭക്തിയോടെ അനുഗമിച്ചു. അതു കണ്ടു്, സന്തുഷ്ടനായ വൈശ്രവണൻ തന്റെ ആ ഭ്രാതാവിനു യക്ഷരാക്ഷസസൈന്യങ്ങളുടെ ആധിപത്യം കൊടുത്തു് അനുഗ്രഹിച്ചയച്ചു.

നരഭക്ഷകരും മഹാബലന്മാരുമായ പിശാചരാക്ഷസന്മാർ എല്ലാവരും ചേൎന്നു ദശമുഖനെ രാജാവായി അഭിഷേകംചെയ്തു. കാമംപോലെ രൂപം ധരിക്കുവാൻ കഴിവുള്ള ആകാശചാരിയായ രാവണൻ ബലോല്ക്കടനായി ദേവന്മാരെയും ദൈത്യന്മാരെയും ആക്രമിച്ചു വിശിഷ്ടവസ്തുക്കളെയെല്ലാം അപഹരിച്ചുകൊണ്ടുവന്നു. ലോകങ്ങൾക്കു രാവം (കരച്ചിൽ) ഉണ്ടാക്കുകകൊണ്ടു് ഈ രാക്ഷസേന്ദ്രനു രാവണൻ എന്നു പേരുണ്ടായി. ഇഷ്ടംപോലെ ബലം വളൎത്തുവാൻ കഴിവുള്ള ദശഗ്രീവൻ ദേ

വന്മാരെ ഭയാകുലരാക്കി. അപ്പോൾ സിദ്ധന്മാരും, ബ്ര ഹ്മർഷികളും, ദേവർഷികളും ചേൎന്ന് അഗ്നിയെ പുരസ്കരിച്ചുകൊണ്ടു ബ്രഹ്മാവിനെ ശരണം പ്രാപിച്ചു.

അഗ്നി—വിശ്രവസ്സിൻെറ പുത്രനായി ജനിച്ച ആ മഹാബലനായ ദശഗ്രീവനെ ഭഗവാൻ വരദാനംകൊണ്ടു് അവദ്ധ്യനാക്കിയിരിക്കയാണല്ലോ. ആ മഹാവീൎയ്യൻ പ്രജകളെ മുഴുവൻ നാനാപ്രകാരത്തിൽ പീഡിപ്പിച്ചുതുടങ്ങിയിരിക്കുന്നു. ഈ ആപത്തിൽനിന്നു ഭഗവാൻതന്നെ ഞങ്ങളെ രക്ഷിക്കണം. ഭഗവാനെയൊഴിഞ്ഞു മറെറാരു രക്ഷകൻ ഞങ്ങൾക്കില്ല.

ബ്രഹ്മാവു്—ഹേ, ഹവ്യവാഹന, ആ ദശഗ്രീവനെ ജയിക്കുവാൻ ദേവാസുരന്മാരും ശക്തരല്ല. എന്നാൽ, അവനെ നിഗ്രഹിക്കേണ്ടതു് ഇപ്പോൾ കഴിച്ചുകൂടാത്ത കാൎയ്യമായി വന്നിരിക്കുന്നു. അതിലേക്കു് എൻെറ നിയോഗത്താൽ ചതുൎഭുജനും, യോധനാശ്രേഷ്ഠനുമായ വിഷ്ണു ഇപ്പോൾ അവതരിച്ചിട്ടുണ്ടു്. വേണ്ടുന്നതെന്തോ അതു് ആ ദേവൻ ചെയ്യും.

അഗ്നിയെ സാന്ത്വനം ചെയ്തതിൽപ്പിന്നെ, പിതാമഹൻ ഇന്ദ്രനെ വിളിച്ചു് ഇങ്ങിനെ നിയോഗിച്ചു:-

"ഭവാൻ വിഷ്ണുവിൻെറ സാഹായ്യത്തിന്നായി സൎവ്വദേവന്മാരോടും ചേൎന്നു ഭൂമിയിൽ ചെന്നു ജനിക്കണം. അവിടെ നിങ്ങൾ കരടികളിലും കുരങ്ങുകളിലുമെല്ലാം പ്രവേശിച്ചു വീരന്മാരും കാമരൂപന്മാരും കാമബലന്മാരുമായ പുത്രന്മാരെ ഉളവാക്കണം."

ഈ നിയോഗപ്രകാരം ദേവന്മാർ, ദാനവന്മാർ,

ഗന്ധർവ്വന്മാർ മുതലായവർ അന്യോന്യം ആലോചിച്ച്, അവരവൎക്കുള്ള അംശത്തേയും ഉപാംശത്തേയുംകൊണ്ടു ഭൂമിയിൽ ചെന്നു ജനിക്കുവാൻ അപ്പോൾത്തന്നെ തീരുമാനിച്ചു. അവരെല്ലാവരും കണ്ടുനില്ക്കവേതന്നെ, പിതാമഹൻ ദുന്ദുഭിയെന്ന ഗന്ധർവ്വിയെ വിളിച്ച്, കാൎയ്യസിദ്ധിക്കായി ഉടൻ ചെല്ലുകയെന്നു ശാസിക്കയുമുണ്ടായി. ആ ദുന്ദുഭി വരദനായ പിതാമഹന്റെ ആജ്ഞപ്രകാരം മനുഷ്യലോകത്തിൽ ചെന്നു കൂനിയായ മന്ഥരയായി ജനിച്ചു. ഇന്ദ്രാദിസുരശ്രേഷ്ഠന്മാരെല്ലാവരും, തങ്ങൾ ചെയ്ത തീരുമാനപ്രകാരം കുരങ്ങുകളിലും കരടികളിലുമുള്ള വരസ്ത്രീകളിൽ പുത്രന്മാരെ ഉൽപാദിപ്പിച്ചു. ആ പുത്രന്മാരെല്ലാവരും താന്താന്റെ പിതാവിനെപ്പോലെ ബലംകൊണ്ടും യശസ്സുകൊണ്ടും പ്രശോഭിതരായി. പർവ്വതങ്ങളുടെ കൊടുമുടികളെ അടിച്ചു തകൎക്കുന്നതിന്നും, സാലം, താലം മുതലായ മരങ്ങളേയും, ശിലകളേയും ആയുധങ്ങളാക്കി പ്രയോഗിക്കുന്നതിന്നും അവൎക്ക് ആയാസമുണ്ടായില്ല. വജ്രതുല്യം ദൃഢതരമായ ശരീരത്തോടുകൂടിയ ആ യുദ്ധവിശാരദന്മാർ, കാമംപോലെ വീൎയ്യവാന്മാരും കാമംപോലെ ബലവാന്മാരുമാണ്. യുദ്ധത്തിൽ വായുവേഗന്മാരായ അവൎക്ക് പതിനായിരം ആനയ്ക്കുള്ള അത്രയും ബലം പൂൎണ്ണമായുണ്ടു്. അവരിൽ ചിലർ കാട്ടിൽത്തന്നെ പാൎക്കുന്നവരും, മറ്റു ചിലർ ഇഷ്ടമുള്ളേടത്തെല്ലാം മാറിമാറി വസിക്കുന്നവരുമാണ്. ലോകപാവനനായ പിതാമഹന്റെ നിയോഗപ്രകാരം ദേവന്മാരാൽ ഭൂമിയിൽ ഈവിധമെല്ലാം സംഭവിച്ചു.

കാൎയ്യം നിൎവ്വഹിക്കേണ്ടതു് എങ്ങിനേയെന്നു, തന്റെ പിതാമഹൻ ഗ്രഹിപ്പിച്ചതുപോലെ, അങ്ങിനെ നടന്നു വൈരാഗ്നി വളൎത്തിവിടുന്നതിൽ സദാ നിരതയായ ആ മന്ഥര ശരിയായി പ്രവൎത്തിക്കയും ചെയ്തു.

രാമായണം: രണ്ടാം ഖണ്ഡം.

കൎമ്മവ്യഗ്രനും, ധൎമ്മപരനും, വൃദ്ധസേവനുമായ ദശരഥൻ, തനിക്ക് ഉണ്ണികൾ പിറന്നതിൽ അത്യന്തം സംപ്രീതനായി. ആ തേജസ്വികളായ പുത്രന്മാർ ക്രമത്തിൽ വളൎന്നുവന്നു. അവർ വേദോപനിഷത്തുകളിലും ധനുൎവ്വേദങ്ങളിലും കുശലന്മാരായി. യഥാകാലം ബ്രഹ്മചൎയ്യത്തെ വിധിപോലെ അനുഷ്ഠിച്ചതിൽപ്പിന്നെ ആ ദാശരഥികൾ വേളികഴിച്ചു. ഇതെല്ലാം കണ്ടു ദശരഥരാജാവു സംപ്രീതി വളൎന്നു സസുഖം വാണു. മനോഹരിത്വംകൊണ്ടു് പിതാവിനു് ഉൾക്കുളിരേകുന്ന ധീമാനായ രാമൻ—ദശരഥന്റെ ആ ജ്യേഷ്ഠപുത്രൻ—പ്രജകളെ മുഴുവൻ സന്തോഷിപ്പിച്ചുകൊണ്ടു വൎത്തിച്ചു. താൻ വയോധികനായപ്പോൾ മതിമാനായ ദശരഥനു പുരോഹിതന്മാരോടും ധൎമ്മജ്ഞന്മാരായ സചിവന്മാരോടുംകൂടി ആലോചിച്ചു രാമനെ യുവരാജാവായി അഭിഷേകംചെയ്യുവാൻ തീൎമാനിച്ചു. കാലോചിതമായ കൎമ്മംതന്നേയാണ് ഇതെന്നു മന്ത്രിസത്തമന്മാർ ശരിവക്കയും ചെയ്തു. അരുണവൎണ്ണം കലൎന്ന മിഴികൾ; നീണ്ടുരുണ്ട കൈകൾ; മത്തഗജത്തെപ്പോലെ ചുററുമുള്ള വ

യേയൊന്നും വകവെക്കാതെയുള്ള ഗതി; ശത്രുക്കൾക്ക താങ്ങുവാൻ വയ്യാത്ത കൈയ്യൂക്ക്; വിരിഞ്ഞുറച്ച മാർത്തട്ട്; ഇരുണ്ടു ചുരുണ്ട മുടി—എന്നീ ലക്ഷണങ്ങൾ തികഞ്ഞ രാമൻ—ശ്രീമാൻ ഉജ്ജ്വലനും, യുദ്ധത്തിൽ ശക്രതുല്യനും, സർവ്വധർമ്മങ്ങളുടേയും കരകണ്ട വീരനും, ബൃഹസ്പതിതുല്യനായ മതിമാനും, സർവ്വപ്രജകളിലും അനുരക്തനും, സർവ്വവിദ്യകളിലും കുശലനും, ശത്രുക്കളെപ്പോലും കണ്ണും കരളും കുളിർപ്പിക്കുന്ന സുന്ദരകളേബരനും, ദുർജ്ജനങ്ങളുടെ നിയന്താവും, ധർമ്മചാരികളുടെ രക്ഷകനുമായ ആ രാമൻ ധൃതിമാനും, ജിതേന്ദ്രിയനും, അനാധൃഷ്യനും, ജേതാവും, പരാക്രാന്തനുമായി പ്രശോഭിച്ചു. കൌസല്യക്ക് ആനന്ദവർദ്ധകനായ ആ പുത്രനെ കണ്ടു ദശരഥനുണ്ടായ സംപ്രീതിക്ക് അതിരോ അളവോ ഇല്ല. വീര്യവാനും മഹാതേജസ്വിയുമായ രാമന്റെ ഈ വക ഗുണങ്ങളെല്ലാം കണ്ടിട്ട് ആ പുത്രനു യൌവരാജ്യം കൊടുക്കുന്നതിൽ ഒട്ടും വൈകിക്കുവാൻ ദശരഥനു ക്ഷമയുണ്ടായില്ല. ഒരുനാൾ രാജാവു തന്റെ പുരോഹിതനെ വിളിച്ച് അഭിഷേകത്തിനു വേണ്ടുന്ന എല്ലാ ഒരുക്കങ്ങളും അന്നുതന്നെ ചെയ്യേണമെന്ന് അറിയിച്ചു.

ദശരഥൻ—ഇന്നു രാത്രി പുഷ്യനക്ഷത്രം തുടങ്ങുകയായി. പുണ്യമായൊരു യോഗം സമീപിച്ചിരിക്കുന്നു. സംഭാരങ്ങളെല്ലാം ഉടൻ ഒരുക്കണം. രാമനെ ഇക്കാര്യം അറിയിക്കയും വേണം.

ഈ ഏർപ്പാടു മന്ഥര കേട്ടു. കാലം വൈകിക്കാ

തെ ആ സ്ത്രീ കൈകേയിയെ ചെന്നു കണ്ടു്, തന്റെ ഉദ്ദേശസിദ്ധിക്കു തക്കവണ്ണം ആ രാജ്ഞിയെ ഇളക്കിവിട്ടു.

മന്ഥരാ—ഹാ, കൈകേയി, ഭവതിയുടെ ദൌർഭാഗ്യമെത്ര! ഇന്നു രാജാവു രാജ്യമാകെ ഘോഷിച്ചുകഴിഞ്ഞു! ഘോരവിഷംകൂടിയ ക്രൂരസർപ്പം വന്നു ദുർഭഗയായ ഭവതിയെ ക്രോധത്തോടെ കടിക്കട്ടെ! അല്ലാതെ, ഈ ദുർജ്ജീവിതത്തെ എന്തിന്നാണു ഭവതി പാഴിൽ ചുമക്കുന്നതു്! കൌസല്യയാണുപോൽ ഭാഗ്യവതി! ആ രാജ്ഞിയുടെ പുത്രനെയാണുപോൽ അഭിഷേകംചെയ്യുന്നതു്! ഭവതിക്കു വല്ല സൌഭാഗ്യവുമുണ്ടോ! പിന്നെ, എങ്ങിനെയാണു ഭവതിയുടെ പുത്രൻ രാജ്യഭാക്കാകുന്നതു്!

മന്ഥരയുടെ ഈ വാക്കുകൾ കൈകേയിയുടെ മനസ്സിൽ നല്ലവണ്ണം തറച്ചു. സർവ്വാഭരണഭൂഷിതയും ഉത്തമരൂപസമ്പന്നയുമായ ആ കൃശാംഗി അപ്പോൾത്തന്നെ ചെന്നു വിജനസ്ഥലത്തുവെച്ചു രാജാവിനെ കണ്ടു. എന്നിട്ടു് ആ ചാരുഹാസിനി പുഞ്ചിരിപൂലർന്നും പ്രേമകലർന്നും മാധുര്യ്യത്തോടെ മൊഴിഞ്ഞതാവിതു്:—

"സത്യവ്രതനായ ജീവനാഥ, ഞാൻ അർത്ഥിക്കുന്ന വരത്തെ വേണ്ടുന്നകാലത്തു തന്നുകൊള്ളാമെന്നു ഭവാൻ മുമ്പു പ്രതിജ്ഞചെയ്തിട്ടുണ്ടല്ലോ. ആ പ്രതിജ്ഞപോലെ പ്രവർത്തിച്ചു് എനിക്കു് ഇപ്പോൾ വരദാനംചെയ്തു് എന്നെ സങ്കടത്തിൽനിന്നു രക്ഷിച്ചാലും."

ദശരഥൻ—ആ വരം ഇതാ ഞാൻ തന്നുകൊള്ളുന്നു. ഭവതി കാംക്ഷിക്കുന്നതേതോ അതു വരിച്ചുകൊള്ളുക.

വധിക്കരുതാത്ത എതൊരുവനെയാണു ഭവതിക്കുവേണ്ടി ഞാൻ ഇപ്പോൾ വധിക്കേണ്ടതു്? വധിക്കേണ്ടുന്ന എതൊരുവനെയാണു ഞാൻ വിട്ടയക്കേണ്ടതു്? ഭവതിയുടെ പ്രിയത്തിന്നായി ആൎക്കാണു ഞാൻ ധനം കൊടുക്കേണ്ടതു്? ആരുടെ ധനത്തെയാണു ഞാൻ കൈയേറേണ്ടതു്? ഭൂമിയുടെ രാജരാജനും, ചാതുൎവ്വൎണ്ണ്യത്തിന്റെ രക്ഷകനുമായ എനിക്കു ബ്രഹ്മസ്വമൊഴികെയുള്ള വിത്തം മുഴുവൻ ഭവതിക്കുള്ളതാണു്. എടോ, കല്യാണി, ഭവതി എന്താണു് അഭിലഷിക്കുന്നതെന്നു് എന്നോടു പറയൂ.

ഈ സത്യപ്രതിജ്ഞയാൽ തനിക്കുണ്ടായ ബലത്തെ ഗ്രഹിച്ച കൈകേയി, രാജാവിനെ ആലിംഗനം ചെയ്തിട്ടു തനിക്കു വേണ്ടുന്ന വരമേതെന്നു അറിയിച്ചു.

കൈകേയി—രാമനുവേണ്ടി ഒരുക്കിവെച്ചിട്ടുള്ള അഭിഷേകദ്രവ്യങ്ങളെല്ലാം ഭരതൻ കൈക്കൊള്ളട്ടെ. രാമൻ നാടുവിട്ടു കാട്ടുകയറട്ടെ. ഇതാണു് എനിക്കു വേണ്ടുന്ന വരം.

ദാരുണമായ ഈ അപ്രിയവചനം കേട്ടു ദുഃഖാൎത്തനായ ദശരഥൻ ഒന്നും തന്നെ മിണ്ടിയില്ല. ഇക്കാൎയ്യമറിഞ്ഞ വീൎയ്യവാനും ധൎമ്മാത്മാവുമായ രാമൻ അച്ഛന്റെ സത്യത്തെ രക്ഷിക്കുവാൻ വേണ്ടി വനവാസത്തെ സ്വയം കൈക്കൊണ്ടു. സൌമിത്രിയും ശ്രീമാനുമായ ലക്ഷ്മണനും, വൈദേഹിയും ജനകപുത്രിയുമായ സീതയും രാമനെ അനുഗമിച്ചു. രാമൻ കാട്ടിലേക്കു പോയ ഉടനെ, ദശരഥരാജാവു കാലധൎമ്മത്തെ പ്രാപിച്ചു. രാ

മൻ അകന്നുപോകയും, രാജാവു ഇനിയിങ്ങില്ലാതാകയും ചെയ്തപ്പോൾ, കൈകേയിദേവി ഭരതനെ വരുത്തി, ദശരഥരാജാവു സ്വർഗ്ഗസ്ഥനായിയെന്നും, രാമലക്ഷ്മണന്മാർ കാടുകയറിയെന്നും, ഇനി ഈ വിപുലരാജ്യത്തെ ശത്രുബാധയൊഴിഞ്ഞ നിലയിൽ സ്വയം ഗ്രഹിച്ചുകൊള്ളുകയെന്നും പറഞ്ഞു. ഇതിന്നു ആ ധർമ്മാത്മാവിന്റെ മറുവടി ഇങ്ങിനെയാണു്:—

"അയ്യോ, ഏററവും ക്രൂരമായ കർമ്മമാണല്ലൊ അമ്മ ചെയ്തതു്. ധനലോഭത്താൽ അമ്മ സ്വന്തം ഭർത്താവിനെ കൊല്ലുകയും കുലത്തെ നശിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഹാ, കുലദ്രോഹി, ഈ ദുഷ്കീർത്തി മുഴുവൻ എന്റെ തലയിലാണല്ലൊ അമ്മ വലിച്ചിട്ടതു്." ഇതൊക്കെയായിരിക്കാം എന്റെ അമ്മയുടെ കാമങ്ങൾ. എന്നാൽ, ഇനി എന്റെ അമ്മ കാമസമ്പൂർണ്ണയായി വാണുകൊള്ളട്ടേ."

ഭരതൻ കരഞ്ഞുകൊണ്ടാണു് ഇത്രയും പറഞ്ഞതു് കൈകേയിയുടെ കട്ടംകൈയിൽ താൻ പങ്കുകാരനല്ലെന്നും, താൻ എന്നും സുചരിതനാണെന്നും തന്റെ കർമ്മത്താൽ ഭരതൻ പ്രജകൾക്കു വിശ്വാസം നല്കി. ആ രാജകുമാരൻ തന്റെ ഭ്രാതാവായ രാമനെ ഉടൻ പിന്തുടർന്നുചെന്നു തിരിയെ കൂട്ടിക്കൊണ്ടുവരുവാൻ പുറപ്പെട്ടു. ആ ദുഃഖാർത്തൻ കൌസല്യ, സുമിത്ര, കൈകേയി എന്നിവരെ വാഹനങ്ങളിൽ കയററി മുമ്പിലാക്കി, ശത്രുഘ്നനോടും, വസിഷ്ഠൻ, വാമദേവൻ മുതലായ അനേകായിരം വിപ്രന്മാരോടും, പൌരജാനപദന്മാരോടുംകൂടി

രാമനെ കൂട്ടിക്കൊണ്ടുവരാനുള്ള കൊതിയോടുകൂടി കാട്ടിലേക്ക പോയി. താപസവേഷം ധരിച്ച ധനുൎദ്ധരനായ രാമനെ ലക്ഷ്മണനോടുകൂടി ചിത്രകൂടത്തിൽവെച്ച ഭരതൻ കണ്ടു. പിതൃവാക്യത്തെ അനുവൎത്തിക്കുന്നതിൽ ദൃഢവ്രതനായ രാമൻ ഭരതനെ മടക്കിയയക്കയാൽ, ആ കൈകേയീപുത്രൻ നിരാശനായി നാട്ടിൽ വന്നു രാജധാനിയിൽ കടക്കാതെ നന്ദിഗ്രാമത്തിൽ പാൎത്തുകൊണ്ടു രാമൻെറ മെതിയടികളെ പുരസ്കരിച്ചു രാജ്യത്തെ ഭരിച്ചു. രാമനാകട്ടെ, പൌരന്മാരും ജാനപദന്മാരും ഇനിയും വന്ന് അലട്ടുമെന്നു ശങ്കിച്ചു ശരഭംഗാശ്രമത്തെ നോക്കിക്കൊണ്ടു കൊടുംകാട്ടിലേക്ക പോയി. അവിടെ ചെന്നു ശരഭംഗനെ സല്ക്കരിച്ച് ആവഴിക്ക രാമലക്ഷ്മണന്മാർ ദണ്ഡകാരണ്യത്തെ പ്രാപിച്ച്, രമണീയമായ ഗോദാവരീതീരത്തു പാൎപ്പുറപ്പിച്ചു. അവിടെ വാഴുന്ന കാലത്തു, ശൂൎപ്പണഖയുടെ ഹേതുവാൽ, ജനസ്ഥാനത്തിൽ നിവസിക്കുന്ന ഖരനോടു രാമനു മഹത്തായ വൈരമുണ്ടായി. അതുകൊണ്ടു, ധൎമ്മവത്സലനായ രാഘവൻ താപസന്മാരുടെ രക്ഷക്കായി പതിനാലായിരം രാക്ഷസന്മാരെ യുദ്ധത്തിൽ കൊന്നൊടുക്കി. ഏററവും മഹാബലന്മാരായ ഖരദൂഷണന്മാരെ വധിച്ച ധീമാനായ രാമൻ ആ ധൎമ്മാരണ്യത്തിൽ ക്ഷേമം ചെയ്തു. ജനസ്ഥാനത്തിലെ രാക്ഷസന്മാർ ഹതരായപ്പോൾ, ചുണ്ടും മൂക്കും മുറിഞ്ഞ ശൂൎപ്പണഖ തൻെറ ഭ്രാതാവിനെ കാണ്മാൻ ലങ്കയിലേക്ക് പോയി. മുഖമാകെ ഉണങ്ങിപ്പിടിച്ച ചോരയോടുകൂടിയ ആ രാക്ഷസി രാവണനെ കണ്ടു

ദുഃഖമൂർഛിതയായി ആ ഭ്രാതാവിൻെറ കാല്ക്കൽ വീണു. അവളെ അങ്ങിനെ വികൃതയായി കണ്ടിട്ടു രാവണൻ ക്രോധത്താൽ മതിമറന്നുപോയി. ഇരുന്നേടത്തുനിന്നു ചാടിയെഴുന്നേററു പല്ലുകൾ തമ്മിൽ ഇറുമ്മിക്കൊണ്ടു, തൻെറ അമാത്യന്മാരെയെല്ലാം അയച്ചു വിജനസ്ഥലത്തു ചെന്നു്, ക്രുദ്ധനായ രാവണൻ ശൂൎപ്പണഖയോടു് കാൎയ്യമെന്തെന്നു ചോദിച്ചു.

രാവണൻ—ഭദ്രേ, എന്നെക്കുറിച്ചു് ഓൎക്കാതേയും എന്നെ അവമാനിച്ചുംകൊണ്ടു് ആരാണു് ഇങ്ങിനെ ചെയ്തതു്? തൻെറ ദേഹത്തെ മുഴുവൻ തീക്ഷ്ണശൂലത്തിന്മേൽ കോൎത്തുകൊണ്ടു വാഴുന്ന ആരാണവൻ? തലയിൽ തീയെരിച്ചിട്ടു വിശ്വാസത്തോടേ സസുഖം കിടക്കുന്ന അവനാരാണു്? ഘോരസൎപ്പത്തെ ആരാണു ചവിട്ടിയതു്? മൃഗരാജാവായ സിംഹത്തിൻെറ കൂൎത്ത തേററകളിൽ ആരാണു തൊട്ടു നില്ക്കുന്നതു്?

ഇങ്ങിനെ ഗൎജ്ജിക്കുന്ന ആ ദശഗ്രീവൻെറ നാസാദി നവദ്വാരങ്ങളിൽനിന്നു്, രാത്രിയിൽ കത്തിയെരിയുന്ന വൃക്ഷത്തിൻെറ പോടുകളിൽനിന്നെന്നപോലെ, അഗ്നിജ്വാലകൾ പുറപ്പെട്ടു. രാവണനോടു്, ആ രാക്ഷസൻെറ ഭഗിനിയായ ആ ശൂൎപ്പണഖ, രാമപരാക്രമം, ഖരദൂഷണപരാഭവം, രക്ഷോഗണനാശം എന്നിവ മുഴുവൻ വിസ്തരിച്ചു പറഞ്ഞു. അതെല്ലാം കേട്ടു്, മേലിൽ ചെയ്യേണ്ടുന്നതു് ഇന്നതെന്നു നിശ്ചയിച്ചു സഹോദരിയെ സമാശ്വസിപ്പിച്ചു്, നഗരരക്ഷക്കായി വേണ്ടുന്ന ഏൎപ്പാടുകളെല്ലാം ചെയ്തു രാവണൻ മേല്പോട്ടുയൎന്നു. ത്രികൂട

ത്തേയും കാലപവ്വതത്തേയും കടന്നു്, തിമിംഗലങ്ങളാൽ നിറഞ്ഞ ഗംഭീരമായ മഹാസമുദ്രത്തെ അതിക്രമിച്ച് ആ ദശാനനൻ ഗോകൎണ്ണത്തിൽ ചെന്നു. അവ്യാകുലമായ ആ പ്രദേശം മഹാത്മാവായ ശൂലപാണിയുടെ പ്രിയസ്ഥാനമാണു്. അവിടെ തന്റെ പൂവ്വമന്ത്രിയായ മാരീചൻ മുമ്പുണ്ടായ രാമഭയത്താൽ തപോവൃത്തിയെ അംഗീകരിച്ചുകൊണ്ടു വാഴുന്നതു രാവണൻ കണ്ടു. മാരീചനാവട്ടെ, രാവണൻ വന്നതു കണ്ടു സംഭ്രമിക്കയും, ആ രാക്ഷസേശ്വരനെ ഫലമൂലാദികളെക്കൊണ്ടു സൽകരിച്ചു പൂജിച്ചു വിശ്രമിപ്പിക്കയും ചെയ്തു. അനന്തരം, ആ വാക്യകോവിദനായ ദശമുഖനോടു വാക്യജ്ഞനായ മാരീചൻ അത്ഥപൂൎണ്ണമായി ആഗമനകാൎയ്യം അന്വേഷിച്ചു.

മാരീചൻ—പ്രജാഹിതംപോലെ തന്നെയല്ലയോ ഭവാൻ വത്തിക്കുന്നതു്? ഭവാന്റെ രാജ്യത്തു സവ്വത്ര ക്ഷേമമല്ലയോ? മുമ്പിലത്തേപ്പോലെതന്നെ മന്ത്രിമാർ മുതലായ എല്ലാവരും ഭവാനെ ഇപ്പോഴും സേവിച്ചുവരുന്നില്ലയോ? രാക്ഷസേശ്വരനായ ഭവാൻ എന്തു കാൎയ്യത്തിന്നായിട്ടാണു് ഇപ്പോൾ ഇങ്ങോട്ടു വന്നിരിക്കുന്നതു്? അക്കാൎയ്യം എത്ര ദുഷ്കരമായതൊന്നായിരുന്നാലും, അതു് ഇതാ നിവ്വഹിച്ചുകഴിഞ്ഞുവെന്നു ഭവാൻ ധരിച്ചാലും!

ക്രോധാന്വിതനും അമഷപൂൎണ്ണനുമായ രാവണൻ രാമചേഷ്ടിതത്തേയും, മറ്റു കാൎയ്യങ്ങളേയും മാരീചനോടു ചുരുക്കത്തിൽപ്പറഞ്ഞു. അതിന്നു മാരീചൻ കൊടുത്ത മറുപടിയും ചുരുക്കത്തിൽത്തന്നേയാണു്:—

"അരുത! രാമനോടു ഭവാൻ എതിക്കരുതേ! രാമനുള്ള വീര്യം ഞാൻ അറിയും. ആ മഹാത്മാവിൻെറ ബാണവേഗത്തെ ആരാണു താങ്ങുവാൻ ശക്തൻ! ആ പുരുഷശ്രേഷ്ഠനാണ് എൻെറ ഈ സംന്യാസത്തിന്നു ഹേതുഭൂതൻ. ഏതൊരു ദുരാത്മാവാണു ഭവാനെ ഈ വിനാശമാർഗ്ഗത്തിൽ തള്ളിവിട്ടതു്?"

മാരീചൻെറ ഈ ഹിതോപദേശത്തെ ക്രുദ്ധനായ രാവണൻ നിന്ദിക്കയാണുചെയ്തതു്. "എൻെറ വാക്കുപോലെ നീ പ്രവർത്തിക്കാതിരുന്നാൽ, ഇപ്പോൾതന്നെ നിശ്ചയമായും നിനക്കു മരണം ഭവിക്കും" എന്നു രാവണൻ തീർത്തുപറഞ്ഞു. ഇനി വേണ്ടുന്നതെന്തെന്നു മാരീചൻ ചിന്തിച്ചുനോക്കി. മരണം ഇപ്പോൾ തീർച്ചയായും ഭവിക്കുമെന്നാണെങ്കിൽ, ശത്രുവിൽനിന്നു മരണത്തെ വരിക്കുന്നതു ശ്രേഷ്ഠമാകയാൽ, രാവണൻെറ മതംപോലെ പ്രവർത്തിച്ചേക്കാമെന്നു മാരീചൻ തീരുമാനിച്ചു.

മാരീചൻ—ഭവാന്നു് എന്നേക്കൊണ്ടു് എന്തു സഹായമാണു വേണ്ടതു്? ഞാൻ പരാധീനനാകയാൽ, വിസമ്മതത്തോടുകൂടിയെങ്കിലും അതു ചെയ്യേക്കാം.

രാവണൻ—രത്നമയമായ കൊമ്പുകളോടും രത്നവിചിത്രമായ രോമങ്ങളോടുംകൂടിയ പൊന്മാനായി ഭവാൻ ചെന്നു സീതയെ മയക്കണം. ഇങ്ങിനെയുള്ള മാനിനെ സീത കാണുമ്പോൾ, അതിനെ പിടിച്ചു കൊണ്ടുവരുവാൻ രാമനെ അയക്കാതിരിക്കയില്ല. രാമൻ അകന്നുപോയാൽ, ആ സീത എനിക്കു വശ്യയായി

വരും. ഞാൻ അവളെ എടുത്തു ലങ്കയിലേക്കു കൊണ്ടുപോകും. ഭാൎയ്യാവിയോഗത്താൽതന്നെ ആ ദുർബ്ബുദ്ധിയായ രാമൻ നശിച്ചുപോകയും ചെയ്യും.

മാരീചൻ തന്നെത്താൻ മരണത്തെ വരിച്ചുകൊണ്ടു്, മുമ്പിൽ നടക്കുന്ന രാവണനെ ഏററവും ദുഃഖിതനായി പിന്തുടൎന്നു. അവർ, ഏതു മഹാകൎമ്മവും ആയാസം കൂടാതെ അനുഷ്ഠിക്കുവാൻ കഴിവുള്ള രഘുവീരനായ രാമന്റെ ആശ്രമപ്രദേശത്തു ചെന്നു്, മുൻകൂട്ടി നിശ്ചയിച്ചതുപോലെയെല്ലാം പ്രവൎത്തിച്ചു. രാവണൻ മുണ്ഡനം, ദണ്ഡകമണ്ഡലുധാരിയുമായ യതിയായും, മാരീചൻ മൃഗമായും അവിടെ പ്രവേശിച്ചു. മൃഗരൂപധാരിയായ മാരീചനെ കണ്ടു വൈദേഹി, വിധിയോഗത്താൽ ആ മൃഗത്തെ പിടിക്കുവാൻ രാമനെ പ്രേരിപ്പിച്ചു. തന്റെ പത്നിക്കു പ്രിയം ചെയ്യുവാൻ വേണ്ടി രാഘവൻ ഉടൻ തന്നേ വില്ലെന്തികൊണ്ടു് ആ മൃഗത്തെ പിടിക്കുവാൻ നടകൊണ്ടു; അങ്ങിനെ ചെല്ലുമ്പോൾ, സീതയേ രക്ഷിക്കേണ്ട ഭാരം ലക്ഷ്മണനേ ഏല്പിച്ചു. കൈവിരലുകളിൽ ഉടുമ്പിന്തോലുറയിട്ടു്, ആവനാഴിയും വില്ലും വാളുമെടുത്തു് രാമൻ മൃഗത്തെ പിന്തുടൎന്നുകൊണ്ടു് ഓടിച്ചെന്നു. ഇടയ്ക്കിടേ മറഞ്ഞുപോയും ഇടയ്ക്കിടെ കാണായിവന്നുംകൊണ്ടു് ആ രാക്ഷസൻ രാമനേ വളരെ ദൂരെ കൊണ്ടുപോയി. ഒടുവിൽ, താൻ പിന്തുടരുന്ന ഈ മൃഗം രാക്ഷസമായയാണെന്നു രാമൻ അറിഞ്ഞു. പ്രതിഭകൂടിയ രാഘവൻ സത്യം ഗ്രഹിച്ചുഉടനേ അമോഘമായ ശരമെടുത്തു് ആ മൃഗരൂപിയിൽ പ്രയോഗിച്ചു. രാമ

ബാണത്താൽ മെയ് പിളൎന്ന മാരീചൻ രാമൻെറ സ്വരത്തിൽ "ഹാ, സീതേ, ഹാ, ലക്ഷ്മണ!" എന്നു് ആൎത്തനാദത്തിൽ ഉറക്കെ വിളിച്ചു. ആ കരുണമായ ഭൎത്തൃസ്വരം കേട്ടു്, ആ ശബ്ദം പുറപ്പെട്ട ദിക്ക നോക്കിക്കൊണ്ടു വൈദേഹി ഓടുവാൻ തുടങ്ങി. അപ്പോറം, അരുതരുതെന്നു ലക്ഷ്മണൻ തടുത്തു.

"ഭവതി ഭീരുത്വംകൊണ്ടു് ഒട്ടും സംശയിക്കരുതു്. രാമനേ പ്രഹരിക്കുവാൻ ഇന്നു് ആരുണ്ടു്? ഭൎത്താവായ രാമനെ ശുചിസ്മിതയായ ഭവതി ഈ മുഹൂൎത്തത്തിൽത്തന്നെ വന്നുകാണും."

തൻെറ ഗതിയേ ലക്ഷ്മണൻ തടുത്തതു കണ്ടപ്പോറം, കരഞ്ഞുകൊണ്ടു നില്ക്കുന്ന സീതയ്ക്കു് ആ സൌമിത്രിയിൽ ശങ്കയാണുണ്ടായതു്. സാധ്വിയും, പതിവ്രതയും ചാരിത്രഭൂഷണയുമായ ജാനകി, സ്ത്രീസഹജമായ സ്വഭാവത്താൽ മനസ്സുകെടുകയാൽ ലക്ഷ്മണനോടു പരുഷവാക്കുകറം പറഞ്ഞു.

സീത—എട, മൂഢ, നിഗൂഢമായി ഉള്ളിൽ കരുതുന്ന ഈ കാമം ഒരിക്കലും ഫലിക്കയില്ല. ഞാൻ തന്നേ ആയുധമെടുത്തു തന്നെത്താൻ വെട്ടി മരിക്കും. അഥവാ, ഗിരിശൃംഗത്തിൽനിന്നു ചാടുകയോ, അഗ്നിയിൽ വീഴുകയോ ചെയ്തു ഞാൻ ആത്മഹത്യ ചെയ്യും. ഭൎത്താവായ രാമനെ വെടിഞ്ഞു്, നീചനായ നിന്നെ ഞാൻ കൈക്കൊള്ളുകയെന്നതു് എന്നെങ്കിലും ഉണ്ടാകുന്ന കാൎയ്യമാണോ? പെൺപുലി ചെന്നു കുറുക്കനേ വരിക്കുമോ!

ഈ പരുഷവാക്കുകൾ തുടന്നു കേൾക്കുവാൻ ലക്ഷ്മണൻ നിന്നില്ല. ആ സുവ്രതൻ ചെവികൾ അടച്ചു പിടിച്ചുകൊണ്ടു രാമനെ അന്വേഷിച്ച് ഉടൻതന്നെ പോയി. സീതയേ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ, രാമന്റെ കാലടിപ്പഴുതുകളേ പിന്തുടന്നുകൊണ്ടു നടന്നു് ആ വില്ലാളി കാട്ടിന്നുള്ളിൽ മറഞ്ഞു. ഈ സന്ദർഭത്തിൽ രാവണൻ അവിടെ വെളിപ്പെട്ടു. ചാമ്പലാൽ മൂടിയ തീയെന്നപോലെ കപടമായി, യതിവേഷം ധരിച്ചു ശിഷ്ടരൂപനായിത്തീന്ന ആ ദുഷ്ടനായ രാവണൻ രാമപത്നിയായ സീതയെ അപഹരിക്കുവാൻവേണ്ടി ആ അനിന്ദിതയുടെ മുമ്പിൽ ചെന്നു. ധർമ്മജ്ഞയായ ജാനകി ആ മുനിയെ കണ്ടു ആതിഥ്യത്തിന്നായി ക്ഷണിച്ചു ഫലമൂലാദികളെക്കൊണ്ടു സൽകരിച്ചു. അതെല്ലാം നിരാകരിച്ച്, സ്വന്തം രൂപത്തേ കാണിച്ചുകൊടുത്തിട്ട്, രാവണൻ വൈദേഹിയെ പാട്ടിലാക്കുവാൻ ശ്രമിക്കയാണുണ്ടായതു്.

രാവണൻ— എടോ, സീതേ, രാവണനെന്നു വിശ്രുതനായ രാക്ഷസരാജാവാണു ഞാൻ. എന്റെ രാജധാനി വങ്കടലിന്റെ അക്കരേയുള്ള ലങ്കാപുരിയിലാണ്. എന്നോടു ചേന്നു് അവിടെ ഭവതിക്കു മാനുഷീജനമദ്ധ്യത്തിൽ പരിശോഭിക്കാം. തുംഗനിതംബിനിയായ ഭവതി ആ താപസനായ രാഘവനേ വെടിഞ്ഞു് എന്റെ ഭാർയ്യയായി വരൂ.

രാവണൻ ഈ രീതിയിൽ തുടന്നുപറഞ്ഞുതുടങ്ങിയപ്പോൾ, അത്ഭുതഭൂതെന്ന സുന്ദരാംഗിയായ ജാനകി തടുത്തു.

സീത—നക്ഷത്രങ്ങളോടുകൂടി ആകാശം വിണുപോയാലും, ഭൂമി ഉടഞ്ഞു പൊടിഞ്ഞാലും, അഗ്നി ശീതളമായിത്തീൎന്നാലും ഞാൻ രാഘവനേ വെടിയുകയെന്നതു സംഭാവ്യമല്ല. ഗണ്ഡസ്ഥലത്തിൽനിന്നു മദജലം സ്രവിക്കുന്ന കാട്ടാനത്തലവനേ പരിത്യജിച്ചിട്ടു പിടിയാന ചെന്നു് ഒരു പന്നിയേ വേൾക്കുകയെന്നതു സംഭാവ്യമാണോ! മാധ്വീകമദ്യവും മധുമാധവീമദ്യവും സേവിച്ചു ശീലിച്ചിട്ടുള്ളവൾ വെറും കഞ്ഞാവിൽ കൊതിക്കുമെന്നു് എങ്ങിനേയാണു വിചാരിക്കേണ്ടതു്!

ഇത്രയുമല്ലാതെ, പിന്നീടൊന്നും പറയുവാൻ നില്ക്കാതെ ആ ജനകനന്ദിനി ക്രോധത്താൽ ചുണ്ടുകൾ വിറച്ചും, വീണ്ടും വീണ്ടും കൈകടഞ്ഞുംകൊണ്ടു് ആശ്രമത്തിനുള്ളിലേക്കു നടന്നു. ഉടനേ രാവണൻ എതിരെ തടുത്തു ചെന്നു്, മനസ്സു തകരുമാറു രൂക്ഷസ്വരത്തിൽ ശകാരിച്ചു്, തലമുടിയിൽ ചുററിപ്പിടിച്ചു, വൈദേഹിയേ വലിച്ചുകൊണ്ടു മേല്പോട്ടുയൎന്നു. അപ്പോൾ ആ പാവം രാമനേ വിളിച്ചു വാവിട്ടു കരഞ്ഞുതുടങ്ങി. ഈ ശബ്ദംകേട്ടു ജടായു മേല്പോട്ടു നോക്കിയപ്പോൾ സീതയെ രാവണൻ അപഹരിച്ചു കൊണ്ടുപോകുന്നതു കണ്ടു. അരുണന്റെ പുത്രനും, ദശരഥന്റെ സഖാവും, സമ്പാതിയുടെ സോദരനുമാണു ഗൃദ്ധ്രരാജാവായ ജടായു. മൈത്രിവഴിക്കു തന്റെ സ്നുഷയായ സീതയെ രാവണൻ മടിയിൽവെച്ചു പറന്നുപോകുന്നതു് ആ മഹാവീരൻ കണ്ടു ക്രോധത്തോടെ രാക്ഷസേശ്വരനോടു പറഞ്ഞതെറു·

"എട, രാക്ഷസ, വിടു, വിടു; സീതയെ വിടു. ഞാൻ ജീവിച്ചിരിക്കവേ, മൈഥിലിയെ നിനക്ക് അപഹരിക്കുവാൻ കഴികയില്ല. നീ ജാനകിയെ വിടാതിരുന്നാൽ, നിന്നെ ഞാൻ ജീവനോടെ വിട്ടയക്കയില്ല."

രാവണൻ ഈ പൊർവിളിയെ വകവെച്ചില്ല. അപ്പോൾ ജടായു ആ രാക്ഷസനെ എതിൎത്തു തീക്ഷ്ണനഖങ്ങൾകൊണ്ടു മാന്തിയും, കൊക്കുകൊണ്ടും ചിറകുകൾകൊണ്ടും കൊത്തിയും അടിച്ചും കലശലായി മുറിപ്പെടുത്തി. മലയിൽനിന്നു ചോലകളെന്നപോലെ രാവണന്റെ ശരീരത്തിൽനിന്നു് ആകമാനം ചോരയൊഴുകിത്തുടങ്ങി. രാമന്നു ഹിതവും പ്രിയവും ചെയ്യുവാൻവേണ്ടി ആ കഴുപ്പെരുമാൾ ഇടഞ്ഞുവന്നു തന്നെ ഇങ്ങിനെ പ്രഹരിക്കുകയാൽ രാവണൻ വാളൂരിയെടുത്തു് ജടായുവിന്റെ ഇരുചിറകുകളും മുറിച്ചുതള്ളി. ഛിന്നമായ പൎവ്വതശിഖരംപോലെ അറ്റു വമ്പിച്ച ആ പക്ഷീന്ദ്രനെ ഇങ്ങിനെ കൊന്നതിൽപ്പിന്നെ, രാവണൻ സീതയെ മടിയിൽ വെച്ചുകൊണ്ടു വീണ്ടും മേല്പോട്ടുയൎന്നു പറന്നു. മാൎഗ്ഗമദ്ധ്യേ, പൊയ്കയൊ, പുഴയൊ, ആശ്രമമോ കാണുന്നേടത്തൊക്കെയും ജാനകി തന്റെ ആഭരണങ്ങളിൽ ഓരോ ഭാഗം ഇട്ടുകൊടുക്കുകയുണ്ടായി. ഒരു പൎവ്വതശിഖരത്തിന്മേൽ അഞ്ചു വാനരപ്രവരന്മാർ സ്ഥിതിചെയ്യുന്നതു കണ്ടു് ആ മനസ്വിനി തന്റെ ദിവ്യമഹാവസ്ത്രത്തെ അവൎക്കിടയിലായി ഇട്ടു. ആ മഞ്ഞപ്പുടവ കാറ്റിൽ പറന്നുവന്നു്, മേഘങ്ങൾക്കിടയിൽ മിന്നലെന്നപോലെ, ആ അഞ്ചു വാനരേന്ദ്രന്മാൎക്കിട

യിൽ വീണുകിടക്കുന്നതു കാണുമായിവന്നു. രാവണനാ വട്ടെ, പക്ഷിയെന്നപോലെ അതിശീഘ്രം പറന്നു സീത യോടുകൂടി ലങ്കയിൽ ചെന്നുചേൎന്നു. രമണീയമന്ദിരങ്ങളാൽ സംഘടിതമായും ചുററും മതിലുകൾ, വേലികൾ എന്നിവയാൽ ദുൎഗ്ഗമമായും വിശ്വകൎമ്മാവിനാൽ മനോഹരമായി നിൎമ്മിതമായിട്ടുള്ള ലങ്കാപുരത്തിൽ ആ രാക്ഷസേന്ദ്രൻ ആ രാഘവപത്നിയെ ബലാൽ പ്രവേശിപ്പിക്കതന്നെ ചെയ്തു.

രാമായണം: മൂന്നാം ഖണ്ഡം.

സീതയെ രാവണൻ ഹരിച്ചുകൊണ്ടു പോയതിൽ പ്പിന്നേ, രാമൻ ആ മഹാമൃഗത്തെ കൊന്നു് ആശ്രമത്തിലേക്കു തിരിച്ചു. മാൎഗ്ഗമദ്ധ്യേ, ഭ്രാതാവായ ലക്ഷ്മണനെ കണ്ടു്, “രാക്ഷസന്മാർ നിറഞ്ഞ ഈ കൊടുംകാട്ടിൽ വൈദേഹിയെ തനിയെ വിട്ടു നീ എന്തിനാണു് ഇങ്ങോട്ടു പോന്നതു്?” എന്നു ചോദിച്ചു ലക്ഷ്മണന്റെ ആ കൃത്യത്തേ രാമൻ ആക്ഷേപിച്ചു. മൃഗരൂപം ധരിച്ചുവന്ന രാക്ഷസനാൽ താൻ ആശ്രമത്തിൽനിന്നു് അകന്നതും, ലക്ഷ്മണൻ സീതയേ തനിയെ വിട്ടുവന്നതും ചിന്തിച്ചു രാമൻ അത്യന്തം പരിതപ്തനായി.

“ഹാ, വൈദേഹി ആപത്തൊന്നും ചേരാതെ ജീവിക്കുന്നുണ്ടായിരിക്കുമോ! അവളേ ഇനി ഞാൻ കാണുകയില്ലയോ!”

ഇങ്ങിനെ സന്തപിക്കയും ലക്ഷ്മണനേ ആക്ഷേപി

ക്കയും ചെയ്തുകൊണ്ടു രാഘവൻ ആശ്രമത്തിലേക്കു സത്വരം നടന്നു. താനും സീതയും തമ്മിലുണ്ടായ സംഭാഷണവും, തന്നോടു് ഒടുവിൽ സീത പറഞ്ഞ ആ ചേരാത്ത വാക്കുകളും ലക്ഷ്മണൻ രാമനെ ഗ്രഹിപ്പിക്കാതിരുന്നില്ല. എരിയുന്ന കരളോടുകൂടിയാണു രാമൻ ആശ്രമപ്രദേശത്തെത്തിയതു്. അപ്പോൾ അവിടെ, രാവണനാൽ ചിറകറു ചാവാറായിക്കിടക്കുന്ന പർവ്വതതുല്യനായ ജടായുവെ കണ്ടു്, ആ കിടക്കുന്നതു രാക്ഷസനാണെന്നു ശങ്കിച്ചു രാമൻ ഊക്കോടേ വില്ലു വലിച്ചു ലക്ഷ്മണനോടുകൂടി ആ സത്വത്തിന്റെ നേരെ പാഞ്ഞുചെന്നു. ഇങ്ങടുക്കുന്ന രാമലക്ഷ്മണന്മാരോടു "നിങ്ങൾക്കു ശുഭം ഭവിക്കട്ടെ" എന്നു് ആശംസിച്ചു. "ഞാൻ ദശരഥസഖാവായ ഗൃദ്ധ്രരാജാവാണു" എന്നു് ആ തേജസ്വിയായ ജടായു പറഞ്ഞു. തങ്ങളുടെ അച്ഛന്റെ പേർ പറഞ്ഞ ഈ സത്വം ആരായിരിക്കാം എന്നു ശങ്കിച്ചുകൊണ്ടു് അവർ വില്ലു പിൻവലിച്ചു് അരികെ ചെന്നു നോക്കിയപ്പോൾ, ഇരുചിറകുകളും അററുപോയ ഒരു പക്ഷിയാണു കിടക്കുന്നതെന്നു കണ്ടു. സീതക്കുവേണ്ടി രാവണനാൽ ഞാൻ ഇങ്ങിനെ ഹതനായി എന്നു പറയുവാൻ മാത്രമേ മരണഗ്രസ്തനായ ജടായുവിന്നു കഴിഞ്ഞുള്ളു. രാവണൻ ഏതു ദിക്കിലേക്കാണു പോയതു്? എന്നു രാമൻ ചെയ്ത ചോദ്യത്തിന്നു ജടായു ഒന്നു തലയിളക്കുകമാത്രം ചെയ്തു. അതോടുകൂടി ആ ഗൃദ്ധ്രരാജാവു കഥാവശേഷനായി. പക്ഷീന്ദ്രന്റെ ഇംഗിതംകൊണ്ടു് രാവണൻ തെക്കോട്ടാണു പോയിരിക്കുന്നതെന്നു രാമൻ ഗ്രഹിച്ചു.

ആ പിതൃസഖാവിനെ പൂജിച്ചു മറവുചെയ്തതിൽപ്പിന്നെ, അവർ, ഉപകരണങ്ങളെല്ലാം ചിന്നിച്ചിതറിക്കിടക്കുന്ന ആശ്രമത്തിൽ പ്രവേശിച്ചു. കുടങ്ങളുടഞ്ഞും, കുറുക്കന്മാർ ചുഴന്നും ആ ആശ്രമപദം ശൂന്യമായിക്കിടക്കുന്നു. വൈദേഹിവിയോഗത്താൽ ഘോരശോകാർത്തന്മാരായ അവർ ദണ്ഡകാരണ്യത്തിൽനിന്നു തെക്കോട്ടായി നടന്നു പോയി. ആ മഹാരണ്യത്തിൽക്കൂടി ആ പരന്തപന്മാർ സഞ്ചരിക്കുമ്പോൾ, ഒരിടത്തു്, മൃഗസംഘങ്ങൾ നാലു പാടും ഓടുന്നതു കാണുകയും, എരിഞ്ഞുപരന്ന കാട്ടുതീയാലെന്നപോലെ വനജന്തുക്കൾ ഘോരശബ്ദം പുറപ്പെടുവിക്കുന്നതു കേൾക്കുകയും ചെയ്തു. ഉടൻതന്നെ, മാർത്തട്ടിൽ പട്ടമിഴികളും, പെരുംവയറിൽ പെരുംവായയും ചേർന്നു്, മേഘപർവ്വതതുല്യനായി, ഘോരദർശനനായി മഹാകായനായ കബന്ധനെ അവിടെ കാണായിവന്നു. പെട്ടെന്നു് ആ രാക്ഷസൻ പാഞ്ഞുവന്നു ലക്ഷ്മണനെ പിടികൂടി. തന്നെ രാക്ഷസൻ പിടിച്ചു്, അവന്റെ വായയിലേക്കു വലിച്ചുതുടങ്ങിയപ്പോൾ ദുഃഖിതനായ സൌമിത്രി ദീനനായി രാമനെ നോക്കി.

ലക്ഷ്മണൻ—ഹാ, എന്റെ അവസ്ഥ ഇതാ, ജ്യേഷ്ഠ! നിനെയായി! രാജ്യഭ്രംശം, താതമരണം, ദേവീഹരണം എന്നീ കഷ്ടപ്പാടുകൾക്കു പുറമെ എനിക്കു് ഈ ആപത്തും നേരിട്ടു. വൈദേഹിയോടുകൂടി ഭവാൻ അയോദ്ധ്യയിൽചെന്നു പിതൃപൈതാമഹമായ രാജ്യത്തെ ഭരിക്കുന്നതു് എനിക്കു് കാണുവാൻ യോഗമില്ല. അഭിഷേകകാലത്തു്, കാറകന്ന തിങ്കൾപോലെ

പരിലസിക്കുന്ന ഭവാന്റെ മുഖം ധന്യന്മാൎക്കല്ലാതെ എന്നെപ്പോലെയുള്ള ദുൎഭഗന്മാൎക്കു കാണുവാൻ കഴിയുമോ!

ഈവണ്ണം പലതും പറഞ്ഞു വിലപിക്കുന്ന ലക്ഷ്മണനെ, ഏതു വിപത്തിലും മനസ്സിളകാത്ത രാമൻ സാന്ത്വനം ചെയ്തു ധൈൎയ്യപ്പെടുത്തി.

രാമൻ—എടോ, നരവ്യാഘ്രനായ ലക്ഷ്മണ, നീ ഒട്ടും വിഷാദിക്കേണ്ട. ഞാനുള്ളപ്പോൾ ഈ രാക്ഷസൻ ജീവിക്കയില്ല. ഇവന്റെ വലതുകൈ നീ ഉടൻ ഛേദിക്കുക. ഞാൻ ഇതാ ഇവന്റെ ഇടതുകൈ മുറിച്ചുകഴിഞ്ഞു.

അങ്ങിനെതന്നെ രാമൻ ചെയ്തു. ആ കബന്ധന്റെ ഇടതുകൈ, ഏറ്റവും മൂൎച്ചകൂടിയ വാൾകൊണ്ടു് എള്ളിൻതണ്ടെന്നപോലെ രാമൻ മുറിച്ചുതള്ളി. രാമൻപറഞ്ഞതുപോലെ ലക്ഷ്മണൻ ആ രാക്ഷസന്റെ വലതുകൈ തന്റെ കൈവാളാൽ ഛേദിച്ചു. എന്നിട്ടു്, തന്റെ അരികേ നില്ക്കുന്ന രാമനെ നോക്കി, ആ കബന്ധന്റെ വള്ളയിൽ സൌമിത്രിതന്നെ ഊക്കോടെ ഒരു വെട്ടു കൊടുത്തു. അതോടുകൂടി ആ പെരുംകൂറ്റനായ രാക്ഷസൻ ചത്തു വീണു. ഉടനെ അവന്റെ ദേഹത്തിൽനിന്നു ദിവ്യദൎശനനായ ഒരു പുരുഷൻ ആവിൎഭവിച്ചു് ആകാശത്തിലേക്കുയൎന്നു് അവിടെ സൂൎയ്യനെന്നപോലെ ജ്വലിച്ചുകൊണ്ടു നില്ക്കുന്നതു കാണായിവന്നു.

രാമൻ—ഭവാൻ ആരെന്നു, ഇഷ്ടമുണ്ടെങ്കിൽ, പറഞ്ഞാൽ കൊള്ളാം. ഈ സംഭവം വളരെ വിചിത്രവും ആ

ശ്ചര്യവുമായിട്ടാണ് എനിക്കു തോന്നുന്നതു്.

ആ ദിവ്യപുരുഷൻ പറഞ്ഞു—രാജാവേ, ഗന്ധർവ്വനായ വിശ്വാവസുവാണു ഞാൻ. വിപ്രശാപത്താൽ എനിക്ക് ഇങ്ങിനെ രാക്ഷസനായി ജനിക്കേണ്ടിവന്നു. ലങ്കാവാസിയായ രാവണരാജാവാണു സീതയേ ഹരിച്ചിരിക്കുന്നതു്. ഈ വഴിക്കുതന്നെ ചെന്നു നിങ്ങൾ സുഗ്രീവനേ കാണുവിൻ. ആ വാനരേന്ദ്രൻ നിങ്ങളെ സഹായിക്കും. ഹംസം, കാരണ്ഡവം മുതലായ ജലപക്ഷികളാൽ ആകുലമായി, ശുഭജലത്താൽ സമ്പൂർണ്ണമായി, ഋശ്യമൂകപർവ്വതത്തിന്റെ അരികേയുള്ള പമ്പാസരസ്സിൻകരയിൽ നാലു സചിവന്മാരോടുകൂടി സുഗ്രീവൻ വാഴുന്നുണ്ടു്. സ്വർണ്ണമാലാഭൂഷണനും വാനരേന്ദ്രനുമായ ബാലിയുടെ സഹോദരനാണ് സുഗ്രീവൻ. ആ കപിപ്രവരനെ കണ്ടു് ഇന്നിങ്ങിച്ചുനിന്നു നിങ്ങളുടെ ദുഃഖഹേതു അറിയിക്കണം. ശീലഗുണംകൊണ്ടു നിങ്ങളോടു തുല്യനായ സുഗ്രീവൻ നിങ്ങൾക്കു സഹായം ചെയ്യും. രാവണന്റെ ആലയം ആ വാനരരാജാവിന്നറിയാം. എനിക്ക് ഇത്രമാത്രമേ പറയുവാനുള്ളൂ. ഭവാൻ ജാനകിയെ കാണും.

അനന്തരം ആ മഹാപ്രഭനായ ദിവ്യപുരുഷൻ അന്തർദ്ധാനംചെയ്തു. ഇതെല്ലാം കണ്ടും കേട്ടും പ്രവീരന്മാരായ ആ രാമലക്ഷ്മണന്മാർ ഏററവും വിസ്മിതരായി. അവർ അവിടെനിന്നു പുറപ്പെട്ടു സീതാപഹരണത്താൽ ദുഃഖാർത്തന്മാരായി നടന്നുകൊണ്ടു്, ആമ്പലും താമരയും തിങ്ങിനിറഞ്ഞ പമ്പാസരസ്സിന്നരികേ

എത്തി. അമൃതോലുന്ന കുളിർനറുംതെന്നൽ ആ കാട്ടി ലെങ്ങും വീശിക്കൊണ്ടിരിക്കുന്നതു സുഖത്തോടെപ്പോടെ ഏ റപ്പോൾ രാഘവൻ മനസ്സുകൊണ്ടു തന്റെ പ്രിയ യേ പ്രാപിച്ചു. കാന്തയെ അനുസ്മരിച്ചു, കാമബാണ പീഡിതനായിത്തീർന്ന രാമൻ, മനസ്സടക്കുവാൻ ആവാ തെ വിലപിച്ചുതുടങ്ങി.

ലക്ഷ്മണൻ—ഇത്തരം ഭാവഭേദം ഭവാനു് ഒരിക്കലും ഉ ണ്ടാവരുതു്. വൈദേഹിയുടേയും രാവണന്റേയും വൃ ത്താന്തം നാം ഇപ്പോൾ അറിഞ്ഞുവല്ലോ. ഇനി, ബു ദ്ധികൊണ്ടും പൌരുഷംകൊണ്ടും ജാനകിയെ വീ ണ്ടെടുക്കുവാനാണ ഭവാൻ ശ്രമിക്കേണ്ടതു്. പർവ്വത ത്തിന്മേൽ പാർക്കുന്ന ആ വാനരേന്ദ്രനായ സുഗ്രീവ നെ നമുക്കു ചെന്നു കാണണം. ഞാൻ ഭവാന്റെ ശി ഷ്യനായും ഭൃത്യനായും സഹായനായും നില്ക്കവേ, ഭ വാനു് ആശ്വസിക്കാം.

ലക്ഷ്മണന്റെ ഈ സാന്ത്വനവാക്കുകളാൽ, രാ മൻ സ്വസ്ഥതയെ പ്രാപിച്ചു്, മേലിൽ ചെയ്യേണ്ടുന്ന കാര്യങ്ങളിൽ ഏർപ്പെട്ടു. പമ്പാജലത്തിൽ കുളിച്ചു്, പിതൃ തർപ്പണം ചെയ്തു് ആ വീരഭ്രാതാക്കന്മാരായ രാമലക്ഷ്മ ണന്മാർ നടകൊണ്ടു. ഫലമൂലവൃക്ഷങ്ങൾ നിറഞ്ഞ ഋശ്യ മൂകപർവ്വതത്തിൽ അവർ എത്തിയപ്പോൾ, അതിന്റെ മുകളിൽ വീരന്മാരായ അഞ്ചു വാനരന്മാർ സ്ഥിതിചെ യ്യുന്നതു കണ്ടു. ആഗതന്മാരായ ഈ ഭ്രാതാക്കന്മാരെ ത ന്റെ അരികേ കൂട്ടിക്കൊണ്ടുവരുവാനായി, ഹിമാലയ ത്തോടൊത്ത മഹാകായനും, ബുദ്ധിമാനും, വാനരോ

ത്തമനും, തന്റെ സചിവന്മാരായ ഹനുമാനെ സുഗ്രീവൻ നിയോഗിച്ചു. രാമലക്ഷ്മണന്മാരും ഹനുമാനും തമ്മിൽ ഒട്ടൊന്നു സംഭാഷണം ചെയ്തതിൽപ്പിന്നെ, അവർ സുഗ്രീവന്റെ മുമ്പിൽ ചെല്ലുകയും രാമസുഗ്രീവന്മാർ തമ്മിൽ സഖ്യമുണ്ടാകയും ചെയ്തു. തന്നെ രാവണൻ അപഹരിച്ചുകൊണ്ടുപോകുമ്പോൾ ജാനകി അഞ്ചു വാനരന്മാർക്കിടയിൽ തന്റെ ദിവ്യവസ്ത്രത്തെ ഇട്ടുകൊടുക്കയുണ്ടായിട്ടുണ്ടല്ലോ. ആ വസ്ത്രമെടുത്ത്, അതു കിട്ടിയത് എങ്ങിനെയെന്നു പറഞ്ഞുകൊണ്ട് സുഗ്രീവൻ രാമനു കൊടുത്തു. സുഗ്രീവൻ സീതയുടെ ഗതി അറിഞ്ഞിട്ടുണ്ടെന്നതിനു ശരിയായ വിശ്വാസം നൽകുന്ന ആ വസ്ത്രം കണ്ട ഉടനെ, ആ വാനരപ്രവരനായ സുഗ്രീവനെ ഭൂമിയിലെ കപികൾക്കെല്ലാം ഈശ്വരനായി രാമൻ സ്വയം അഭിഷേകം ചെയ്തു. യുദ്ധത്തിൽ താൻ ബാലിയെ കൊല്ലാമെന്നു രാമനും, വൈദേഹിയെ താൻ വീണ്ടെടുത്തുതരാമെന്നു സുഗ്രീവനും അന്നുതന്നേ അന്യോന്യം വിശ്വസിച്ച് പ്രതിജ്ഞ ചെയ്കയുമുണ്ടായി. അതിൽപ്പിന്നെ, അവരെല്ലാവരും യുദ്ധകാംക്ഷികളായി കിഷ്കിന്ധയിലേക്കു പോയി. അവിടെ ചെന്നു സുഗ്രീവൻ ജലപ്രവാഹംപോലെ ഘോരശബ്ദം പുറപ്പെടുവിച്ചു. അതു ബാലിക്കു സഹിച്ചില്ല. ബാലി ഉടനെ സുഗ്രീവനെ പ്രഹരിക്കുവാൻ എഴുന്നേറ്റപ്പോൾ, അതു ചെയ്യരുതെന്നു താര തടുത്തു.

താര—സുഗ്രീവന്റെ ഈ ശബ്ദംകൊണ്ട് ആ വാനരവീരൻ അന്യനെ ആശ്രയിച്ചു ബലവാനായിത്തീർന്നി

ട്ടുണ്ടെന്നാണു ഞാൻ അറിയുന്നതു്. അതുകൊണ്ടു്, ഭവാൻ ഇപ്പോൾ പുറത്തു പോകേണ്ട.

താരാനാഥമുഖിയായ താര ഇങ്ങിനേ വിരോധിച്ചപ്പോൾ, അവളുടേ ഭർത്താവും, ഹേമമാലാഭൂഷനനും വാനരേന്ദ്രനുമായ ബാലി ഇങ്ങിനേ ചോദിച്ചു:—

"നീ ഞാൻ താതിന്റേശബ്ദംകൊണ്ടു് സർവ്വഭൂതങ്ങളുടേയും സ്ഥിതിഗതികൾ അറിയുന്നവളാണല്ലോ. എന്റെ ഈ ഭ്രാതാവു് ആരേ ആശ്രയിച്ചിട്ടാണു് ഇപ്പോൾ ഇങ്ങു വന്നിരിക്കുന്നതെന്നു നീ പറയുക.

പ്രാജ്ഞയും താരേശപ്രഭാവതിയുമായ താര ഒട്ടുനേരം ചിന്തിച്ചു നോക്കീട്ടു സത്യം കണ്ടുപിടിച്ചു.

താര—അല്ലയോ, കപീശാ, ദശരഥപുത്രനും മഹാസത്വനുമായ രാമൻ തന്റെ ഭാര്യയേ അന്യൻ അപഹരിക്കയാൽ, ആ സതിയേ അന്വേഷിച്ചു സഞ്ചരിക്കവേ, സുഗ്രീവനേ കണ്ടു്, അവർ പരസ്പരം മിത്രങ്ങളായിത്തീൎന്നിട്ടുണ്ടു്. സുഗ്രീവന്റേ മിത്രാമിത്രങ്ങൾ രാമന്റേയും, രാമന്റേ മിത്രാമിത്രങ്ങൾ സുഗ്രീവന്റേയുമായി കരുതേണമെന്നു് അവർതമ്മിൽ കരാറുചെയ്തിരിക്കുന്നു. രാമന്റേ ഭ്രാതാവും സുമിത്രാപുത്രനുമായ ലക്ഷ്മണൻ മേധാവിയും അപരാജിതനുമാണു്. ആ മഹാബാഹു കാൎയ്യങ്ങൾ നടത്തുവാനായി മുൻകടന്നു നില്ക്കുന്നുണ്ടു്. മൈന്ദൻ, ദ്വിവിദൻ, വായുപുത്രനായ ഹനുമാൻ, ഋക്ഷരാജാവായ ജാംബവാൻ എന്നീ മന്ത്രികളും സുഗ്രീവനേ സഹായിക്കുന്നു. അവരെല്ലാവരും ബുദ്ധിമാന്മാരും, മഹാത്മാക്കളും മഹാബലന്മാരുമാണു്.

ഈ കാൎയ്യമെല്ലാം ഭവാൻ ഇപ്പോൾ നല്ലവണ്ണം കേൾക്കേണ്ടിയിരിക്കുന്നു. രാമന്റെ ബലത്തേയും വീൎയ്യത്തേയും ആശ്രയിച്ച് ഇടഞ്ഞുവന്നിരിക്കുന്ന സുഗ്രീവനോട് ഭവാൻ ഏകനായി എതിൎത്തുചെന്ന് നശിക്കരുതു്.

താര പറഞ്ഞ ഈ ഹിതവാക്കുകൾ ആ കപീശ്വരൻ കൈക്കൊണ്ടില്ല. അവൾക്ക് സുഗ്രീവനിലാണു രാഗമെന്നു ശങ്കിച്ച ബാലിക്ക് ഈൎഷ്യയാണുണ്ടായതു്. താരയെ ശകാരിച്ചിട്ട്, ക്രോധിച്ചു പുറത്തേക്കു വന്നു യുദ്ധത്തിന്നായി ബാലി, മാല്യവാൻമലയുടെ അരികേ പോരിന്നു വിളിച്ചു നില്ക്കുന്ന സുഗ്രീവന്റെ മുമ്പിൽ ചെന്നു.

ബാലി—നീ ഇതിൻമുമ്പ് പലകുറി എന്നോടെതിൎത്തു്, ജീവനിൽ കൊതിയോടെ തോറ്റോടിപ്പോയിട്ടില്ലയോ? എന്റെ ജ്ഞാതിയാണു നീ എന്നു കരുതിയാണ്, അന്നൊക്കെയും ഞാൻ നിന്നെ വിട്ടയച്ചതു്. ഇപ്പോൾ നീ സ്വയം മരിക്കുന്നതിന്നു ഇത്ര ബദ്ധപ്പെട്ടു വന്നതെങ്ങിനെ?

ഇതിന്നു സുഗ്രീവൻ അവസരത്തെ രാമനെ ഓൎമ്മിപ്പിച്ചുകൊണ്ടു് ഭ്രാതാവിനോടു യുക്തിപൂൎവ്വം മറുപടിപറഞ്ഞു്:—

“രാജാവേ, ഭവാൻ എന്റെ രാജ്യത്തേയും ഭാൎയ്യയേയും അപഹരിച്ചിരിക്കവേ, ഇനി എന്റെ ജീവിതത്തിന്ന് എന്തു വിലയാണുള്ളതെന്നു ചിന്തിച്ചിട്ടാണു ഞാൻ ഇപ്പോൾ ഭവാനോട് എതിൎക്കുവാൻ വന്നതു്.

ഈ ചോദ്യോത്തരാനന്തരം ബാലിസുഗ്രീവന്മാർ തമ്മിൽ യുദ്ധം തുടങ്ങി. ശിലകളേയും, സാലം, താലം മുതലായ വൃക്ഷങ്ങളേയും കൊണ്ടു് അവർതമ്മിൽതിരിച്ചും മറിച്ചും അടിച്ചു. ഇരുവരും വീണുരുണ്ടുംകുതിച്ചുചാടിയും കെട്ടിമറിഞ്ഞും കൊണ്ടു്അടിച്ചും ഇടിച്ചുംപൊരുതി. നഖങ്ങളും ദന്തങ്ങളും, പ്രയോഗിച്ചു് ഇരുവരുംമുറിഞ്ഞുകീറി രക്തത്തിൽ മുങ്ങിയപ്പോൾ, ആ വീരന്മാർ, നിറയേ പൂത്ത മുരുക്കുകൾപോലേ ശോഭിച്ചു. കൂടിക്കലൎന്നുകൊണ്ടുള്ള ആ യുദ്ധത്തിൽ അവരെ പ്രത്യേകം പ്രത്യേകം തിരിച്ചറിയുവാൻ കഴിയുന്നില്ലെന്നുകണ്ടു് സുഗ്രീവൻ്റെകഴുത്തിൽ ഹനുമാൻ ഒരു പൂമാല ചാൎത്തിക്കൊടുത്തു. കണ്ഠത്തിൽ മാലചേൎത്ത ആ ശ്രീമാനായ വീരൻ, മേഘമാലയോടുകൂടിയ മലയമഹാപൎവ്വതംപോലെ കാണായിവന്നു. ഈ ചിഹ്നത്താൽ യുദ്ധത്തിൽ സുഗ്രീവനേ വേർതിരിച്ചു കണ്ടപ്പോൾ മഹാധനുഷ്മാനായ രാമൻ തൻ്റെ ശ്രേഷ്ഠചാപമെടുത്തു് ബാലിയെ ലക്ഷ്യീകരിച്ചു് അമ്പു തൊടുത്തുവിട്ടു. അപ്പോഴുണ്ടായ ചെറുഞാണൊലി യന്ത്രധ്വനിപോലേ മുഴങ്ങി. പെട്ടെന്നു് അമ്പുമേല്ക്കുകയാൽ ബാലി നടുങ്ങിപ്പോയി. വക്ഷസ്സുപിളൎന്ന ആ വാനരവീരൻ ചോര കക്കിക്കൊണ്ടു നില്ക്കവേ രാമലക്ഷ്മണന്മാർ വെളിപ്പെട്ടു മുമ്പിൽവന്നു നിന്നു. തെറ്റു ചെയ്യാത്ത തന്നേ ഇങ്ങിനേ ഒളിവിൽ അമ്പെയ്തു പിളൎന്നതിനേപ്പററി രാമനേ നിന്ദിച്ചുകൊണ്ടു ബാലി മരിച്ചുവീണു. താരാപതിയായ ചന്ദ്രനേപ്പോലേ കാന്തിചിന്തുന്ന ബാലി മൃതനായി വീണുകിടക്കുന്നതു

താര കണ്ടു. ബാലി മരിക്കയാൽ കിഷ്കിന്ധയും, ഭർത്താവ് മരിക്കയാൽ താരേശമുഖിയായ താരയും സുഗ്രീവന്റേതായിവന്നു. ധീമാനായ രാമനാകട്ടേ, സുഗ്രീവനാൽ നിഷേവിതനായി മാല്യവാന്റെ മുകളിൽ ശോഭനപ്രദേശത്ത് നാലുമാസം മുഴുവൻ പാർത്തു.

രാമായണം: നാലാംഖണ്ഡം.

കാമവിവശനായ രാവണൻ ലങ്കാപുരിയിൽ ചെന്ന്, അശോകവനത്തിന്നരികേ, താപസന്മാരുടേ ആശ്രമംപോലെ ശോഭിക്കുന്ന ഭവനത്തിൽ സീതയേ പാർപ്പിച്ചു. ഭർത്തൃചിന്തയാൽ മെലിഞ്ഞുതളൎന്ന ആ കൃശാംഗി താപസീവേഷം ധരിച്ച്, ഉപവാസങ്ങൾ അനുഷ്ഠിച്ചു തപോനിഷ്ഠയോടേ, ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ച് ആ ദുഃഖമയമായ ഭവനത്തിൽ നാൾകഴിച്ചുവന്നു. ഈ വിശാലാക്ഷിയുടെ രക്ഷയ്ക്കായി ആ രാക്ഷസാധിപൻ രാക്ഷസിമാരെ നിയോഗിച്ചു. കുന്തം, വാൾ, ശൂലം, വെണ്മഴു, കത്തി, കൊള്ളി എന്നീ ആയുധങ്ങളോടുകൂടിയാണ് ആ രാക്ഷസസ്ത്രീകൾ സീതയേ നോക്കിക്കൊണ്ടിരുന്നതു്. ഇരുകണ്ണി, മുക്കണ്ണി, നെററിക്കണ്ണി, നെടുനാക്കി, ഇല്ലാനാക്കി, മുമ്മുലച്ചി, ഒററക്കാലി, മുച്ചിച്ചി, ഒററക്കണ്ണി—ഇങ്ങിനേയും ഇതുപോലേയുമുള്ള രാക്ഷസിമാർ എരിതീമിഴിയോടും, ഒട്ടകത്തലമുടിയോടുംകൂടി രാ

ളുകളൊഴിയാതെ സീതയെ ചുഴന്നുകൊണ്ടു വാണു. ആയതാക്ഷിയായ സീതയെ രൌദ്രകളും, ദാരുണസ്വരകളുമായ പിശാചികകൾ പരുഷസ്വരത്തിൽ ഇടവിടാതെ പേടിപ്പിച്ചുതുടങ്ങി.

“ഇവളെ നാം തിന്നുക; ഇവളെ നമുക്കു രണ്ടായി വലിച്ചുചീന്തുക; ഇവളെ എള്ളുപോലെ തുണ്ടുതുണ്ടാക്കി നമുക്കു നുറുക്കണം. നമ്മുടെ സ്വാമിയെ അവമാനിക്കുന്ന ഇവളെ ഇനി ജീവിക്കുവാൻ നാം വിട്ടുകൂടാ.”

ഇങ്ങിനേ അവർ ഇടവിടാതെ ദുഷിച്ച് എപ്പോഴും പേടിപ്പെടുത്തുകയാൽ, ഭർത്തൃശോകത്തിൽ മുങ്ങിക്കിടക്കുന്ന സീത, ഒരുനാൾ, നെടുവീർപ്പിട്ടുകൊണ്ട് ഇങ്ങിനേ പറഞ്ഞു:—

“ആര്യമാരായ നിങ്ങൾ ഉടൻ തന്നേ എന്നേ തിന്നുകൊള്ളുക. ജീവിക്കുവാൻ എനിക്ക് ആശയില്ല. ഇരുണ്ടുചുരുണ്ട മുടിയോടുകൂടിയ ആ പുണ്ഡരീകാക്ഷനായ രാമനെക്കൂടാതെയുള്ള ഈ ജീവിതം എനിക്ക് എന്തിനാണ്! അഥവാ, ഞാൻ ജീവിതപ്രിയം വെടിഞ്ഞു, പനയിന്മേൽ കുടുങ്ങിയ പാമ്പെന്നപോലെ, നിരാഹാരയായി ദേഹത്തെ ശോഷിപ്പിച്ച്, അങ്ങിനേ മരിക്കും. ഞാൻ രാഘവനേ വെടിഞ്ഞ് മറ്റൊരു പുരുഷനേ ഒരിക്കലും കാമിക്കയില്ല. ഇതു സത്യമാണെന്നു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. ഇനി, വേണ്ടുന്നതെന്തോ അതു നിങ്ങൾക്കു ചെയ്യാം.”

സീതയുടെ ഈ പ്രതിജ്ഞയെ ആ ഘോരസ്വരകളായ രാക്ഷസിമാർ രാവണനേ ഗ്രഹിപ്പിക്കുവാനായി

അവിടെനിന്നു പോയി. ആ സംഘം അകന്നതിൽപ്പിന്നേ, ധർമ്മജ്ഞയും പ്രിയവാദിനിയുമായ ത്രിജടയെന്ന രാക്ഷസി വൈദേഹിയെ സാന്ത്വനം ചെയ്തു.

ത്രിജട—സീതേ, ഭവതിയെ സഖിയേപ്പോലെ കരുതുന്നവളാണു ഞാൻ. ഭവതി എന്നെ വിശ്വസിച്ചു ഞാൻ പറയുന്നതു കേൾക്കുക. ഭവതി ഒന്നുകൊണ്ടും പേടിക്കേണ്ട. വൃദ്ധനും, മേധാവിയും, രാമന്റെ ഹിതത്തെ എപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുന്ന രാക്ഷസപുംഗവനുമായ അവിന്ധ്യൻ ഭവതിയുടെ കാര്യമൊക്കെയും എന്നോടു പറഞ്ഞിട്ടുണ്ട്. ഭവതിയെ ആശ്വസിപ്പിക്കയും പ്രസാദിപ്പിക്കയും ചെയ്തു ഭവതിയോടു പറയുവാനായി അവിന്ധ്യൻ എന്നെ ഏല്പിച്ചിട്ടുള്ള വൃത്താന്തം ഭവതി കേട്ടാലും. "ഭവതിയുടെ ഭർത്താവു് ലക്ഷ്മണനാൽ അനുഗതനായി, കുശലിയായി വർത്തിക്കുന്നുണ്ട്. ആ ശ്രീമാനായ മഹാബലൻ ഇന്ദ്രനോടൊപ്പം തേജസ്സുവളന്ന വാനരരാജാവായ സുഗ്രീവനോട് ഇയ്യിടെ സഖ്യം ചെയ്തിട്ടു ഭവതിക്കായി യത്നിച്ചുതന്നേ വരുന്നു. എടോ, ഭീരു, ലോകം മുഴുവൻ നിന്ദിക്കുന്ന ഈ രാവണനെ നീ പേടിക്കേണ്ട. നളകൂബരശാപംകൊണ്ടാണു നിന്നെ ദ്രോഹിക്കാതെ രാവണൻ ഇങ്ങിനെ രക്ഷിച്ചു വരുന്നതു്. നളകൂബരന്റെ കാമിനിയും, ആ നിലയിൽ തന്റെ സ്നുഷയുമായ രംഭയേ ഈ പാപി കൈകേറുവാൻ മുതിരുകയാൽ, അപ്പോഴുണ്ടായ ശാപംകൊണ്ടു് ഈ രാക്ഷസരാജാവു തനിക്കു വശപ്പെടാത്ത പരസ്ത്രീകളേ ബലാൽ പ്രാപിക്ക

ന്നതിന്നു ശക്തനല്ലാത്ത ജിതേന്ദ്രിയനായിട്ടുണ്ട്. ദേവിയുടെ ഭത്താവു സൌമിത്രിയോടുകൂടി സുഗ്രീവനാൽ രക്ഷിതനായി ഉടൻ ഇവിടെ വരികയും, ആ ധീമാൻ ഭവതിയെ മോചിപ്പിക്കയും ചെയ്യും. അനിഷ്ടദശനങ്ങളും മഹാഘോരങ്ങളുമായ സ്വപ്നങ്ങൾ ഞാൻ കാണുകയുണ്ടായി. പൌലസ്ത്യകുലത്തിന്റെ ഘാതകനായ ഈ ദുർബ്ബുദ്ധി നശിക്കാറായിയെന്നാണു ആ സ്വപ്നങ്ങൾ സൂചിപ്പിക്കുന്നതു്. ഈ ദാരുണനിശാചരൻ ദുഷ്ടാത്മാവും ക്ഷുദ്രകമ്മാവുമാണു്. സ്വഭാവത്താലും ശീലദോഷത്താലും ഈ രാവണൻ സർവ്വക്കും ഭയവദ്ധനനുമാനു്. കാലചോദിതനായ ഈ ലങ്കാധിപൻ സർവ്വദേവന്മാരേയും പിണക്കിയിരിക്കുന്നു. ഇങ്ങിനേയുള്ള ഈ പാപാത്മാവു നശിക്കാറായിരുന്നു ഞാൻ സ്വപ്നത്തിൽ കണ്ടു. രാവണൻ തലമുടി മുഴുവൻ കളഞ്ഞു്, എണ്ണതേച്ചു, ചെളിയിൽ മുങ്ങുന്നതും, പിന്നീടു്, കഴുതകളെ പൂട്ടിയ തേരിൽ കയറി ചാഞ്ചാടി നില്ക്കുന്നതും ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. കുംഭകണ്ണൻ മുതലായവർ തലമുടിയഴിച്ചിട്ടു നഗ്നന്മാരായി, ചൊകന്ന പൂക്കളണിഞ്ഞു്, ചൊകന്ന കുറിക്കൂട്ടു ചാത്തി തെക്കോട്ടേക്കു പോകുന്നതും ഞാൻ കണ്ടു. വെൺകൊററക്കുടയോടും, വെൺതലപ്പാവോടും, വെൺപൂക്കളും, വെൺകുറിക്കൂട്ടും ചാത്തി വെണ്മലയിന്മേൽ വിഭീഷണൻ കയറിനില്ക്കുന്നു. ആ ധമ്മാത്മാവിനെപ്പോലെതന്നെ വെൺപൂക്കളും വെൺകുറിക്കൂട്ടും ചാത്തിയ നാലു മന്ത്രിമാർ ആ വെൺമലയിൽ അദ്ദേഹത്തെ ചുഴന്നുകൊണ്ടു നി

ല്ക്കുന്നതും, വിഭീഷണനും തന്റെ ആ മന്ത്രിമാരും ഞങ്ങളെ മഹാഭയത്തിൽനിന്നു മോചിപ്പിക്കുന്നതും ഞാൻ കണ്ടിരിക്കുന്നു. രാമന്റെ അസ്ത്രങ്ങൾ കടൽ ചുഴന്ന ഭൂമി മുഴുവൻ വ്യാപിച്ചിരിക്കുന്നതും, ഭവതിയുടെ ഭർത്താവു യശസ്സുകൊണ്ടു ഭൂമിയെ മുഴുവൻ നിറച്ചിരിക്കുന്നതും ഞാൻ സ്വപ്നത്തിൽ കണ്ടിട്ടുണ്ടു്. അസ്ഥിസഞ്ചയത്തിന്മേൽ, മധുപായസം ഭുജിച്ചുകൊണ്ടു, നാലുപാടും ദഹിപ്പിക്കുമാറു നോക്കി നില്ക്കുന്ന നിലയിലാണു ലക്ഷ്മണനെ ഞാൻ കണ്ടതു്. മെയ്യാകെ ചോരയണിഞ്ഞു കരഞ്ഞുകൊണ്ടു ഭവതി പലകുറി വടക്കോട്ടു പോകുന്നതും ഞാൻ കണ്ടു. അതുകൊണ്ടു്, ഭവതി, ഒട്ടും വൈകാതെ ഭർത്താവിനോടു ചേർന്നു സന്തോഷിക്കും. ഭ്രാതാവോടുകൂടിയ രാഘവനെ ഭവതി ഉടൻതന്നെ കാണുമെന്നു് ധൈര്യപ്പെട്ടു കാത്തിരുന്നുകൊള്ളുക.''

ഉണ്ണിമാൻകണ്ണാളായ വൈദേഹിക്കു ത്രിജട പറഞ്ഞതെല്ലാം കേട്ടപ്പോൾ, കൈവിട്ടുപോയ ആശ തിരിച്ചുകിട്ടുകയാൽ, ഭർത്താവിനെ കാണുവാൻ കൊതിപെരുകി. ഇത്രയുമായപ്പോഴേക്കും, രൌദ്രികളും, ദാരുണകളുമായ പിശാചികൾ മടങ്ങിവന്നു, മുൻപോലെ സീതയെ ചുഴന്നിരുപ്പായി.

ഇപ്രകാരം, രാക്ഷസികൾക്കിടയിൽ ഭർത്തൃശോകാർത്തയായ ആ പതിവ്രത മലിനവസ്ത്രയായി, മംഗലസൂത്രഗതമായ മണി മാത്രം ചമഞ്ഞു്, ദീനയായി കരഞ്ഞുകൊണ്ടു ശിലാതലത്തിന്മേൽ സ്ഥിതിചെയ്യവേ, കാമബാണങ്ങളേറ്റു് ആർത്തനായുഴറിയ രാവണൻ അ

ശോകവനത്തിൽ പ്രവേശിച്ചു. ദേവദാനവഗന്ധൎവ്വന്മാർ, യക്ഷകിംപുരുഷന്മാർ മുതലായവൎക്കൊക്കെയും അജിതനായ രാവണൻ കന്ദൎപ്പനാൽ പീഡിതനായിത്തീൎന്നുപോയി. ആ ശ്രീമാൻ ദിവ്യവസ്ത്രം ധരിച്ചു, രത്നകനകാഭരണങ്ങൾ അലങ്കരിച്ചു. മുടിയിൽ വിചിത്രമാല്യങ്ങൾ അണിഞ്ഞു, മൂൎത്തിമത്തായ വസന്തത്തേപ്പോലെ പരിശോഭിച്ചു. എന്നാൽ, ആ രാക്ഷസൻ ഇപ്രകാരം പാടുപെട്ടു ചമഞ്ഞിട്ടും കല്പതരുപോലെ കമനീയത ചേൎന്നില്ലാ കാണായിവന്നതു്. ആ ദശഗ്രീവൻ വിഭൂഷിതനായിട്ടും ശ്മശാനത്തിലെ ചൈത്യവൃക്ഷംപോലെ ഭയംകരാകൃതിയാകയാണു ചെയ്തതു്. ഈ വേഷത്തിൽ ആ നിശാചരൻ തന്വമദ്ധ്യയായ സീതയെ രോഹിണിയെ ശനിയെന്നപോലെ നോക്കിനിന്നു. എന്നിട്ടു മാൻപേടയെന്നപോലെ പേടിച്ചു വിറച്ചുനില്ക്കുന്ന ആ അബലയായ സുശ്രോണിയെ മന്മഥനാൽ മനസ്സടഞ്ഞ രാവണൻ പേർവിളിച്ചുകൊണ്ടു് ഇങ്ങിനെ പറഞ്ഞു:—

"എടോ, സീതേ, സ്വാന്തംമൎത്താവിന്നു ഭവതി ചെയ്യുന്ന ഈ അനുഗ്രഹം ഇത്രയുംകൊണ്ടു മതിയാക്കുക. ഇനി, തന്വംഗിയായ ഭവതി ഈ എന്നിൽ പ്രസാദിക്കയാണു വേണ്ടതു്. ചന്ദനം ചിന്തുമാറു ചമഞ്ഞു തെളിയുവാൻ ഭവതി ഇനിയൊട്ടും വൈകിക്കേണ്ട. വിശിഷ്ടവസ്ത്രങ്ങളും ദിവ്യാഭരണങ്ങളും ചാൎത്തി, എടോ, വരാരോഹേ, ഭവതി എന്നെ ഭജിച്ചാലും! എനിക്കുള്ള സൎവ്വനാരികളിലുംവെച്ചു വരവൎണ്ണിനിയായ ഭവതി ഉത്തമയായി ശോഭിക്കട്ടെ. ദേവകന്യകകളും ഗന്ധൎവ്വസ്ത്രീകളും, ദാനവ

യോഷിത്തുകളും, ദൈത്യാംഗനകളും എനിക്കുണ്ടെന്നു ഭവതിക്ക് അറിയാമല്ലോ. അവക്കു പുറമേ, പതിന്നാലുകോടി പിശാചങ്ങൾ എന്റെ ചൊല്പടിക്കു നില്ക്കുന്നുണ്ട്. ഭീമകമ്മചതുരന്മാരും, മനുഷ്യഭക്ഷകന്മാരുമായി ഇരുപത്തെട്ടുകോടി രാക്ഷസന്മാരും എഴുപത്തിനാലുകോടി യക്ഷന്മാരും എന്റെ വചനകാരികളായി ജീവിച്ചുവരുന്നു. ഇവരിൽ, എന്റെ ഭ്രാതാവായ ആ ദേവധനാദ്ധ്യക്ഷന്റെ കീഴിൽ വളരെ ചുരുക്കംപേർ മാത്രമേയുള്ളു. എന്റെ ഭ്രാതാവിനെയെന്നപോലെ തന്നെ, എന്നേയും ഗന്ധവ്വാംഗനകളും അപ്സരോരത്നങ്ങളും മദ്യപാനസമ്മേളനത്തിൽ ചേന്നു പരിചരിക്കാറുണ്ട്. ഞാനും വിപ്രഷിയായ സാക്ഷാൽ വിശ്രവസ്സിന്റെ പുത്രനാണെന്ന വാസ്തവം കൂടിയും ഭവതി ഓക്കേണ്ടതാണ്. ലോകപാലന്മാരിൽ അഞ്ചാമനെന്ന നിലയിൽ എന്റെ കീത്തി സവ്വത്ര പരന്നിരിക്കുന്നു. എടോ, ഭാവിനി, പലതരം ദിവ്യഭക്ഷ്യഭോജ്യങ്ങളും, ദിവ്യപാനങ്ങളും ദേവേന്ദ്രനെന്നപോലെ എനിക്കുമുണ്ട്. ഇങ്ങിനെയുള്ള ഞാൻ ഭവതിയെ ആശ്രയിച്ചുനില്ക്കവേ, സുശ്രോണിയും, വാമോരുവുമായ ഭവതി എന്തിന്നാണു കാട്ടിൽ വാണു കഷ്ടപ്പെട്ടുവാൻ പോകുന്നതു്? ഭവതിക്കുള്ള ആ ദുഷ്കമ്മഫലം ഇന്നോടെ അവസാനിക്കട്ടെ. മണ്ഡോദരിയെന്നപോലെ ഭവതിയും എന്റെ ഭാര്യയായി വാഴുക.”

രാവണന്റെ ഈ പ്രാത്ഥന കേട്ടു ശുഭാനനയായ വൈദേഹി മുഖം തിരിച്ചുകളഞ്ഞു. ഏററവും അശിവമായി എപ്പോഴും ചൊരിയുന്ന കണ്ണീർത്തൊടരാൽ വീ

മാനസങ്ങളെ ആരാധിച്ചുകൊണ്ടും, ഭർത്താവിനെ ദേവതമായി കരുതിക്കൊണ്ടും നാൾകഴിക്കുന്ന ആ ബാല, തൻേറയും രാവണൻേറയും ഇടയ്ക്കായി ഒരു പുല്ല് എടുത്തിട്ട് അതിനെ നോക്കിക്കൊണ്ടാണ് ആ ക്ഷുദ്രനിശാചരന്നു മറുപടി കൊടുത്തതു്.

ഹേ, രാക്ഷസേശ്വര, ഭവാൻ ഇങ്ങിനെ വിഷാദപൂർവ്വം പറയുന്നതു ഭാഗ്യഹീനയായ ഞാൻ പല കുറി കേട്ടുകഴിഞ്ഞു. ശുഭാനനനായ ഭവാന്നു കല്യാണമുണ്ടാവേണ്ടതിന്നു് ഈ അശുഭവിചാരത്തിൽ മനസ്സു ചെലുത്താതിരിക്കയാണു ചെയ്യേണ്ടതു. ഭവാന്നു ശുഭമുണ്ടാകുവാനായി ഞാൻ എന്നും പ്രാർത്ഥിക്കുന്നതു്. പരദാരങ്ങളാണു ഞാൻ എന്നു ഭവാൻ ഓർക്കണം. എന്നും പാതിവ്രത്യനിഷ്ഠയോടുകൂടിയ ഞാൻ അന്യർക്കാർക്കും ഒരിക്കലും ലഭ്യയല്ല. ഈ സ്ഥിതിക്കു ഭവാൻ എന്തിന്നാണു് ഈ വൃഥാ പ്രയത്നമെല്ലാം ചെയ്യുന്നതു്? കൃപണയായ ഒരു മനുഷ്യിയെ ഭാര്യയായി നേടുന്നതുകൊണ്ടു രാക്ഷസേന്ദ്രനായ ഭവാന്നു് എന്തുപയോഗമാണുള്ളതു്? വശഗയാവാത്തവളെ ബലാൽ പ്രാപിക്കയെന്നാണെങ്കിൽ അതിൽ എന്തു പ്രീതിയാണുണ്ടാകുക? ഇതൊന്നുമോർക്കാതെ ഈ പതിവ്രതയായ പരദാരങ്ങളിൽ ഭവാൻ മനസ്സു ചെലുത്തുന്നതു് ഒട്ടും ശോഭനമല്ല. ബ്രഹ്മപുത്രനും പ്രജാപതിതുല്യനുമായ വിപ്രനാണല്ലോ ഭവാൻേറ അച്ഛൻ. ഭവാനാകട്ടെ, ലോകപാലതുല്യനാണ്. എന്നിട്ടും, ഭവാൻ ധർമ്മത്തെ രക്ഷിക്കാത്തതു് എന്തുകൊണ്ടു്? രാജരാജനും മഹേശ്വരസഖാവുമായ ആ ധനേശ്വരപ്രഭു സ്വന്തം

ഭ്രാതാവാണെന്ന് ഈ ഭവാൻ കരുതുമ്പോൾ കൂടി നാണമാകാറില്ലയോ?"

ഇതിലധികമൊന്നും പറയുവാൻ ജാനകിക്കു കഴിഞ്ഞില്ല. ആ തന്വംഗി, തന്റെ മുഖം മാത്രമല്ലാ, ശിരസ്സു മുഴുവൻ ചേലയാൽ മറച്ച്, വക്ഷോജങ്ങൾ കലുങ്ങുമാറ് ഉറക്കെ കരഞ്ഞുതുടങ്ങി. ഇങ്ങിനേ കരഞ്ഞുകൊണ്ടു നില്ക്കുവേ, ആ ഭാമിനിയുടെ നീണ്ടിരുണ്ടു മിനുത്ത ആ ഒതുക്കിവെച്ച തലമുടി കരിമ്പാമ്പെന്നപോലെ കാണായിവന്നു. സീതയിൽനിന്നു പുറപ്പെട്ട ആ ഏററവും നിഷ്ഠുരമായ മറുപടി കേട്ടിട്ടും ദുർബ്ബുദ്ധിയായ രാവണൻ അടങ്ങിയില്ല.

"ഏടോ, സീതേ, മന്മഥൻ എന്റെ അംഗങ്ങളെ മുഴുവൻ വേദനിപ്പിക്കുന്നുണ്ടെങ്കിലും, സുശ്രോണിയും ചാരുഹാസിനിയുമായ ഭവതി എന്നെ കാമിക്കുന്നില്ലെങ്കിൽ, ഞാൻ ഭവതിയേ തൊടുകയില്ല. ഞങ്ങൾക്ക് ആഹാരഭൂതനായ മനുഷ്യനാണു രാമനെന്നിരുന്നിട്ടും, അവനിൽത്തന്നെയാണു ഭവതിയുടെ മനസ്സ് ഇന്നും ഇണങ്ങിനില്ക്കുന്നതെങ്കിൽ, അതിന്ന് എതിരായി ഞാൻ എന്തൊന്നാണു ചെയ്യേണ്ടതു!"

ഇങ്ങിനെ രാക്ഷസേശ്വരനായ രാവണൻ അനവദ്യാംഗിയായ സീതയോടു പറഞ്ഞിട്ട് അന്തർദ്ധാനം ചെയ്ത് ഇഷ്ടമുള്ളേടത്തേക്കു പോയി. ശോകാർത്തയായ വൈദേഹിയാവട്ടേ, രാക്ഷസികളാൽ പരിചാരിതയും, ത്രിജടയാൽ സേവിതയുമായി അവിടേത്തന്നെ വാണു.

രാമായണം: അഞ്ചാംഖണ്ഡം.

സുഗ്രീവന്റെ സംരക്ഷണത്തിൽ സൌമിത്രിയോടു കൂടിയ രാഘവൻ മാല്യവാൻപൎവ്വതത്തിൽ വാണുവന്നു. ഒരുനാൾ രാവിൽ ആകാശം നിൎമ്മലമായി ശോഭിക്കുയും, ആ തെളിഞ്ഞ വാനിടത്തിൽ ഗ്രഹങ്ങളും, നക്ഷത്രങ്ങളും, താരങ്ങളും ചുഴന്നു പിന്തുടരവേ മുഴുത്തിങ്കൾ തെളിഞ്ഞു കതിൎത്തുകകയും ചെയ്യുമ്പോൾ, ആമ്പലിൽനിന്നും താമരയിൽനിന്നുമുള്ള നറുമണം ഏന്തിക്കൊണ്ടു് മലമുകളിൽ കളിച്ചുവന്ന കുളിൎതെന്നൽ ഏറ്റു് ആ ശത്രുഹന്താവു് ഉണൎന്നു. രാക്ഷസാലയത്തിൽ ബന്ധനസ്ഥയായി വാഴുന്ന വൈദേഹിയെ സ്മരിച്ചു ധൎമ്മാത്മാവായ രാമൻ മനസ്സു കെട്ടുകൊണ്ടു പ്രഭാതത്തിൽ ലക്ഷ്മണനെ വിളിച്ചു് ഇങ്ങിനെ പറഞ്ഞു:—

"എടോ, ലക്ഷ്മണ, നീ കിഷ്കിന്ധയിൽ ചെന്നു് ആ കപീന്ദ്രന്റെ ഗതിയെന്താണെന്നു് അറിഞ്ഞുവരണം. സ്വാൎത്ഥത്തിൽമാത്രം പണ്ഡിതനായ ആ കൃതഘ്നൻ ഗ്രാമ്യധൎമ്മങ്ങളിൽ തികച്ചും മത്തനായി വൎത്തിച്ചുവരികയായിരിക്കാം. ഞാൻ ആ കുലാധമനെ രാജാവാക്കി അഭിഷേചിക്കകൊണ്ടാണല്ലോ, ആ മൂഢൻ ഇന്നു കുരങ്ങുകൾ, കരടികൾ എന്നീ വൎഗ്ഗങ്ങൾക്കു മുഴുവൻ സേവ്യനായിത്തീൎന്നതു്. ആ ബാലിയെ മഹാബാഹുവായ നിന്നോടുകൂടി കിഷ്കിന്ധയിലെ ഉപവനത്തിൽ വെച്ചു ഞാൻ ഒരുത്തനുവേണ്ടി വധിച്ചുവോ, ആ വാനരാധമൻ ഭൂമിയിൽവെച്ചു കൃതഘ്നനാണെന്നാണു ഞാൻ

വിചാരിക്കുന്നതു്. ആ മൂഢൻ ഇന്നു് ഈ സ്ഥിതിയിലായതു എങ്ങിനെയാണെന്നു് ഓക്കുന്നില്ല. തൻെറ പ്രതിജ്ഞയെ തിച്ചയായും രക്ഷിക്കേണ്ടതാണെന്ന ബോധവും സുഗ്രീവന്നില്ലെന്നു തോന്നുന്നു. ഉപകാരം ചെയ്ത ഈ എന്നെത്തന്നെ അല്പബുദ്ധിയാൽ അവഗണിച്ചു്, കത്തവ്യകമ്മം ചെയ്യാതെ, കാമസുഖത്തിൽ മനസ്സു മുങ്ങി, അങ്ങിനെ കഴികയാണു സുഗ്രീവൻ ചെയ്യുന്നതെങ്കിൽ, ആ വാനരനെ ബാലി പോയവഴിക്കുതന്നെ നീ അയച്ചേക്കുക. അഥവാ, ആ കപിശ്രേഷ്ഠൻ നമ്മുടെ കാര്യത്തിൽത്തന്നെ പരിശ്രമിച്ചുകൊണ്ടിരിക്കയാണു ചെയ്യുന്നതെങ്കിൽ, ആ കൃതജ്ഞനെ നീ, ഒട്ടും വൈകാതെ ഇവിടെ കൂട്ടിക്കൊണ്ടുവരണം.''

ഗുരുവാക്യത്തെ അനുസരിച്ചു്, ഗുരുഹിതംപോലെ പ്രവത്തിക്കുന്നവൻ എപ്പോഴും സന്നദ്ധനായ ലക്ഷ്മണൻ, ഭ്രാതാവു പറഞ്ഞതുകേട്ടു് അമ്പും വില്ലുമെടുത്തു് ഉടൻ പുറപ്പെട്ടു്, കിഷ്കിന്ധാദ്വാരത്തിൽ ചെന്നു തടങ്ങലൊന്നും കൂടാതെ അകത്തു കടന്നു. ക്രുദ്ധനായിട്ടാണു ലക്ഷ്മണൻെറ വരവെന്നു വാനരേന്ദ്രൻ അറിഞ്ഞു്, വിനീതനായി, ദാരങ്ങളോടുകൂടി അരികെ ചെന്നു് ആ രഘുവീരനെ അർഹതപോലെ സല്ക്കരിച്ചു പൂജിച്ചു സംപ്രീതനാക്കി. ആ സൽക്കാരം കൈക്കൊണ്ടതിൽപ്പിന്നെ, ലക്ഷ്മണൻ ഒട്ടും ഭയംകൂടാതെ രാമവാക്യത്തെ സുഗ്രീവനെ ഗ്രഹിപ്പിച്ചു. അതെല്ലാം ഒട്ടൊഴിയാതെ കേട്ടു ഭൃത്യദാരങ്ങളോടുകൂടി ആ വാനരാധിപനായ സുഗ്രീവൻ കൈക്കൂപ്പി വണങ്ങിനിന്നു്, നരോത്തമനായ ലക്ഷ്മണനിൽ സംപ്രീതനായി മറുപടികൊടുത്തു.

"ഹേ,ലക്ഷ്മണ, ഞാൻ ദുർബ്ബുദ്ധിയോ, കൃതഘ്നനോ, നിർദ്ദയനോ അല്ല. സീതാന്വേഷണകാര്യത്തിൽ ഞാൻ പ്രയത്നിച്ചുവരുന്നതു എന്തെല്ലാമാണെന്നു ഭവാൻ കേട്ടാലും! വിനീതന്മാരായ വാനരന്മാരെ ഞാൻ സർവ്വദിക്കിലേക്കും അയച്ചുകഴിഞ്ഞിരിക്കുന്നു. തിരിച്ചുവരുന്നതിലേക്ക് ഒരു മാസം മാത്രമേ ഞാൻ അവർക്ക് കാലാവധി കൊടുത്തിട്ടുള്ളു. വനങ്ങൾ, പർവ്വതങ്ങൾ, സമുദ്രങ്ങൾ, പുരങ്ങൾ, ഗ്രാമങ്ങൾ, നഗരങ്ങൾ, ആകരങ്ങൾ എന്നിവിടങ്ങളിലെല്ലാം ശരിയായി തെരഞ്ഞുനോക്കുന്നതിന് അവർതന്നെയാണ സമർത്ഥന്മാർ. ഒരുമാസം കൊണ്ട് ചെയ്തുതീർക്കുവാൻ ഏല്പിച്ച കാര്യത്തെ അഞ്ചുദിവസംകൊണ്ടു നിർവ്വഹിക്കുന്നതിന് അവർക്ക് കെല്പുണ്ട്. അവരെല്ലാവരും തിരിച്ചുവരുമ്പോൾ ഭവാന് രാമനോടുകൂടി ഏററവും പ്രിയംകൂടിയ വാക്യം തീർച്ചയായും കേൾക്കായിവരും."

ധീമാനായ സുഗ്രീവൻ ഇത്രയും പറഞ്ഞപ്പോൾ, ലക്ഷ്മണൻ രോഷം വെടിഞ്ഞു മനസ്സു തെളിഞ്ഞു് ആ വാനരേന്ദ്രനെ അഭിനന്ദിച്ചു. പിന്നീട്, സൌമിത്രി സുഗ്രീവനോടുകൂടി പുറപ്പെട്ടു്, മാല്യവാൻമേൽ വാഴുന്ന രാമനെ ചെന്നുകണ്ടു്, ആരംഭിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം ഉണർത്തിക്കയും ചെയ്തു.

സീതയെ അന്വേഷിക്കുവാൻ ചെന്ന വാനരന്മാർ ആറുമായിരവുമായി തിരിച്ചുവന്നുതുടങ്ങി. തെക്കോട്ടു പോയിട്ടുള്ളവരൊഴികെ, മററു മൂന്നു ദിക്കിലേക്കും ചെന്നിട്ടുള്ളവരെല്ലാവരും വന്നെത്തി. കടൽ ചുഴന്ന പാരി

ടമെങ്ങും തെരഞ്ഞുനോക്കീട്ടും സീതയേയോ രാവണനേയോ കണ്ടുകിട്ടിയില്ലെന്നാണ് അവരെല്ലാവരും പറഞ്ഞത്. തെക്കോട്ടു പോയവർ മടങ്ങീട്ടില്ലായ്കയാൽ ആ വാനരന്മാരിൽ ഉത്തമന്മാരായ ചിലരിൽ തനിക്കുള്ള വിശ്വാസത്താൽ രാഘവൻ ആശയുറപ്പിച്ച് ആർത്തനായി പ്രാണധാരണം ചെയ്തുവന്നു. അങ്ങിനേ മാസം രണ്ടു കഴിഞ്ഞു. ഒരുനാൾ ഏതാനും കുരങ്ങുകൾ തിടുക്കത്തോടെവന്ന് സുഗ്രീവന്റെ മുമ്പിൽചെന്ന്—"മുമ്പു ബാലിയാലും, ഇപ്പോൾ ഭവാനാലും സംരക്ഷിതമായി, മഹത്തരവും സംപുഷ്ടവുമായ മധുവനത്തെ, ഭവാൻ സീതാന്വേഷണത്തിന്നായി തെക്കോട്ടേക്കയച്ചിട്ടുള്ള വായുപുത്രനായ ഹനുമാനും, അംഗദനും മറ്റു വാനരശ്രേഷ്ഠന്മാരും കൂടി ആഹാരമാക്കി മുടിക്കുന്നു" എന്ന് അറിയിച്ചു. അവരുടേ ഈ അപനയത്തെക്കുറിച്ചു കേട്ടതിൽ കൃതാർത്ഥന്മാരായ ഭൃത്യന്മാർ ഇങ്ങിനേതന്നേ ചെയ്യുമെന്നോർത്ത് സുഗ്രീവൻ കൃതകൃത്യനാകയാണ് ചെയ്തത്. മേധാവിയായ വാനരേന്ദ്രൻ ഇക്കാര്യം രാമനോടു പറഞ്ഞപ്പോൾ, തെക്കോട്ടു പോയ കപികൾ സീതയെ കണ്ടെത്തിയിരിക്കുന്നുവെന്ന് ആ രഘുവീരൻ അനുമാനിച്ചറിഞ്ഞു.

ഹനുമൽപ്രമുഖന്മാരാകട്ടേ, വഴിക്കു വിശ്രമിച്ചതിൽപ്പിന്നേ, മാല്യവാനിൽ രാമലക്ഷ്മണസന്നിധിയിൽ സ്ഥിതിചെയ്യുന്ന സുഗ്രീവന്റെ മുമ്പിൽ വന്നുചേർന്നു. ഹനുമാന്റെ ആ ഗതിയും ആ മുഖഭാവവും നോക്കിയപ്പോൾ ആ വാനരശ്രേഷ്ഠൻ സീതയെ കണ്ടിട്ടുണ്ടെ

ന്നു രാമനു വിശ്വാസമുണ്ടായി. കൃതാൎത്ഥതയാൽ മനസ്സു നിറഞ്ഞ ഹനൂമൽപ്രമുഖന്മാരായ വാനരന്മാർ രാമനേയും സുഗ്രീവനേയും ലക്ഷ്മണനേയും വിധിപോലെ വന്ദിച്ചുനിന്നു.

രാമൻ—എന്നെ നിങ്ങൾ ജീവിപ്പിക്കുമോ? നിങ്ങൾ കൃതകൃത്യരായ്ത്തന്നേയാണോ വന്നിരിക്കുന്നതു്? ഞാൻ യുദ്ധത്തിൽ ശത്രുക്കളെ കൊന്നു സീതയേ വീണ്ടെടുത്തു് അയോദ്ധ്യാരാജ്യത്തെ വീണ്ടും പ്രാപിക്കുമോ? വൈദേഹിയേ മോചിപ്പിക്കാതേയും, ശത്രുക്കളെ സമരത്തിൽ വധിക്കാതേയും, ഹതദാരനും നിഷിദ്ധനുമായ ഈ നിലയിൽ ഇനി എനിക്കു ജീവിക്കുവാൻ വയ്യാ.

ഹനുമാൻ—അല്ലയോ, രാമദേവ, പ്രിയംതന്നെയാണു് എനിക്കു ഭവാനോടു പറയുവാനുള്ളതു്. ഞാൻ ആ ജാനകിയെ കണ്ടു. ഞങ്ങൾ ഇവിടെനിന്നു പുറപ്പെട്ടു വനങ്ങളും പൎവ്വതങ്ങളും ആകാരങ്ങളും നിറഞ്ഞ ദക്ഷിണദിക്കിൽ പലേടത്തും സഞ്ചരിച്ചു തെരഞ്ഞുനോക്കിക്കൊണ്ടു്, കാലാവധി തെറ്റി, തളൎന്നു വലഞ്ഞു ഒരു മഹാഗുഹയുടെ മുമ്പിൽ എത്തിച്ചേൎന്നു. കിടങ്ങൾ നിറഞ്ഞു് ഇരുട്ടടഞ്ഞു കാടുപിടിച്ചു വഴി തടഞ്ഞു ബഹുയോജന ദൂരം നീണ്ടുകിടക്കുന്ന ആ ഗുഹയിൽ ഞങ്ങൾ കയറിച്ചെന്നു. വളരേ ദൂരം നടന്നതിൽപ്പിന്നെ, ഒരിടത്തു സൂൎയ്യകിരണങ്ങൾ പ്രകാശിക്കുന്നതും, അവിടെ ഒരു ദിവ്യഭവനം ഉയൎന്നുനില്ക്കുന്നതും ഞങ്ങൾ കണ്ടു. ആ മന്ദിരം മയദൈത്യന്റെ

തുപോലെ ശോഭിക്കുന്നു. പ്രഭാവതിയെന്ന താപസി തപസ്സിൽ തപിച്ചുകൊണ്ടു വാഴുന്ന വിടമാണതു്. അവിടെനിന്നു കിട്ടിയ വിവിധഭോജ്യങ്ങളും വിവിധപാനങ്ങളും ഭുജിച്ചു വീണ്ടും ബലംകൂടിയ ഞങ്ങൾ ആ താപസി പറഞ്ഞുതന്ന വഴിയിൽക്കൂടി പിന്നേയും നടകൊണ്ടു. ആ പ്രദേശത്തുനിന്നു്, പിന്നിട്ടു്, ഞങ്ങൾ എത്തിയതു സമുദ്രതീരത്താണു്. സഹ്യം, മലയം, ദർദ്ദുരം എന്നീ മഹാഗിരികൾ കണ്ടു ഞങ്ങൾ മലയത്തിൽ കയറി, അതിന്നരികെയുള്ള സമുദ്രത്തെ നോക്കിക്കൊണ്ടു മനസ്സു് എരിഞ്ഞുപൊരിഞ്ഞു് ഉഴന്നു് ഹരി ജീവിതത്തിൽ തീരെ നിരാശന്മാരായി നിന്നു. മത്സ്യങ്ങളും മുതലകളും തിമിംഗലങ്ങളും നിറഞ്ഞു് അനേകശതംയോജന വിസ്തൃതമായിക്കിടക്കുന്ന ആ മഹോദധിയെ കണ്ടു മുന്നോട്ടു കടക്കുവാൻ ആവാതെ ദുഃഖിതന്മാരായിത്തീർന്ന ഞങ്ങൾ നിരാഹാരവ്രതത്തെ കൈക്കൊണ്ടു് അവിടെ ഇരുന്നു. ഞങ്ങൾ ഓരോന്നു പറയുന്നതിനിടക്കു കഴുകുലവനായ ജടായുവിനെക്കുറിച്ചു പ്രസ്താവമുണ്ടായി. ഉടനേ, പർവ്വതശൃംഗംപോലെ ഉയർന്ന ഘോരരൂപനും, മറ്റൊരു ഗരുഡനെന്നപോലെ ഭയാവഹനുമായ ഒരു പക്ഷി ഞങ്ങളുടെ മുമ്പിൽ വന്നു. ഞങ്ങളെ ഭുജിക്കുവാൻ കരുതിക്കൊണ്ടു് അരികെ വന്ന അവൻ ഞങ്ങളോടു പറഞ്ഞതാവിതു് —

"ഹേ, ഹേ, എന്റെ ഭ്രാതാവായ ജടായുവിനെക്കുറിച്ചു് ഇവിടെ ആരാണു പ്രസ്താവിച്ചതു്? ആ ജടായുവി

ന്റെ ജ്യേഷ്ഠഭ്രാതാവായി, സമ്പാതിയെന്നു പേരായ പ
ക്ഷിരാജനാണു ഞാൻ. ഞങ്ങൾക്ക് അന്യോന്യമുണ്ടായ
സ്പർദ്ധയാൽ ഒരിക്കൽ ഞങ്ങൾ സൂര്യമാർഗ്ഗത്തിലേക്ക് ഉ
യരുകയുണ്ടായി. അതിൽ എന്റെ ചിറകുകൾ ദഹി
ച്ചുപോകയാണുണ്ടായതു്. ആ ആപത്തു ജടായുവിനു
ണ്ടായില്ല. എന്റെ പ്രിയ ഭ്രാതാവായ ആ ഗൃദ്ധ്രനാ
ഥനെ അന്നുമുതൽ എനിക്കു കാണ്മാൻ കഴിഞ്ഞിട്ടി
ല്ല. ചിറകെരിഞ്ഞുപോയ ഞാൻ ഈ മഹാഗിരിയിൽ
വീണു. അപ്പോൾമുതൽ ഞാൻ ഇവിടെയാണു പാ
ർത്തുവരുന്നതു്."

ഇതുകേട്ട്, ഞങ്ങൾ, ആ പക്ഷിയുടെ ഭ്രാതാവു ഹ
തനായതും, ഭവാൻ വ്യസനത്തിലായതും ചുരുക്കത്തിൽ
പറഞ്ഞുകേൾപ്പിച്ചു. ഈ കൊടുതായ അപ്രിയവാർത്ത
കേൾക്കയാൽ വിഷണ്ണചിത്തനായിത്തീർന്ന സമ്പാതിക്ക്
ആരാണു രാമനെന്നും ആരാണു സീതയെന്നും, ജടായു
എങ്ങിനെയാണു ഹതനായതെന്നും വിസ്തരിച്ചു പറഞ്ഞു
കേൾക്കുവാൻ ആശയുണ്ടായി. അതിന്നണ്ണം, ഭവാന്നു
വ്യസനമുണ്ടായതു് എതിനാലെയെന്നും, ഞങ്ങൾ അവിടേ
പ്രായോപവേശം ചെയ്യുമാറായതു് എങ്ങിനെയെന്നുള്ള
വൃത്താന്തം ഒട്ടൊഴിയാതെതന്നെ ഞങ്ങൾ വിസ്തരിച്ചു.
ഉടനെ ആ പക്ഷിരാജൻ ഞങ്ങളെ എഴുന്നേല്പിച്ചു,
താൻ രാവണനേയും, ആ രാക്ഷസന്റെ മഹാപുരിയാ
യ ലങ്കയേയും അറിയുമെന്നും, സമുദ്രതീരത്തിൽ ത്രികൂ
ടഗിരിയുടെ താഴ്വരയിലായി ലങ്കാപുരം താൻ ക
ണ്ടിട്ടുണ്ടെന്നും, അവിടെ തീർച്ചയായും വൈദേഹിയേ

കാണാമെന്നും ഞങ്ങളോടു പറഞ്ഞു. തൽക്ഷണം ഞങ്ങൾ എഴുന്നൂറു കടൽ ചാടിക്കടക്കേണ്ടതു് എങ്ങിനെയെന്നു് ആലോചിച്ചുതുടങ്ങി. സമുദ്രത്തെ ലംഘിക്കുന്നതിനു മററാരും ഒരുങ്ങുന്നില്ലെന്നു കണ്ടപ്പോൾ, ഞാൻ എൻെറ പിതാവിനെ എന്നാൽ ആശ്വസിപ്പിച്ചു് ആ വൻകടലിൻെറ അക്കരയിലേക്കു കുതിച്ചുചാടി. ജലരാക്ഷസിയെ കൊന്നു നൂറുയോജന വിസ്തീർണ്ണമുള്ള മഹാസാഗരം കടന്നു ലങ്കയിൽ ചെന്നു രാവണൻെറ അന്തഃപുരത്തിൽവെച്ചു ഞാൻ സതിയായ സീതയെ കാണുകതന്നെ ചെയ്തു. ഭർത്തൃദർശനത്തിൽ ലാലസയായി, ഉപവാസശീലയായി, തപസ്വിനിയായി, ദീനയും, കൃശയുമായി, ജടിലയും, മലപങ്കിലയുമായി അവിടെ വാഴുന്ന ആ പാവപ്പെട്ടവൾ സാക്ഷാൽ സീതതന്നെയെന്നു പലതരം ലക്ഷണങ്ങളെക്കൊണ്ടു ഞാൻ നിശ്ചയിച്ചു, വിജനത്തിൽവെച്ചു് ആ ആര്യയുടെ മുമ്പിൽ ചെന്നു വൃത്താന്തമെല്ലാം ഉണർത്തിച്ചു—

"അല്ലയോ, സീതേ, ഞാൻ രാമൻെറ ദൂതനായിവന്നിട്ടുള്ള വായുപുത്രനായ വാനരനാണു്. ഭവതിയെ കാണുവാൻ കൊതിച്ചുകൊണ്ടു ഞാൻ ആകാശമാർഗ്ഗത്തിൽകൂടിയാണു് ഇവിടെ വന്നിരിക്കുന്നതു്. രാജപുത്രന്മാരും ഭ്രാതാക്കന്മാരുമായ രാമലക്ഷ്മണന്മാർ കപീന്ദ്രനായ സുഗ്രീവൻെറ പരിരക്ഷയിൽ കുശലികളായി വാഴുന്നുണ്ടു്. സൌമിത്രിയോടുകൂടിയ രാമൻ ഭവതിയോടു കുശലംപറയുവാൻ എന്നോടു ഏല്പിച്ചിരിക്കുന്നു. സഖിത്വംകൊണ്ടു സുഗ്രീവനും ഭവതിയോടു കുശലപ്രശ്നം ചെയ്യുന്നു. സർ

വാനരന്മാരോടുംകൂടി ഭവതിയുടെ ഭർത്താവു് ഉടനെ ഇവിടെ വരും. ഹേ, ദേവി, ഞാൻ രാക്ഷസനല്ല വാനരനാണെന്നു ഭവതി വിശ്വസിച്ചാലും"!

ഒട്ടിട ചിന്തിച്ചുനിന്നതിൽപ്പിന്നെയാണു സീതയിൽനിന്നു് ഇതിന്നു മറുപടി പുറപ്പെട്ടതു്.

സീത—അവിന്ധ്യൻ മുമ്പു പറഞ്ഞിട്ടുള്ളതിൽനിന്നു്, ഭവാൻ ഹനുമാൻ തന്നേയെന്നു് എനിക്കു് അറിയുവാൻ കഴിഞ്ഞിരിക്കുന്നു. വൃദ്ധജനസമ്മതനായ രാക്ഷസനാണു് ആ അവിന്ധ്യൻ. ഭവാനെപ്പോലെയുള്ള സചിവന്മാരാൽ ആവൃതനായിട്ടാണു സുഗ്രീവൻ വർത്തിക്കുന്നതെന്നു് ആ രാക്ഷസൻ പറഞ്ഞിട്ടുണ്ടു്. ഇനി, മഹാബാഹുവായ ഭവാൻ പോയിക്കൊണ്ടാലും!

ഇത്രയും പറഞ്ഞു സീതാദേവി എന്റെ കൈവശം ഈ രത്നം തന്നു. ഈ രത്നത്തെക്കൊണ്ടാണു് അനിന്ദിതയായ വൈദേഹി ഇത്രയും കാലം പ്രാണധാരണം ചെയ്തിരിക്കുന്നതു്. വിശ്വാസത്തിന്നുവേണ്ടി ജാനകി എന്നോടു് ഒരു പൂർവ്വകഥ പറഞ്ഞിട്ടുണ്ടു്. ചിത്രകൂടമഹാഗിരിയിൽവെച്ചു പുരുഷവ്യാഘ്രനായ ഭവാൻ ഒരു കാകനിൽ പുൽത്തണ്ടുകൊണ്ടു് എയ്യുകയുണ്ടായിട്ടുള്ളതാണു് ശ്രദ്ധയാകൃത്തിന്നായി പറഞ്ഞുതന്ന ആ കഥ. പിന്നീടു, ഞാൻ രാക്ഷസന്മാരെക്കൊണ്ടു് എന്നെ ബന്ധിപ്പിക്കയും, ഞാൻ ആ ലങ്കാപുരിയെ ദഹിപ്പിക്കയും ചെയ്തു. ഇത്രയും കഴിഞ്ഞിട്ടാണു ഞാൻ ഇങ്ങു തിരിച്ചുവന്നിരിക്കുന്നതു്.

ഈ പ്രിയവർത്തമാനം കേട്ടു രാമൻ ഹനുമാനെ

അഭിനന്ദിച്ചു. അങ്ങിനെ ആ വാനരശ്രേഷ്ഠന്മാരോടുകൂടി രാമൻ മാല്യവാനിൽ വാണുവരവെ, സുഗ്രീവാജ്ഞയാൽ വാനരന്മാർ കൂട്ടംകൂട്ടമായി അവിടെ വന്നു ചേർന്നു തുടങ്ങി. ബാലിയുടെ ശ്വശുരനായ ശ്രീമാൻ സുഷേണന്റെ നേതൃത്വത്തിൽ തരസ്വികളായ ആയിരംകോടിയും, വാനരേന്ദ്രന്മാരും മഹാവീര്യന്മാരുമായ ഗജന്റെയും ഗവയന്റെയും നേതൃത്വത്തിൽ വേറെ വേറെ നൂറു കോടിയും, ഭീമദർശനനും ഗോലാംഗൂലനുമായ ഗവാക്ഷന്റെ മേൽനോട്ടത്തിൽ ആറായിരം കോടിയും, ഗന്ധമാദനത്തിൽ വാഴുന്ന വിഖ്യാതനായ ഗന്ധമാദനന്റെ കീഴിൽ ആറായിരം കോടിയും, മേധാവിയും ഏററവും മഹാബലനുമായ പനസന്റെ ആധിപത്യത്തിൽ അഞ്ചും, പത്തും, പന്തിരണ്ടും, മുപ്പതും കോടിയും വാനരയോധന്മാർ കിഷ്കിന്ധയിൽ വന്നു നിറഞ്ഞു. ഭീമതേജസ്സേറിയ മഹാസൈന്യത്തോടുകൂടി അതിവീര്യവാനും, വാനരവൃദ്ധനും ശ്രീമാനുമായ ദധിമുഖൻ സുഗ്രീവസൈന്യത്തിൽ സമ്മേളിച്ചു. ഭീമകർമ്മാക്കളായ ആറായിരം കോടി കരിംകരടികളോടുകൂടി ജാംബവാനും ഇക്കൂട്ടത്തിലുണ്ടു്. ഇവരും വാനരവീരന്മാരായ മററസംഖ്യം പേരും രാമകാര്യത്തിനായി സന്നദ്ധരായി. ഗിരികൂടതുല്യന്മാരായ വാനരന്മാർ സിംഹത്തെപ്പോലെ ഗർജ്ജിക്കയും, അങ്ങിങ്ങു പായുകയും ചെയ്യുന്നതിൽനിന്നു സർവ്വത്രഘോരശബ്ദം മുഴങ്ങി. ആ വാനരവീരന്മാരിൽ പർവ്വതതുല്യന്മാരും, മഹിഷസന്നിഭന്മാരും, ശരൽകാലത്തിലെ വെൺമുകിൽപോലെ വിളങ്ങുന്നവരും ഉൾപ്പെട്ടിട്ടുണ്ടു്. അവ

ർ മേല്പോട്ടു ചാടിയും കിഴ്പോട്ടു തുള്ളിയും, കുതിച്ചു പാ
ഞ്ഞും ദിക്കെങ്ങും പൊടിപറപ്പിച്ചു. നിറക്കടൽപോലെ
പരന്ന ആ വാനരമഹാസൈന്യം സുഗ്രീവന്റെ അനു
മതിപ്രകാരം അവിടെവാണുവരവെ, എല്ലാദിക്കുകളിൽ
നിന്നും വാനരേന്ദ്രന്മാരെല്ലാവരും വന്നെത്തികഴിഞ്ഞതി
ൽപ്പിന്നെ ശുഭതിഥിയിൽ, പ്രശസ്തനക്ഷത്രത്തിൽ സുമുഹൂ
ൎത്തത്തിൽ, ലോകങ്ങൾ കുലുങ്ങുമാറു, സൈന്യവ്യൂഹം ച
മച്ചു സുഗ്രീവനോടുകൂടി ശ്രീമാനായ രാഘവൻ കിഷ്കി
ന്ധയിൽനിന്നു പുറപ്പെട്ടു. സൈന്യമുഖമായി നിന്നതു
വായുപുത്രനായ ഹനുമാനാണു. മദ്ധ്യഭാഗത്തെ സംര
ക്ഷിച്ചതു നിർഭയനായ സൌമിത്രിയാണു. ഉടുമ്പിൻതോ
ൽകൈയ്യുറ ചാൎത്തി, വാനരവീരന്മാരാൽ പരിവാരിത
ന്മാരായി നടകൊള്ളുന്ന ആ രാഘവന്മാർ ഗ്രഹങ്ങളോ
ടുകൂടിയ സൂൎയ്യചന്ദ്രന്മാരെപ്പോലെ പരിശോഭിച്ചു. കല്ലു
കളും, പയിൻ, പന മുതലായ മരങ്ങളും ആയുധങ്ങളാ
യ് ഏന്തിയ ആ വാനരസൈന്യം സൂൎയ്യോദയംതോറും
പരപ്പേറിയ വിളഞ്ഞ നെൽവയൽപോലെ കാ
ണായിവന്നു. നളൻ, നീലൻ, ഗദൻ, ക്രാധൻ, മൈ
ന്ദൻ, ദ്വിവിദൻ എന്നിവരാൽ പരിപാലിതമായ ആ
മഹാസൈന്യം രാമകാൎയ്യസിദ്ധിക്കായി എന്തും ചെയ്യു
വാൻ തുനിഞ്ഞുകൊണ്ടാണു യാത്ര തുടൎന്നതു്. ഫലമൂല
ങ്ങളും, മധുമാംസങ്ങളും, ശുദ്ധജലവും ധാരാളമായുള്ള
മേന്മകൂടിയ പലതരം ശുഭപ്രദേശങ്ങളിലും മലയിൻ
താഴ്വരകളിലും തങ്ങിത്തങ്ങിക്കൊണ്ടു് ആ വാനര
സൈന്യം, ഒടുവിൽ, സമുദ്രതീരത്തിൽ എത്തി. നിര

ക്കേ കൊടികളുയന്ന ആ പെരുമ്പട അവിടേ മററൊരു വൻകടൽപോലെയായി. അവർ ആ സമുദ്രതീരവനത്തിൽ താവളം ഉറപ്പിച്ചു. ഇനി ഈ സമുദ്രം എങ്ങിനേയാണ കടക്കേണ്ടതു്? അതുതന്നേയാണ് ഈ അവസരത്തിൽ ശ്രീമാനായ ദാശരഥി വാനരമുഖ്യന്മാരുടെ മദ്ധ്യത്തിൽവെച്ചു സുഗ്രീവനോടുകൂടി ആലോചിച്ചതു്.

"ഈ സമുദ്രത്തെ ലംഘിക്കുന്നതിന്ന നിങ്ങൾക്കെല്ലാവക്കും സുസമ്മതമായ ഉപായം ഏതാണ്? ഏററവും മഹത്തരമായ സേനയാണിതു്. സമുദ്രമാവട്ടെ, ഏററവും ദുസ്തരമായിരിക്കുന്നതുമുണ്ടു്."

അപ്പോൾ മാനംകൂടിയ ചില വാനരന്മാർ തങ്ങൾ കടൽ ചാടിക്കടക്കുവാൻ സമത്ഥന്മാരാണെന്ന വാദിച്ചു. എന്നാൽ, അങ്ങിനേ ചെയ്യുന്നതിന്ന് യോധന്മാക്കെല്ലാവക്കും കഴിയുന്നതല്ലല്ലോ. തോണികളേയും മററു പലതരം ജലയാനങ്ങളേയും കൊണ്ടു് അക്കര ചേരാമെന്നു വേറേ ചിലർ പറഞ്ഞു. ഇതൊന്നും ശരിയായ ഉപായമല്ലെന്നാണ രാമൻ സാന്ത്വനപൂവ്വകം ആ വാനരന്മാക്കു് മറുപടി കൊടുത്തതു്.

രാമൻ—നിങ്ങളുടേ ഈ മനോഗതി ഒട്ടുംതന്നേ യുക്തമല്ല. ഒരുനൂറു യോജന വിസ്താരം കൂടിയ മഹാസമുദ്രമാണിതു്. ഈ വാനരന്മാക്കെല്ലാവക്കും ഈ കടൽ ചാടിയോ നീന്തിയോ കടക്കുവാൻ തീച്ചയായും കഴികയില്ല. തോണികളിൽ കയറി അക്കരയിലേക്കു ചെല്ലാമെന്നുവെച്ചാൽ, ഈ സൈന്യത്തിന്ന മുഴവൻ

കയറുവാൻ വേണ്ടുന്നേടത്തോളം ജലയാനങ്ങൾ ഇവിടേയില്ല. ഏതാനും തോണികൾ ഇവിടേ കിടക്കുന്നവ നാം ഉപയോഗിച്ചാൽ, അതു വാണിജന്മാൎക്ക ദ്രോഹമായിവരും. അത്തരം ദ്രോഹം എന്നെപ്പോലെയുള്ളവർ തീൎച്ചയായും ചെയ്കയില്ല. വിശേഷിച്ച്, നമ്മുടെ ഈ പരന്ന പെരുമ്പട തോണികളിൽ യാത്ര ചെയ്കയാണെങ്കിൽ ഈ സൈന്യത്തെ പഴുതാക്കി നശിപ്പിക്കുവാൻ ശത്രു അമാന്തിക്കയില്ലല്ലോ. അതുകൊണ്ട്, ജലയാനങ്ങളിൽകൂടി കടൽ കടക്കുകയെന്ന കാൎയ്യം എനിക്ക് ഒട്ടും രുചിക്കുന്നില്ല. ഞാൻ കാണുന്ന വഴി, ഈ സമുദ്രത്തെ വഴിപോലെ ആരാധിച്ചു പ്രസാദിപ്പിക്കുകയെന്നാണ്. ഉപവസിച്ചുകൊണ്ടു ഞാൻ ഇവിടെ കിടക്കും. അപ്പോൾ സമുദ്രം നമുക്ക വഴികാണിച്ചു തരാതിരിക്കയില്ല. അങ്ങിനേ ചെയ്യാതിരുന്നാൽ, ഞാൻ ഈ സമുദ്രത്തെ, അഗ്നിയെക്കാൾ ഉജ്വലവും, വായുവേക്കാൾ വേഗവും കൂടി അപ്രതിഹതമായ മഹാസ്ത്രംകൊണ്ടു നിശ്ശേഷം ദഹിപ്പിക്കും.

ഉടൻ, രാഘവൻ സൌമിത്രിയോടുകൂടി ആചമിച്ചു കടൽക്കരയിൽ കുശപ്പുല്ലു വിരിച്ച് അതിന്മേൽ വിധിപോലേ കിടന്നു. അങ്ങിനെ കിടക്കുമ്പോൾ, നദനദീനാഥനും, ജലജീവികുലങ്ങളാൽ ആവൃതനും, ശ്രീമാനുമായ സാഗരദേവൻ രാഘവന്നു സ്വപ്നത്തിൽ കണ്ണായിവന്നു. അനേകശതം രത്നാകരങ്ങളോടുകൂടിയ ആ ദേവൻ "അല്ലയോ, കൌസല്യാപുത്ര" എന്നിങ്ങിനെ സുമധുരം വിളിച്ചിട്ട് വേണ്ടുന്നതെന്തെന്നു ചോദിച്ചു.

"പുരുഷശ്രേഷ്ഠനായ ഞാൻ എന്തൊരു സാഹായ്യമാണു ചെയ്യേണ്ടതെന്നു പറഞ്ഞാലും! ഞാനും ഇക്ഷ്വാകുവംശജനാണ്; ആ നിലയ്ക്കു ഞാൻ ഭവാൻേറ ജ്ഞാതിയാണല്ലോ."

രാമൻ—നദീപതിയായ ഭവാൻ ഈ സൈന്യത്തിന്നു വഴിതരേണമെന്നാണ് എൻേറ ഇച്ഛ. ആ വഴിയൽക്കൂടിച്ചെന്ന് ആ പൌലസ്ത്യാധമനായ രാവണനേ എനിക്ക് കൊല്ലണം. ഞാൻ ഇങ്ങിനേ യാചിച്ചിട്ടും എനിക്ക് ഭവാൻ മാൎഗ്ഗം തരാതിരുന്നാൽ, ദിവ്യാസ്ത്രംപ്രയോഗിച്ചു ഞാൻ ഭവാനേ ശോഷിപ്പിക്കും.

ഈ രാമവാക്യത്താൽ മനസ്സു മറിപ്പെട്ട സമുദ്രം കൈകൂപ്പി നിന്നുകൊണ്ടാണ് മറുപടി കൊടുത്തതു്.:—

"ഭവാനോടു എതിൎക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഭവാനു് ഒരിക്കലും വിഘ്നകരനാകയില്ലെന്ന് അറിയേണ്ടതാണ്. എൻേറ വാക്കു കേട്ടു ഭവാൻ കൎത്തവ്യത്തേ ചെയ്താലും. ഭവാൻേറ ആജ്ഞയേ അനുസരിച്ചു ഞാൻ ഈ സൈന്യത്തിന്നു് അക്കരകടക്കുവാൻ വഴികൊടുത്താൽ, ചാപബലത്തേ അവലംബിച്ചു മററുള്ളവരും എന്നോടു് ഈ വിധം ആജ്ഞാപിച്ചേക്കും. അതുകൊണ്ടു്, വേറേ പ്രകാരത്തിൽ ഭവാൻ പ്രവൎത്തിക്കേണമെന്നാണു ഞാൻ പറയുന്നതു്. ഈ വാനരസൈന്യത്തിൽ നളനെന്നു പേരായ ഒരു ശില്പിപ്രവരനുണ്ടു്. ആ ബലവാൻ ദേവശില്പിയായ വിശ്വകൎമ്മാവിൻേറ പുത്രനാണ്. വിറകോ, കല്ലോ, പുല്ലോ ആ വാനരവീരൻ എന്നിൽ എറിയുന്നതായാൽ അതൊക്കെയും ഞാൻ താങ്ങിനിന്നുകൊള്ളാം. ഒടുവിൽ അതെല്ലാം

ചേന്ന് ഈ സൈന്യത്തിന്നു നടന്നുചെല്ലുവാൻ ഉതകുന്ന സേതുവായിത്തീരും.”

ഇങ്ങിനേ കർത്തവ്യത്തെ അറിയിച്ചു സമുദ്രദേവൻ മറഞ്ഞു. ഉടനേ നളനേ വിളിച്ച് “ഈ സമുദ്രത്തിൽ ചിറ കെട്ടുകയാണ് ഇപ്പോൾ ഭവാൻ ചെയ്യേണ്ടിയിരിക്കുന്നതു്” എന്നും “അതിന്നു ഭവാൻ ശക്തനാണെന്നാണ് എന്റെ മതം” എന്നും രാമൻ പറഞ്ഞു. അതിന്മണ്ണം രാഘവന്റെ ആഭിമുഖ്യത്തിൽ സേതുബന്ധം നടന്നു. പത്തുയോജന വീതിയും നൂറു യോജന ദീർഘവുമുള്ള അതിന്നു നളസേതുവെന്ന വിഖ്യാതി ഭൂമിയിലെങ്ങും പരന്നു് ഇന്നും നിലനിന്നുവരുന്നു.

രാമാജ്ഞയേ അനുസരിച്ചു ഗിരിതുല്യനായ നളൻ ചിറകെട്ടിക്കഴിഞ്ഞതിൽപ്പിന്നേ, രാക്ഷസേന്ദ്രന്റെ ഭ്രാതാവായ വിഭീഷണൻ തന്റെ നാലു സചിവന്മാരോടു കൂടി അവിടെ വന്നു. ആ ധർമ്മാത്മാവിനേ മഹാമനസ്വിയായ രാമൻ സ്വാഗതത്തോടെ കൈക്കൊണ്ടു. രാവണന്റെ ചാരനായിരിക്കുമോ ഈ രാക്ഷസൻ എന്നു സുഗ്രീവൻ ശങ്കിക്കയുണ്ടായി. രാഘവനാകട്ടേ, വിഭീഷണന്റെ ചേഷ്ടകളും ഇംഗിതങ്ങളും ആചാരങ്ങളും നിഷ്കളങ്കമായിരിക്കുന്നതു കണ്ടു ഹാർദ്ദമായ സന്തുഷ്ടിയോടേ ആ രാവണാനുജനേ സൽക്കരിക്കുവാൻ മടിച്ചില്ല. അന്നുതന്നെ വിഭീഷണനെ സർവ്വരാക്ഷസന്മാരുടേയും രാജാവായി രാമൻ അഭിഷേകം ചെയ്തു. ആ നിശാചരശ്രേഷ്ഠൻ രാമന്റെയെന്നപോലെ ലക്ഷ്മണന്റെയും മന്ത്രസചിവനും സുഹൃത്തുമായി വർത്തിച്ചു. വിഭീഷണന

തംപോലെയാണു് രാമൻ സൈന്യത്തോടുകൂടി സേതുവഴിക്കു് ആ മഹാസമുദ്രം കടന്നതു്. ഒരു മാസംകൊണ്ടു വാനരസൈന്യം അക്കരയിലെത്തി. രാമൻ ലങ്കയിൽ കടന്ന ഉടനെ വാനരന്മാരെ നിയോഗിച്ചു്, അവിടത്തെ വലിയ വലിയ പല പല ഉദ്യാനങ്ങളേയെല്ലാം പലമട്ട തകൎത്തുവിട്ടു. ഇത്രയുമായപ്പോൾ രാവണന്റെ മന്ത്രിമാരായ ശുകസാരണന്മാർ വാനരരൂപം ധരിച്ച രാമസൈന്യത്തിൽ കടന്നുകൂടി. അവരെ വിഭീഷണൻ കണ്ടറിഞ്ഞു പിടിച്ചുകെട്ടി രാമന്റെ മുമ്പാകെ ഹാജരാക്കി അപ്പോൾ ആ നിശാചരന്മാർ സ്വന്തം രാക്ഷസരൂപംതന്നെ കൈക്കൊണ്ടു രാമനെ അഭയം പ്രാപിച്ചു. അവരെക്കൊണ്ടു് രാവണസൈന്യത്തെ കാണിപ്പിച്ചതിൽപ്പിന്നെ അവരെ വിട്ടയയ്ക്കുയും ചെയ്തു. അനന്തരം ഫലമൂലങ്ങളും ജലവും സമൃദ്ധമായുള്ള നാഗരോദ്യാനത്തിൽ വാനരസൈന്യത്തെ ഉറപ്പിച്ചുനിൎത്തി രാമൻ വിധിപോലെ പരിരക്ഷിച്ചുവന്നു. ഈ ഘട്ടത്തിൽത്തന്നെ പ്രാജ്ഞനായ അംഗദനെ രാവണന്റെ അടുക്കലേക്കു ദൂതനായി അയക്കയുമുണ്ടായി

രാമായണം: ആറാം ഖണ്ഡം.

രാമലക്ഷ്മണന്മാർ വാനരസൈന്യത്തോടുകൂടി വന്നിരിക്കുന്നതറിഞ്ഞു് രാവണൻ ലങ്കയിൽ യുദ്ധസംബന്ധമായ ഒരുക്കങ്ങളെല്ലാം വിധിപോലെ ചെയ്തുവെച്ചു.

ഉറപ്പേറിയ മതിലുകളാലും കമാനങ്ങളാലും പ്രകൃത്യാ ദുരാധർഷമാണു ലങ്കാപുരി. മത്സ്യങ്ങളും മുതലകളും നിറഞ്ഞു് ഏററവും ആഴം കൂടി, നിരക്കെ കരിങ്ങാലിക്കുററി നാട്ടി തികച്ചും ദുർദ്ധർഷമായി ഏഴു കിടങ്ങുകൾ അവിടേയുണ്ടു്. ഏരികല്ലുകളും മററും യഥാസ്ഥാനം തയ്യാറാക്കിവെച്ചു, ശത്രുക്കൾക്കു കടക്കാവതല്ലാത്ത യന്ത്രവാതിലുകളോടുകൂടിയവയാണു് അവ. പാമ്പുകളെ അടക്കിവെച്ചിട്ടുള്ള കുടങ്ങളും നാസ്യോരണപ്പൊടിയും അവയിൽ അവിടവിടേ നിക്ഷേപിച്ചിട്ടുണ്ടു്. ഉലക്ക, തിക്കൊള്ളി, കൂരമ്പു്, ഗദ, വെണ്മഴു, ശതഘ്നി, മുൾത്തടി, മുതലായ ആയുധങ്ങൾക്കൊന്നിന്നും അവിടേ കുറവില്ല. പുരദ്വാരങ്ങളിലെല്ലാം ചരങ്ങളും അചരങ്ങളുമായ മഹാസ്തംഭങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അവിടങ്ങൾ കാലാൾപ്പട, കുതിരപ്പട, ആനപ്പട എന്നിവയാൽ ബഹുലമാണു്. ഇങ്ങിനേയുള്ള ലങ്കാപുരിയിൽ ദ്വാരദേശത്തെ പ്രാപിച്ചു, രാക്ഷസേന്ദ്രൻ അറിയേത്തന്നെ രാമദൂതനായ അംഗദൻ അകത്തു കടന്നു. ആ മഹാബലൻ ബഹു ബഹു രാക്ഷസകോടികളുടേ മദ്ധ്യത്തിൽ, മേഘമാലകൾ ചൂഴന്ന ആദിത്യനെന്നപോലെ ശോഭിച്ചു. അമാത്യന്മാരാൽ ആവൃതനായി സ്ഥിതിചെയ്യുന്ന പൌലസ്ത്യനായ രാവണന്റെ മുമ്പിൽ നിർഭയം കടന്നുചെന്നു വാഗ്മിയായ അംഗദൻ ആ രാക്ഷസേന്ദ്രനെ സംബോധനം ചെയ്തുകൊണ്ടു രാമസന്ദേശത്തെ അറിയിച്ചതാവിതു്:—

'രാജാവേ, ഭവാൻ ശ്രദ്ധയോടേ കേട്ടു്, അതിന്ന

ണ്ണും യഥാവസരം ചെയ്യേണ്ടതിലേക്ക മഹാ യശസ്വി
യും കോസലേന്ദ്രനുമായ രാഘവൻ ഭവാനോട പറയു
ന്നത് എന്തെന്ന കേട്ടാലും:—ദുരാത്മാവും ദുൎന്നയനുമാ
ണ രാജാവെങ്കിൽ ആ രാജാവിന്നുള്ള ദേശങ്ങളും നഗ
രങ്ങളും അപനയത്താൽ നശിച്ചുപോകും. സീതയെ അ
പഹരിച്ച് എനിക്ക തെററു ചെയ്തിരിക്കുന്നതു ഭവാൻ മാ
ത്രമാണെങ്കിലും, ഭവാൻ മാത്രമല്ലാ, ഭവാനേ സംബ
ന്ധിച്ച മററെല്ലാവരും വധാൎഹന്മാരായിട്ടാണ തീൎന്നിരി
ക്കുന്നത്. ബലഗൎവ്വത്തിൻെറ ആവേശത്താൽ ഭവാൻ മു
മ്പു വനവാസികളായ മുനികളെ ഹിംസിക്കയും ദേവ
ന്മാരെ അവമാനിക്കയും രാജൎഷികളേ കൊല്ലുകയും
ചെയ്തുവന്നിരിക്കുന്നു. സ്ത്രീകളേ പിടിച്ച്, അവർ കര
യുന്ന നിലയിൽത്തന്നേ ഭവാൻ വധിച്ചിട്ടുണ്ട്. ആ
വക ദുൎന്നയങ്ങളുടേയെല്ലാം ഫലം ഇപ്പോൾ ഇതാ അ
ടുത്തെത്തിയിരിക്കുന്നു. ഭവാനെ അമാത്യന്മാരോടകം
ഞാൻ കൊല്ലാതെ വിടുകയില്ല. ഹേ, നിശാചര, മനു
ഷ്യനായ ഈയുള്ളവന്നുള്ള ധനുൎവ്വീൎയ്യത്തെ ഭവാൻ കണ്ടു
കൊള്ളുക. ആണത്തമുണ്ടെങ്കിൽ ഭവാൻ എന്നോട
പൊരുതുവാൻ വരണം. ഭവാന്ന മോചനം വേണമെ
ന്നുണ്ടെങ്കിൽ, ജാനകിയെ ഉടൻ വിട്ടയക്കണം. അ
ങ്ങിനെ ചെയ്യാതിരുന്നാൽ ഞാൻ കൂരമ്പുകളെക്കൊണ്ട്
ഈ ലോകത്തെ അരാക്ഷസമാക്കിത്തീൎക്കും.

ദൂതൻ പറഞ്ഞ ഈ പരുഷവാക്കുകൾ കേട്ട് അമ
ൎഷം പെരുത്ത രാവണൻ ക്രോധാധിക്യത്താൽ മതിമ
ന്നുപോയി. സ്വാമിയുടെ ഇംഗിതത്തെ ഗ്രഹിച്ച നാലു

രാക്ഷസന്മാർ പെട്ടെന്നു ചാടിച്ചെന്നു, വ്യാഘ്രം പക്ഷികളെയെന്നപോലെ അംഗദന്റെ നാലു് അംഗങ്ങളിൽ പിടികൂടി. അപ്പോൾ, തന്റെ അവയവങ്ങളെ ഗ്രഹിച്ചിട്ടുള്ള ആ രാക്ഷസന്മാരോടുകൂടി അംഗദൻ ആകാശത്തിലേക്കുയൎന്നു മാളികയിലേക്കു ചാടി. ഊക്കോടുകൂടിയ ആ ചാട്ടത്തിൽ രാക്ഷസന്മാർ നാൽവരും പിടിവിട്ടു് തെറിച്ചുവീഴുകയാൽ ആ വീഴ്ചയിൽ ഏററ അടികൊണ്ടു ഹൃദയം പിളൎന്നു് അവർ ഏററവും പീഡിതരായി. അംഗദനാവട്ടെ മാളികമുകളിൽ നിന്നു കാലൂന്നിക്കുതിച്ചുചാടി രാമസന്നിധിയെ പ്രാപിച്ചു. ലങ്കയിൽ നിന്നു പറന്നെത്തിയ തേജസ്വിയായ ആ ബാലിപുത്രൻ വൃത്താന്തമെല്ലാം കോസലേന്ദ്രനെ ഉണൎത്തിച്ചു്, ആ രഘുവീരന്റെ അഭിനന്ദനത്തെ കൈക്കൊണ്ടു് അവിടെ വിശ്രമിക്കയും ചെയ്തു.

അനന്തരം, രഘുനന്ദനൻ വായുവേഗംകൂടിയ വാനരന്മാരേ കൂട്ടത്തോടേ നിയോഗിച്ചു, ലങ്കയിലെ മതിൽക്കെട്ടിനെ അടിച്ചുതകൎത്തി. കടക്കുവാൻ ദുഷ്കരമായ തെക്കേ കോട്ടവാതിൽ വിഭീഷണനേയും ജാംബവാനേയും പുരസ്കരിച്ചുചെന്നു ലക്ഷ്മണൻ പിളൎന്നുതള്ളി. ഉടനെ വിവിധവൎണ്ണം കലൎന്ന നൂറായിരം കോടി യുദ്ധശാലികളായ വാനരന്മാർ ലങ്കയിലേക്കു കൂട്ടംകൂട്ടമായി ചാടിത്തുടങ്ങി. തുടകവിഞ്ഞു കണങ്കാൽവരെ കൈകൾ നീണ്ട മൂന്നുകോടി ധൂമ്രവൎണ്ണന്മാരായ കരടികളും ലങ്കയിൽ കടന്നു. തുള്ളിച്ചാടിയിറങ്ങുന്ന വാനരന്മാരുടെ ഓട്ടവും ചാട്ടവുംകൊണ്ടു ഭൂമിയിൽനിന്നുയൎന്ന ധൂളിപട

ലത്താൽ സൂൎയ്യൻ നിഷ്പ്രഭനായി മറഞ്ഞുപോയി. ചെന്നക്കതിർപോലെയും, വാകപ്പൂപോലെയും ബാലാൎക്കനെപ്പോലെയും നിറം ചേൎന്ന വാനരന്മാരാൽ ആ കോട്ട മുഴുവൻ മഞ്ഞളിച്ചു കാണ്മായിവന്നു. അവരെക്കണ്ടു സ്ത്രീവൃദ്ധന്മാരടക്കം സൎവ്വരാക്ഷസന്മാരും വിസ്മിതരായി. ആ വാനരന്മാർ കയ്യുകാൽ അവിടെയുള്ള മണിസ്തംഭങ്ങളേയും, ചുറ്റുവീഥികളിലുള്ള ഗൃഹങ്ങളുടെ മുടികളേയും, മാളികകളേയും തകൎത്തു പൊടിപെടുത്തുകയും യന്ത്രങ്ങളെ ഊരിയെറിയുകയും, ആയുധങ്ങളെയെല്ലാം താറുമാറാക്കിച്ചിതറിയിടുകയുംചെയ്തു ലങ്കാമദ്ധ്യത്തിൽ അതിഘോരമായ ശബ്ദം മുഴക്കി. കോട്ടക്കാവലാളികളായി നിന്നിരുന്ന ഏതാനും രാക്ഷസഗണങ്ങൾ പാഞ്ഞുവരുന്ന കപികളെക്കണ്ടു് കൂട്ടത്തോടെ ഓടിയൊളിച്ചു. അപ്പോൾ, ലങ്കാധിപന്റെ നിയോഗപ്രകാരം, വികൃതാകാരന്മാരും, ഇഷ്ടംപോലെ രൂപം മാറുവാൻ കഴിവുള്ളവരുമായ രാക്ഷസന്മാർ നൂറുമായിരവുമായി കൂട്ടത്തോടേ വന്നു, വിക്രമത്തെ അവലംബിച്ചു, ശസ്ത്രവൎഷം ചൊരിഞ്ഞു, വാനരന്മാരെ മുഴുവൻ അകററി കോട്ടയെ നിൎബ്ബാധം ശോഭനീയമാക്കി. ഉഴന്നിൻനിറംചേൎന്ന ഭീമദശനന്മാരായ ആ രാക്ഷസന്മാർ കോട്ടയെ മുഴുവൻ കട്ടനേരത്തേക്കു് വാനരശൂന്യമാക്കിത്തീൎത്ത ആ യുദ്ധം അതിഘോരമായിട്ടാണു നടന്നതു്. ശൂലമേററു മെയ് മുറിഞ്ഞു വാനരവീരന്മാരിൽ വളരേ പേർ വീണുപോയി. സ്തംഭങ്ങൾ പുഴക്കി വാനരന്മാർ പൊരുതടിക്കയാൽ നിശാചരന്മാൎക്കും കട്ടില്ലാത്ത നാശമുണ്ടായി. രാക്ഷസവാ

നന്മാർ പരസ്പരം തലമുടി പിടിച്ചുവലിച്ചുകൊണ്ട്, ഇങ്ങിനെയൊരു യുദ്ധം നടത്തുകയുണ്ടായി. ആ വീരന്മാർ കടിച്ചും മാന്തിയും പരസ്പരം നിന്നുകൊണ്ടു പോരാടി. രാക്ഷസന്മാരെന്നപോലെ വാനരന്മാരും ഘോരശബ്ദം മുഴക്കി. ചത്തുവീണു ഭൂമിയിൽ കിടക്കുന്നവർപോലും പരസ്പരം പിടിവിടാതായി. രാഘവൻ നിശിതശരങ്ങൾ, മഴയെന്നപോലെ ചൊരിയവെ, ലങ്കയിൽ കടന്നു രാക്ഷസന്മാരെ കൂട്ടത്തോടെ കൊല്ലുവാൻ വാനരന്മാക്ക് ഉത്സാഹം വർദ്ധിച്ചു. തുച്ഛയൊട്ടും പറ്റാത്ത ഉഗ്രൻ വില്ലാളിയായ സൌമിത്രിയും നാരാചങ്ങൾ പ്രയോഗിച്ചു ദുർഗ്ഗപാലന്മാരായ രാക്ഷസന്മാരെ നേരിട്ടു നേരിട്ടെതിർത്തു കൊന്നു കൊന്നു വീഴ്ത്തി. ലങ്കയെ ഇങ്ങിനേ തകത്തതിൽ രാഘവന്റെ ആജ്ഞയാൽ വാനരസൈന്യമെല്ലാം കൈനിലയിലേക്ക മാറുകയും ചെയ്തു.

വിശ്രമാനന്തരം വീണ്ടും വാനരന്മാർ ലങ്കയെ ആക്രമിച്ചു. അവരെ രാവണന്റെ അനുചരന്മാരായ ക്ഷുദ്രപിശാചരാക്ഷസന്മാർ പല പല സംഘങ്ങളായി വന്ന് എതിർത്തു തടഞ്ഞു. പർവ്വണൻ, പതനൻ, ജംഭൻ, ഖരൻ, ക്രോധവശൻ, ഹരി, പ്രരുജൻ, അരുജൻ, പ്രഘസൻ മുതലായ ദുരാത്മാക്കൾ അദൃശ്യരായി പാഞ്ഞു വന്നുകൊണ്ടാണു വാനരന്മാരോട് എതിർത്തു്. ഇതറിഞ്ഞു വിഭീഷണനന്ന മുന്നോട്ടുവന്നു് ആ രാക്ഷസന്മാക്കുള്ള അന്തർദ്ധാനശക്തിയെ കെടുത്തുവിട്ടു. അങ്ങിനെ അവർ ദൃശ്യരായിത്തീന്നപ്പോൾ, ബലിഷ്ഠരും കതിച്ചു ചാടുവാൻ

കഴിവുള്ള മഹാബലന്മാരായ കപികൾ ആ നിശാചരന്മാരെ ഒന്നൊഴിയാതെ കൊന്നുവീഴ്ത്തി. ഉടനെ, അമൎഷം കൂടിയ രാവണൻ, താൻ തന്നെ തന്റെ സൈന്യത്തോടുകൂടി പുറപ്പെട്ടു. ഘോരപിശാചരാക്ഷസസൈന്യത്തോടുകൂടി, രണ്ടാം ശുക്രനെന്നപോലെ യുദ്ധശാസ്ത്രവിധാനജ്ഞനായ ലങ്കാധിപൻ പോൎക്കളത്തിൽ വന്നു ശുക്രവ്യൂഹം ചമച്ചു കപികളെ വളഞ്ഞു. സൈന്യത്തെ അണിനിരത്തി വന്നുനിന്ന രാവണനോടു ബൃഹസ്പതിവിധിപ്രകാരം എതിർവ്യൂഹമുണ്ടാക്കി രാമൻ എതിൎത്തടുത്തു. അങ്ങിനെ രാമരാവണന്മാർ തമ്മിൽ നേൎക്കുനേർ തന്നെ യുദ്ധമുണ്ടായി. ഇന്ദ്രജിത്തിനെ ലക്ഷ്മണനും, വിരൂപാക്ഷനെ സുഗ്രീവനും, താരനെ, നിഖൎവ്വടനും തുണ്ഡനെ നളനും, പനസനോടു പടുശനും എതിൎത്തടിച്ചു. ഓരോ രാക്ഷസവീരനോടും തക്ക തക്ക വാനരവിരന്മാർ ഇടഞ്ഞുനിന്നു. അവർ താന്താങ്ങൾക്കുള്ള കൈയൂക്കിനെ ആശ്രയിച്ചുകൊണ്ടു പരസ്പരം പോരാടി. ദേവാസുരന്മാർ തമ്മിലെന്നപോലെ ആ യുദ്ധം ഘോരമായി, രോമഹൎഷണമായി ഭീരുക്കൾക്കു ഭയവൎദ്ധനമായി മുറുകി. വാളു്, വേലു്, കുന്തം മുതലായവ വൎഷിച്ചു രാവണൻ രാമനേയും, കൂൎത്തുമൂൎത്ത ശരങ്ങളെക്കൊണ്ടു രാമൻ രാവണനേയും പീഡിപ്പിച്ചു. അമ്മട്ടുതന്നെ, മൎമ്മം പിളൎക്കുന്ന ശരജാലങ്ങൾകൊണ്ടു ലക്ഷ്മണൻ ഇന്ദ്രജിത്തിനേയും, ഇന്ദ്രജിത്തു ലക്ഷ്മണനേയും, അംഗങ്ങൾ പിളൎന്നു കഴക്കി. ഇതേസമയത്തുതന്നെ വിഭീഷണനും പ്രഹസ്തനും തമ്മിൽ ചിറകു വെച്ച തീക്ഷ്ണശ

രങ്ങളും ചൊരിഞ്ഞു് അടരേല്ക്കയുണ്ടായി. മഹാസ്ത്രങ്ങളും പ്രയോഗിച്ചുകൊണ്ടു് ആ മഹാബലന്മാർ നടത്തിയ യുദ്ധത്താൽ ചരാചരാത്മകമായ ലോകങ്ങളൊക്കെയും പേടിച്ചു വിറച്ചുപോയി. ആ പോരിൽ യുദ്ധകക്കശനായ പ്രഹസ്തൻ അലറിക്കൊണ്ടടുത്തു വിഭീഷണനെ ഗദകൊണ്ടു് ആഞ്ഞടിച്ചു. ഭീമവേഗം കൂടിയ ഗദകൊണ്ടു തനിക്കു് ആ അടിയേററിട്ടും ധീമാനും മഹാബാഹുവുമായ വിഭീഷണൻ ഒട്ടും ഇളകാതെ, ഹിമവാനെപ്പോലെ സുസ്ഥിരനായി നില്ക്കയാണുണ്ടായതു്. ആ നിലയിൽ ആ വീരൻ ഒരുനൂറു മണികൾ കെട്ടിയ, വന്മയും മേന്മയും ചേർന്ന ഊക്കൻ വേലെടുത്തു് അനുമന്ത്രിച്ചു പ്രഹസ്തന്റെ ശിരസ്സിനെ ലാക്കാക്കി ചാടിവിട്ടു. ഇടിയോടൊപ്പം ഊക്കുകൂടിയ ആ വേലു് ഊക്കോടെ പാഞ്ഞുചെന്നു ലക്ഷ്യത്തിൽത്തന്നെ തറക്കുകയാൽ ശിരസ്സററുപോയ പ്രഹസ്തൻ കാറേററു മുറിഞ്ഞ മരംപോലെയായി. പ്രഹസ്തരാക്ഷസനെ പോരിൽ കൊന്നതു കണ്ടു, ധൂമ്രാക്ഷൻ മഹത്തായ വേഗത്തോടെ കപിസൈന്യത്തിൽ പാഞ്ഞുകയറി. മേഘതുല്യവും ഭീമദർശനവുമായ രാക്ഷസസൈന്യത്തോടുകൂടി ധൂമ്രാക്ഷൻ വരുന്നതു കണ്ടു വാനരന്മാർ പെട്ടെന്നു് അണിമുറിഞ്ഞു ചിതറിപ്പോകമാറായി. അങ്ങിങ്ങു നിലവിട്ടു പായുന്ന വാനരന്മാരെക്കണ്ടു് വായുപുത്രനും കപിവ്യാഘ്രനുമായ ഹനൂമാൻ മുന്നോട്ടിറങ്ങി. ആ വാനരവീരൻ പോർക്കളത്തിൽ കടന്നതു കണ്ടപ്പോൾ, ഉടനുടൻതന്നെ മററെല്ലാ വാനരന്മാരും തിരിച്ചുവന്നു യുദ്ധസന്നദ്ധരായി. ഇ

ങ്ങിനെ രാമരാവണസൈന്യങ്ങൾ തമ്മിൽ കൂടി മുട്ടിയ
പ്പോൾ തുമുലവും രോമഹർഷണവുമായ ഘോരശബ്ദമു
ണ്ടായി. ചോരയൊഴുകി മണ്ണാകെ ചേറാകുമാറു ഘോ
രതരമായുണ്ടായ ആ യുദ്ധത്തിൽ ധൂമ്രാക്ഷൻ ശരങ്ങളെ
ക്കൊണ്ടു കപിസൈന്യത്തെ ചിതറിക്കുകയുണ്ടായി. ശ
ത്രുഞ്ജയനായ ആ രാക്ഷസശ്രേഷ്ഠൻ എതിരേ പാഞ്ഞു
വരുന്നതുകണ്ടു വായുപുത്രനായ ഹനൂമാൻ ഉഗ്രക്കോടെ
ഇടഞ്ഞു തടഞ്ഞു. ഇന്ദ്രനും പ്രഹ്ലാദനും തമ്മിലെന്ന
പോലെ, വിജയാശികളായ ആ വാനരരാക്ഷസവീര
ന്മാർ തമ്മിൽ ദാരുണമായ യുദ്ധമുണ്ടായി. ഗദ, ഇരു
മ്പുലക്ക മുതലായവയാൽ രാക്ഷസൻ വാനരനേയും,
കൊമ്പുകളോടുകൂടിയ മരങ്ങളാൽ വാനരൻ രാക്ഷസ
നേയും ആഞ്ഞുതല്ലി. കുറേനേരം ഇങ്ങിനെ പൊരുതി നി
ന്നതിൽപ്പിന്നെ, ക്രുദ്ധനായിത്തീൎന്ന ഹനൂമാൻ ആ ധൂ
മ്രാക്ഷനെ അശ്വങ്ങളോടും സാരഥിയോടുംകൂടി അടിച്ചു
കൊല്ലുകയും, അവന്റെ രഥത്തെ തല്ലിത്തകൎക്കുകയും
ചെയ്തു. രാക്ഷസോത്തമനായ ധൂമ്രാക്ഷനെ കൊന്നുവീ
ഴ്ത്തിയതു കണ്ടപ്പോൾ ആത്മവിശ്വാസം വളൎന്ന വാനര
ന്മാർ ധൂമ്രാക്ഷന്റെ അനുഗാമികളെ കൂട്ടത്തോടെ മുടിച്ചു
തുടങ്ങി. ബലികളും ദൃഢമുഷ്ടികളുമായ കപികൾ ആ
ക്രമിച്ചു കൊന്നുകൊന്നു കയറുകയാൽ ഭീതരായിത്തീ
ൎന്ന രാക്ഷസന്മാർ ആശയടഞ്ഞു ലങ്കയിലേക്ക് ഓടി
പ്പോയി. ചാകാതെ ശേഷിച്ച നിരാശന്മാരായ ആ നി
ശാചരന്മാർ വൃത്താന്തമൊക്കെയും രാവണരാജാവിനെ
ഉണൎത്തിച്ചു. പ്രഹസ്തനേയും ധൂമ്രാക്ഷനേയും അവരുടെ

സൈന്യത്തേയും ശത്രുവീരന്മാർ കൊന്നതു കേട്ടു് ആ ല
ങ്കാധിപതി സുദീർഘം നിശ്വസിച്ചു് "ഇനി കുംഭകർണ്ണ
നുള്ള കർമ്മകാലമായി" എന്നു പറഞ്ഞുകൊണ്ടു വരാസ
നത്തിൽ നിന്നു ചാടിയെഴുന്നേററു. ഉടനേതന്നെ, ഘോ
രശബ്ദം ചേർന്ന വിവിധവാദ്യങ്ങൾ മുഴക്കി, ഗാഢനിദ്ര
യാണ്ടു കിടക്കുന്ന കുംഭകർണ്ണനെ ഏററവും പണിപ്പെട്ടു
ഭയാവേശത്തോടെ ഉണർത്തി. അങ്ങിനെ കുംഭകർണ്ണൻ ഉ
ണർന്നു സ്വസ്ഥനും അവ്യഗ്രനുമായി സ്ഥിതിചെയ്യവേ
ആ മഹാബലനോടു ദശഗ്രീവൻ പറഞ്ഞതാവിതു്:—

"ഏടോ, കുംഭകർണ്ണ, ഇപ്രകാരം ഒന്നുമറിയാതെ
ഉറങ്ങിക്കിടക്കുന്ന നീ, നിശ്ചയമായും ധന്യൻതന്നെ. ഇ
ത്രയും ദാരുണമായ ഘോരാപത്തു നേരിട്ടിട്ടും അതിനെ
പ്പററി യാതൊന്നും അറിയാതെ കിടന്നുറങ്ങുന്ന നീ ധ
ന്യൻതന്നെയല്ലയോ! രാമൻ വാനരന്മാരോടുകൂടി വ
ന്നു സമുദ്രത്തിൽ ചിറ കെട്ടി ഇക്കരകടന്നു നമ്മെ മുഴു
വൻ അവഗണിച്ചു നമുക്കു മഹത്തായ നാശത്തെ ഇ
താ ചെയ്തുകൊണ്ടിരിക്കുന്നു. ആ മനുഷ്യന്റെ ഭാര്യയും,
ജനകപുത്രിയുമായ സീതയെ ഞാൻ അപഹരിച്ചിട്ടു
ണ്ടു്. അവളെ വീണ്ടെടുക്കുവാൻ വേണ്ടിയാണു മഹാർണ്ണ
വത്തിൽ സേതുബന്ധനം ചെയ്തു് അവൻ ഇങ്ങു വന്നി
രിക്കുന്നതു്. പ്രഹസ്തൻ മുതലായ സ്വജനങ്ങളെയെ
ല്ലാം അവൻ കൊന്നിരിക്കുന്നു. ആ രാമനെ വധിക്കു
ന്നതിന്നു ശത്രുമർദ്ദനനായ നീയല്ലാതെ എനിക്കു മററാ
രുമില്ല. മഹാബലനായ നീ പടക്കോപ്പണിഞ്ഞു് ഉ
ടൻ പുറപ്പെട്ടു രാമൻ മുതലായ ശത്രുക്കളെ മുഴുവൻ യു

ധത്തിൽ കൊന്നൊടുക്കണം. ദൂഷണൻെറ അനുജന്മാരായ വജ്രവേഗനും പ്രമാഥിയും സൈന്യസമേതം നിന്നെ അനുഗമിക്കും.

തരസ്വിയായ കുംഭകർണ്ണനോട് ഇത്രയും പറഞ്ഞിട്ട് ആ രാക്ഷസേശ്വരൻ വജ്രവേഗനേയും പ്രമാഥിയേയും വിളിച്ചു വേണ്ടുന്നതു ചെയ്യുവാൻ നിയോഗിച്ചു. ഉടനെ ആ വിരന്മാർ കുംഭകർണ്ണനെ പുരസ്കരിച്ചു പുരത്തിൽനിന്നു പോർക്കളത്തിലേക്കിറങ്ങി. അപ്പോൾ അവിടെ ദ്രുഢമുഷ്ടികളായ വാനരന്മാർ മുന്നോട്ടു കയറി അണിനിരന്നു നില്ക്കുന്നതു കുംഭകർണ്ണൻ കണ്ടു. രാമനെ കാണുവാൻ കാംക്ഷിച്ചുകൊണ്ടു കപിസൈന്യത്തെ മുഴുവൻ ആ രാവണാനുജൻ ഒന്നു നോക്കിയപ്പോൾ, മുമ്പിൽ കണ്ടതു വില്ലേന്തി ഉറച്ചുനില്ക്കുന്ന ലക്ഷ്മണനേയാണ്. കുംഭകർണ്ണനും കൂട്ടുകാരും എതിർപെട്ട ഉടനെ അവരെ വാനരന്മാർ കൂട്ടത്തോടെ ചുഴന്നു പോർതുടങ്ങി. ചിലർ പലപല വന്മരങ്ങൾകൊണ്ട് അടിക്കയും, മററുചിലർ കട്ടം പേടികൂടാതെ നഖങ്ങൾകൊണ്ടു മാന്തുകയും, പലതരം ഭീമായുധങ്ങൾ പ്രയോഗിക്കയും ചെയ്തുകൊണ്ടു, യുദ്ധമാർഗ്ഗത്തിൽ ശരിക്കു ചരിക്കുവാൻ കഴിവുള്ള വാനരന്മാർ കുംഭകർണ്ണനോട് എതിർത്തു. തന്നെ എതിർത്തടുക്കുന്ന വാനരന്മാരെയെല്ലാം കുംഭകർണ്ണൻ ചിരിച്ചുകൊണ്ടു പിടിച്ചു ഭക്ഷിക്കയാണു ചെയ്തത്. ബലൻ, ചണ്ഡബലൻ, വജ്രബാഹു എന്നീ വാനരവീരന്മാർ കുംഭകർണ്ണന് ആഹാരമായിത്തീർന്നു. ആ രാവണാനുജൻെറ ഈ ഭയങ്കരകർമ്മം കണ്ടപ്പോൾ താര

പ്രമുഖന്മാരായ വാനരന്മാർ പേടിച്ചു വിറച്ചു നിലവിളിച്ചുപോയി. കപിവീരന്മാർ ഉറക്കെ നിലവിളിക്കുന്നതു കേട്ടു, സുഗ്രീവൻ നിർഭയനായി കുംഭകർണ്ണന്റെ നേക്കു പാഞ്ഞുചെന്നു. ആ മഹാമനസ്വിയായ കപികുഞ്ജരൻ ഏററവും ഊക്കോടെ ചാടിയെതിർത്തു സാലവൃക്ഷംകൊണ്ടു കുംഭകർണ്ണന്റെ ശിരസ്സിൽ ആഞ്ഞടിച്ചു. സുഗ്രീവന്റെ ആ അടിയാൽ ആ വൃക്ഷം തകർന്നുപോയതല്ലാതെ കുംഭകർണ്ണനു വേദനയൊട്ടും പററിയില്ല. സ്വാസ്ഥ്യത്താൽ ഉന്നവ്വു് കൂടിയ കുംഭകർണ്ണൻ ഘോരമായൊന്നു് അലറിയതിൽപ്പിന്നെ, സുഗ്രീവനെ കെട്ടിപ്പിടിച്ചു ബലാൽ എടുത്തുകൊണ്ടുപോകയാണു് ഉണ്ടായതു്. മിത്രങ്ങൾക്കു് ആനന്ദം വളർത്തുന്ന സൌമിത്രി, തന്റെ സഖാവായ സുഗ്രീവനെ കുംഭകർണ്ണരാക്ഷസൻ കൈകളാൽ ബന്ധിച്ചുകൊണ്ടുപോകുന്നതു കണ്ടു് ഉടൻ ഓടിയെത്തി, മഹാവേഗം കൂടിയ പൊന്നണിയ ബെട്ടുത്തു ശത്രുവിനെ ലാക്കാക്കി പ്രയോഗിച്ചു. ശത്രുനാശകനായ ലക്ഷ്മണൻ ഊക്കോടെ എയ്തുവിട്ട ആ മഹാശരം ആ രാക്ഷസന്റെ ചട്ട പൊട്ടിച്ചു മെയ് തകർത്തു, ചോരയിൽ ആറാടി, ഭൂമി പിളർന്നു പാഞ്ഞുപോയി. നെഞ്ഞുടഞ്ഞ ആ നിശാചരനു സുഗ്രീവനെ വിട്ടയയ്ക്കാതിരിക്കുവാൻ കഴിഞ്ഞില്ല. പിന്നീടു്, ഒരു പെരുംപാറയെടുത്തു് ഓങ്ങിക്കൊണ്ടു കുംഭകർണ്ണൻ സൌമിത്രിയുടെ നേക്കു പാഞ്ഞുചെന്നു. പാറ പൊക്കിപ്പിടിച്ചു കുതിച്ചു ചാടിവരുന്ന ആ രാക്ഷസന്റെ ഇരുകൈകളേയും കൂർത്തുമൂർത്ത കത്തിയമ്പുകൊണ്ടു ലക്ഷ്മണൻ മു

റിച്ചുവീഴ്ത്തി. അപ്പോൾ കുംഭകർണ്ണന്നു നാലു കൈകൾ ഉയൎന്നു കാണുമാറായി. ശിലായുധങ്ങൾ ധരിച്ച ആ കരങ്ങളെ മുഴുവൻ, അസ്ത്രപ്രയോഗത്തിൽ തനിക്കുള്ള ശീഘ്രതയെ വെളിപ്പെടുത്തിക്കൊണ്ടു ലക്ഷ്മണൻ ഛേദിച്ചുവിട്ടു. ആ മഹാകായനായ രാക്ഷസന്നു് അപ്പോൾ ബഹുകായങ്ങളും ബഹുശിരസ്സുകളും, ബഹുകരങ്ങളും ഉണ്ടായിവന്നു. ഉടനെ ലക്ഷ്മണൻ ആ പൎവ്വതതുല്യനെ ബ്രഹ്മാസ്ത്രംകൊണ്ടു പിളൎന്നു. ദിവ്യാസ്ത്രം തറച്ച ആ മഹാവീൎയ്യൻ, കൊടുതായ ഇടിത്തീയേറ്റു ദഹിച്ചുപോയ വൻമരംപോലെ വീണുപോയി. തരസ്വിയും വൃത്രതുല്യനുമായ കുംഭകൎണ്ണൻ ഭൂമിയിൽ മരിച്ചുവീണതു കണ്ടു രാക്ഷസന്മാരെല്ലാവരും ഭീതരായി ഓടിപ്പോയി. ആ യോധന്മാർ അങ്ങിനെ പേടിച്ചു പറയുന്നതു കണ്ടു ദൂഷണാനുജന്മാർ അവരെ തടഞ്ഞു നിൎത്തി, സൌമിത്രിയുടെ നേൎക്കു ക്രുദ്ധരായി ഇടഞ്ഞു പാഞ്ഞു. ചൊടിച്ചുകൊണ്ടു കുതിച്ചുവരുന്ന ആ വജ്രവേഗനേയും പ്രമാഥിയേയും ലക്ഷ്മണൻ ഗൎജ്ജിച്ചുകൊണ്ടു തടഞ്ഞു ശരങ്ങളെക്കൊണ്ടു് എതിൎത്തു. അങ്ങിനെ, ധീമാനായ സൌമിത്രിക്കും ദൂഷണാനുജന്മാൎക്കും തമ്മിൽ ഏറ്റവും തുമുലവും രോമഹൎഷണവുമായ യുദ്ധമുണ്ടായി. മഹാബാഹുവായ ലക്ഷ്മണൻ ആ രാക്ഷസന്മാരിലും രാക്ഷസവീരന്മാർ ക്രുദ്ധരായി ലക്ഷ്മണനിലും മഹത്തായ ശരവൎഷം ചെയ്തു. ആ ദാരുണയുദ്ധം ഒരു മുഹൂൎത്തംവരെ നീണ്ടുനിന്നു. ഉടനെ മാരുതപുത്രനായ ഹനുമാൻ പൎവ്വതശൃംഗത്തെ ആയുധമാക്കിക്കൊണ്ടു് ഓടിവന്നു വജ്ര

വേഗരാക്ഷസനെ ആഞ്ഞടിച്ചു ചതച്ചു കൊന്നു. അതിനെ തുടൎന്നു, മഹാബലനായ നീലൻ പാഞ്ഞുവന്ന് ഒരു പെരുംപാറകൊണ്ടു ദൂഷണാനുജനായ പ്രമാഥിയെ അടിച്ചു തകൎക്കുകയും ചെയ്തു. അനന്തരം, രാമരാവണസൈന്യങ്ങൾ തമ്മിൽ പരസ്പരം പാഞ്ഞിടഞ്ഞുകൊണ്ടു ഘോരഫലം വരുന്ന മറ്റു പോർ നടന്നു. രാക്ഷസന്മാരും വാനരന്മാരും തമ്മിൽ ആഞ്ഞാഞ്ഞടിച്ചുകൊണ്ട് എതിൎത്തു. അതിൽ രാക്ഷസന്മാരിൽ വളരെ പേർ മരിച്ചുപോയി. വാനരന്മാൎക്കുണ്ടായ നഷ്ടം അത്ര ഗണനീയമല്ല.

രാമായണം: ഏഴാം ഖണ്ഡം.

മഹാതേജസ്വിയായ ധൂമ്രാക്ഷനേയും, മഹാധനുൎദ്ധരനായ പ്രഹസ്തനേയും, അനുചരന്മാരോടുകൂടിയ കുംഭകൎണ്ണനേയും ശത്രുക്കൾ യുദ്ധത്തിൽ വധിച്ചതു കേട്ടു രാവണൻ തന്റെ വീരനായ ഇന്ദ്രജിത്തിനെ വിളിച്ചു പോരിനായി നിയോഗിച്ചു.

രാവണൻ—മകനേ, ശത്രുനാശനനായ നീ ഉടൻ ചെന്നു രാമനേയും സുഗ്രീവനേയും ലക്ഷ്മണനേയും വധിക്കണം. സഹസ്രാക്ഷനും ശചീപതിയുമായ വജ്രധരനെ യുദ്ധത്തിൽ ജയിച്ച സൽപുത്രനായ നീയാണു ദീപ്തമായ യശസ്സ് എനിക്കു നേടിത്തന്നിരിക്കുന്നത്. ശസ്ത്രധാരികളിൽവെച്ചു മികച്ച ശത്രുമൎദ്ദനനായ നീ മറഞ്ഞുനിന്നോ, നേൎക്കുനേർ ചെന്നോ, വരബലംകൊ

ടിയ ദിവ്യശരങ്ങളെക്കൊണ്ടു് എന്റെ ശത്രുക്കളെ കൊല്ലണം. രാമൻ, ലക്ഷ്മണൻ, സുഗ്രീവൻ എന്നിവർപോലും നിന്റെ ശരവേഗത്തെ താങ്ങുന്നതിന്നു ശക്തരല്ല; പിന്നെ, അവരുടെ അനുഗാമികളുടെ കഥ ഞാൻ പറയേണ്ടതില്ലല്ലൊ. യുദ്ധത്തിൽ ഖരനെ കൊന്നു് ആ പക വീട്ടുന്നതിന്നു പ്രഹസ്തനാവട്ടെ കുംഭകർണ്ണനാവട്ടെ കഴിഞ്ഞില്ല. അനഘനും മഹാഭുജനുമായ നീതന്നെ അതു ചെയ്യണം. മുമ്പു് ഇന്ദ്രനെ ജയിച്ചിട്ടു നീ ചെയ്തതുപോലെ ഇന്നു നിശിതബാണങ്ങളെക്കൊണ്ടു ശത്രുക്കളെ അവരുടെ സൈനികന്മാരടക്കം കൊന്നു് എന്നെ ആനന്ദിപ്പിക്കുക.

അങ്ങിനെയാവാമെന്നു കയ്യേറ്റു് ഇന്ദ്രജിത്തു ചട്ടയിട്ടു തേരിൽ കയറി യുദ്ധത്തിന്നായി പുറപ്പെട്ടു. പോർക്കളത്തിൽ ചെന്നു് ആ രാക്ഷസപുംഗവൻ ശുഭലക്ഷണനായ ലക്ഷ്മണനെ സ്പഷ്ടമായി പേർപറഞ്ഞുകൊണ്ടു പോരിന്നു വിളിച്ചു. ഉടനെ, അമ്പുംവില്ലുമെടുത്തു, സിംഹം ക്ഷുദ്രമൃഗങ്ങളെയെന്നപോലെ ഹസ്തതാഡനത്താൽ ശത്രുക്കളെ വിറപ്പിക്കുന്ന ലക്ഷ്മണൻ മുന്നോട്ടു ചാടി. അങ്ങിനെ, ആ വിജയലോലുപന്മാർ തമ്മിൽ മഹത്തായ യുദ്ധമുണ്ടായി. ആ ദിവ്യാസ്ത്രജ്ഞന്മാർ അന്യോന്യം തീവ്രമായി കലഹിച്ചു. ശരങ്ങളെക്കൊണ്ടു മെച്ചം നേടുവാൻ കഴിയായ്കയാൽ മഹാബലനായ രാവണപുത്രൻ മറ്റൊരുതരത്തിൽ ഗുരുതരമായ യത്നത്തെ കൈക്കൊണ്ടു് ഏററവും ഊക്കുകൂടിയ ഗദകൾകൊണ്ടു് ഇന്ദ്രജിത്തു ലക്ഷ്മണനെ പ്രഹരിക്കുവാൻ നോക്കി. ത

ൻെറ നേരെ പാഞ്ഞുവരുന്ന ആ ആയുധങ്ങളെയെല്ലാം സൌമിത്രി അപ്പോഴപ്പോൾ നിശിതശരങ്ങൾ പ്രയോഗിച്ചു മുറിച്ചു മുറിച്ചു വീഴ്ത്തി. ഈ ഘട്ടത്തിൽ ബാലിപുത്രനായ ശ്രീമാൻ അംഗദൻ ഒരു വന്മരത്തെ ഉയത്തിപ്പിടിച്ചുകൊണ്ട് ഏററവും ഊക്കോടെ പാഞ്ഞുവന്ന് ഇന്ദ്രജിത്തിൻെറ മൂർദ്ധാവിൽ ആഞ്ഞടിച്ചു. ഈ അടി ഏററിട്ട് ഒട്ടും സംഭ്രമിക്കാതെ വീര്യവാനായ രാവണി അംഗദൻെറ മാർത്തട്ട വാളുകൊണ്ടു പിളരുവാനായി ഓങ്ങി. ഉടനെ ആ വാളിനെ ലക്ഷ്മണൻ മുറിച്ചുകളഞ്ഞു. അതിൽ മനസ്സിടിയാതെ തൻെറ അരികെ എത്തിയ വീരകപിശ്രേഷ്ഠനായ അംഗദനെ ഇന്ദ്രജിത്തു ഗദകൊണ്ട് ഇടംപള്ളയ്ക്ക് അടിച്ചു. ആ അടിയെ വകവെയ്ക്കാതെ ബലവാനായ ബാലിപുത്രൻ പയിൻതടികൊണ്ട് ഇന്ദ്രജിത്തിന്മേൽ ക്രോധത്തോടെ ഒന്ന് ആഞ്ഞുകൊടുത്തു. രാവണപുത്രനെ വധിക്കുവാനായി അംഗദൻ പ്രയോഗിച്ച ആ സാലവൃക്ഷം ആ രാക്ഷസൻെറ സാരഥിയേയും അശ്വങ്ങളേയും രഥത്തെയും തകർത്തുകളഞ്ഞു. തേരും തേരാളിയും നശിച്ച് ഒററയായി തെറിച്ച ഇന്ദ്രജിത്തു തൽക്ഷണം മായയാൽ അവിടെ മറഞ്ഞു. മായ കൂടിയ രാക്ഷസൻ അന്തർദ്ധാനം ചെയ്തിരിക്കുന്നുവെന്നറിഞ്ഞു രാമൻ അവിടെ ചെന്നു തൻെറ സൈന്യത്തെ സംരക്ഷിച്ചുനിന്നു. മറഞ്ഞുനില്ക്കുന്ന രാവണിയാകട്ടെ, രാമനേയും, മഹാബലനായ ലക്ഷ്മണനേയും ഉത്തമവരങ്ങളായ ശരങ്ങളെക്കൊണ്ടു സർവ്വാംഗം മുറിപ്പെടുത്തി. മായയാൽ അന്തർഹിതനായി, അദൃശ്യനായ

രാവണിയോടു ശൂരന്മാരായ രാമലക്ഷ്മണന്മാർ ഇരുപേ
രും ചേൎന്നു അടർചെയ്തു. ആ പുരുഷസിംഹന്മാരിൽ രുഷ്ട
നായ ഇന്ദ്രജിത്തു വീണ്ടും സൎവ്വാംഗം നൂറുമായിരവുമായി
ശരങ്ങൾ ഏല്പിച്ചു. അദൃശ്യനായി ഇടവിടാതെ ശര
ങ്ങൾ ചൊരിയുന്ന ആ രാവണപുത്രനെ ഉൗക്കോടെ
പ്രഹരിക്കുവാനായി ശിലകളെടുത്തുകൊണ്ടു വാനര
ന്മാർ ആകാശത്തിലേക്കു ചാടി. അവരേയും രാമലക്ഷ്മ
ണന്മാരേയും മായയാൽ ആവൃതനായ രാവണി ശരങ്ങ
ളെക്കൊണ്ടു നിർബാധം താഡിച്ചുകൊണ്ടേ നിന്നു. ഒ
ടുവിൽ, ആ വീരഭ്രാതാക്കന്മാരായ രാമലക്ഷ്മണന്മാർ
മെയ്മുഴുവൻ അമ്പുകൾ തറച്ച്, ആകാശത്തിൽനി
ന്നു സൂൎയ്യചന്ദ്രന്മാരെന്നപോലെ, ഭൂമിയിൽ വീണുപോ
യി. അങ്ങിനെ വീണുകിടക്കുന്ന ആ രാഘവന്മാരെ ഇ
ന്ദ്രജിത്തു ദത്തവരങ്ങളായ ശരങ്ങളെക്കൊണ്ടു ബന്ധിക്ക
യുമുണ്ടായി. ശരബന്ധത്താൽ ബദ്ധരായ ആ പുരുഷ
വ്യാഘ്രന്മാർ കൂട്ടിൽ കുടുങ്ങിയ കിളികളെപ്പോലെ ശോ
ഭിച്ചു. അനേകശതം ശരങ്ങൾ മെയ്മുഴുവൻ തറച്ചു ഭൂ
മിയിൽ വീണുകിടക്കുന്ന രാമലക്ഷ്മണന്മാരെ സുഷേ
ണൻ, മൈന്ദൻ, ദ്വിവിദൻ, കുമുദൻ, അംഗദൻ, ഹ
നുമാൻ, നീലൻ, താരൻ, നളൻ മുതലായ വാനരന്മാ
രോടുകൂടി കപീശ്വരനായ സുഗ്രീവൻ ചുററും നിരന്നു
കാത്തുനിന്നു. ഈ അവസ്ഥയറിഞ്ഞു കൎമ്മകുശലനായ
വിഭീഷണൻ അവിടെ വന്നു രാമലക്ഷ്മണന്മാരെ പ്ര
ജ്ഞാസ്ത്രം പ്രയോഗിച്ച് ഉണൎത്തി. ഉടനെ, സുഗ്രീവൻ
ആ ദശരഥപുത്രന്മാർ ഏററിട്ടുള്ള ശല്യങ്ങളെ ദിവ്യമ

ന്ധം ചേൎന്ന മഹത്തായ ഔഷധങ്ങളാൽ തിരെ അകറ്റി. ശല്യങ്ങൾ നീങ്ങി സംജ്ഞയുണ്ടായി എഴുന്നേറ്റ ആ മഹാരഥന്മാരായ നരവരന്മാരിൽനിന്നു് ആലസ്യവും തളൎച്ചയും ക്ഷണംകൊണ്ടു മറഞ്ഞുപോയി. പീഡ തീൎന്നുള്ളവനായ ഇക്ഷ്വാകുപുത്രനായ രാമനോടു വിഭീഷണൻ കൈകൂപ്പി നിന്നുകൊണ്ടു പറഞ്ഞതായിതു്:—

“അല്ലയോ, ശത്രുനാശനനായ മഹാരാജാവേ, രാജരാജനായ കുബേരന്റെ ശാസനത്താൽ കൈലാസത്തിൽനിന്നു് ഒരു ഗുഹ്യകൻ ഇവിടെ കൊണ്ടുവന്നിട്ടുള്ള വെള്ളമാണിതു്. ഈ വെള്ളം കുബേരൻ ഭവാനായി കൊടുത്തയച്ചിരിക്കയാണു്. അന്തൎഹിതങ്ങളായ ഭൂതങ്ങളെയെല്ലാം കാണുമാറാകേണമെന്നു കരുതിയാണു രാജരാജൻ ഇതു ചെയ്തിരിക്കുന്നതു്. ഈ വെള്ളംകൊണ്ടു കണ്ണുകൾ കഴുകുന്നവൎക്ക മറവിൽ നില്ക്കുന്ന സൎവ്വത്തേയും ശരിയായി കാണുവാൻ കഴിയും.”

അതിന്മണ്ണം, മന്ത്രസംസ്കൃതമായ ആ ജലത്തെ കൈക്കൊണ്ടു രാമൻ തന്റെ നേത്രങ്ങളെ ശുചികരിച്ചു. അതിനെ തുടൎന്നു, മഹാമനസ്വിയായ ലക്ഷ്മണനും, സുഗ്രീവൻ, ജാംബവാൻ, അംഗദൻ, ഹനുമാൻ, മൈന്ദൻ, ദ്വിവിദൻ, നീലൻ മുതലായ വാനരസത്തമന്മാരും ആ വെള്ളത്താൽ അവരവരുടെ കണ്ണുകൾ കഴുകി. വിഭീഷണൻ പറഞ്ഞതുപോലെതന്നെ, അവരെല്ലാവൎക്കും ഇന്ദ്രിയവിഷയമല്ലാത്തവയെപ്പോലും ദൎശിക്കുവാനുള്ള ശക്തി ആ ക്ഷണം സിദ്ധിച്ചു.

കാൎയ്യം നേടിയ ഇന്ദ്രജിത്താവട്ടെ, താൻ ചെയ്ത പണികളെല്ലാം അച്ഛനെ ഉണൎത്തിച്ചിട്ട വീണ്ടും തിട്ടക്കത്തോടെ പടത്തലയ്ക്കൽ എത്തി. ക്രുദ്ധനായി എതിൎത്തു പാഞ്ഞുവരുന്ന ആ രാക്ഷസനോട വിഭീഷണമതംപോലെ സൌമിത്രി എതിരിട്ടു. ആഹ്നികകൎമ്മം അനുഷ്ഠിക്കുംമുമ്പെ, ആ ദുഷ്ടമുഷ്ടികളായ രാക്ഷസന്മാരെ കൊന്നൊടുക്കേണമെന്നു നിശ്ചയിച്ചു, വിഭീഷണൻ നൽകുന്ന സൂചനങ്ങളെ ഗ്രഹിച്ചുകൊണ്ടു ലക്ഷ്മണൻ ക്രുദ്ധനായി അമ്പുകൾ ചൊരിഞ്ഞു. അങ്ങിനെ, ജയാശികളായ രാവണിയും സൌമിത്രിയും തമ്മിൽ, ശക്രനും പ്രഹ്ലാദനുമെന്നപോലെ ഏററവും വിചിത്രവും ആശ്ചൎയ്യമയവുമായ സംഗരമുണ്ടായി. മൎമ്മഭേദകങ്ങളായ ശരങ്ങൾ ഇന്ദ്രജിത്തും, അഗ്നിപോലെ ഉജ്ജ്വലിക്കുന്ന വിശിഖങ്ങൾ ലക്ഷ്മണനും പ്രയോഗിച്ച് അവനവന്റെ എതിരാളിയെ കുത്തിത്തുളച്ചു മുറിപ്പെടുത്തിത്തുടങ്ങി. സൌമിത്രിയുടെ ശരങ്ങളേററു ക്രോധത്താൽ മതിമറന്ന രാവണി സൎപ്പതുല്യങ്ങളായ എട്ടു ശരങ്ങൾ തന്റെ ശത്രുവിന്മേൽ എയ്തുവിട്ടു. അപ്പോൾ, തീപോലെ എരിയുന്ന മൂന്നമ്പുകൾകൊണ്ടു വീരനായ ലക്ഷ്മണൻ തന്റെ കൎമ്മം പൂൎത്തിയാക്കി. ആ മൂന്നു ശരങ്ങളിൽ ഒന്ന് ഇന്ദ്രജിത്തിന്റെ വില്ലണിക്കൈ ശരീരത്തിൽനിന്നു വേർപെടുത്തിത്തെറിപ്പിച്ചു. രണ്ടാമത്തെ അമ്പ് ആ രാക്ഷസന്റെ അമ്പേന്തുംമറുകൈ ഭൂമിയിൽ വീഴ്ത്തി. ഏററവും മൂൎച്ചചേൎന്നു തിളങ്ങുന്ന മൂന്നാംശരം, കുണ്ഡലങ്ങളാൽ അലംകൃതമായി സുന്ദരനാസികയാൽ

ശോഭിതമായ രാവണിമുഖത്തെ കൊയ്തെടുക്കയും ചെയ്തു. കൈയും കഴുത്തും മുറിഞ്ഞു് ഇന്ദ്രജിത്തു ഭീമദർശനമായ കബന്ധമായിത്തീൎന്നു. രാവണിയോടൊപ്പംതന്നെ രാക്ഷസന്റെ സൂതനേയും ലക്ഷ്മണൻ കൊന്നുവീഴ്ത്തി. ഒടുവിൽ, രഥിയും സാരഥിയുമില്ലാത്ത ആ രഥത്തെ കുതിരകൾ തനിയെ വലിച്ചുകൊണ്ടു ലങ്കയിലേക്കു പാഞ്ഞു. ഒഴിഞ്ഞ രഥത്തെ കണ്ടു തന്റെ പുത്രനെ ശത്രുക്കൾ കൊന്നുവെന്നറിഞ്ഞു രാവണൻ സംഭ്രാന്തചിത്തനായി വിറച്ചുപോയി. ശോകമോഹാൎത്തനായിത്തീൎന്ന ആ രാക്ഷസേശ്വരൻ സീതയെ കൊല്ലുവാനാണു് ഉടൻ ഒരുങ്ങിയതു്. രാമദൎശനലാലസയായി അശോകവനത്തിൽ സ്ഥിതിചെയ്യുന്ന ജാനകിയെ ലക്ഷീകരിച്ചു് ആ ദുഷ്ടാത്മാവു വാളുയൎത്തിക്കൊണ്ടു വിരവോടെ പാഞ്ഞുചെന്നു. ആ ദുൎബ്ബുദ്ധിയുടെ ഈ പാപനിശ്ചയം ഗ്രഹിച്ചു്, ആ ക്രുദ്ധനെ അവിന്ധ്യൻ തടഞ്ഞു ശാന്തനാക്കി.

അവിന്ധ്യൻ പറഞ്ഞു:—"ദീപ്തമായ മഹാരാജ്യത്തിൽ എഴുന്നരുളുന്ന ഭവാൻ വെറും പെണ്ണിനെ കൊല്ലുന്നതു് ഒട്ടും ശരിയല്ല. ഭവാന്റെ അധീനതയിൽ ബന്ധനസ്ഥയായി വാഴുന്നവൾ കേവലം ഹതതന്നെയാണു്. ഇവളുടെ ശരീരത്തെ അറുത്തതുകൊണ്ടു് ഇവൾ മരിക്കയില്ലെന്നാണു് എന്റെ അഭിപ്രായം. ഇവളുടെ ഭൎത്താവിനെയാണു ഭവാൻ കൊല്ലേണ്ടതു്. അപ്പോഴേ ഇവൾ ഹതയാകയുള്ളു. സാക്ഷാൽ ദേവേന്ദ്രൻപോലും വിക്രമത്തിൽ ഭവാനോടു തുല്യനല്ല. ഇന്ദ്രാദി

ദേവന്മാരെ മുഴുവൻ ഭവാൻ യുദ്ധത്തിൽ പലപ്പോഴും കിടുകിടെ വിറപ്പിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള ഭവാൻ വെറും ഒരു പെണ്ണിനെ കൊല്ലുകയോ!”

അവിന്ധ്യൻ ഇങ്ങിനെ പലതും പറഞ്ഞു ക്രുദ്ധനായ രാവണനിൽ ശാന്തി ചേർത്തു. ആ ദശഗ്രീവൻ അവിന്ധ്യവാക്യത്തെ കൈക്കൊണ്ടു സീതയ്ക്കായി ഓങ്ങിയ വാൾ ഉറയിൽ താഴ്ത്തി, പോരിന്നു പുറപ്പെടുവാൻ നിശ്ചയിച്ചു രഥം തയ്യാറാക്കുവാൻ ആജ്ഞാപിക്കയും ചെയ്തു. സ്വർണ്ണരത്നങ്ങളാൽ വിഭൂഷിതമായ ആ രഥത്തിൽ ആരോഹണം ചെയ്തു, തന്റെ പ്രിയപുത്രന്റെ മരണത്താൽ ക്രുദ്ധനായ ലങ്കാധിപൻ പോർക്കളത്തിലേക്കു പോയി. വിവിധായുധങ്ങൾ ധരിച്ച ഘോരരാക്ഷസന്മാരാൽ ആവൃതനായ രാവണൻ കപിവീരന്മാരോടു പൊരുതിക്കൊണ്ടു രാമന്റെ നേക്ക് എതിർത്തു പാഞ്ഞു. ചൊടിച്ചുകുതിച്ചു വരുന്ന ആ രാക്ഷസേന്ദ്രനെ മൈന്ദൻ, നീലൻ, നളൻ, അംഗദൻ, ഹനുമാൻ, ജാംബവാൻ മുതലായവർ സൈന്യങ്ങളോടുകൂടി വളഞ്ഞു തടുത്തു. എന്നിട്ടും, ആ വാനരപുംഗവന്മാർ ദശഗ്രീവൻ കാൺകവേതന്നെ രാക്ഷസസൈന്യത്തെ മരങ്ങളെക്കൊണ്ടു തല്ലിത്തകർത്തുതുടങ്ങി. ശത്രുക്കൾ തന്റെ സൈന്യത്തെ കൊന്നൊടുക്കുന്നതുകണ്ടപ്പോൾ മായാവിയായ രാവണൻ മായയെ സൃഷ്ടിച്ചു. ആ രാക്ഷസാധിപന്റെ ശരീരത്തിൽനിന്നു് അമ്പു്, വേലു്, ഈട്ടി മുതലായ ആയുധങ്ങൾ ധരിച്ചു നൂറുമായിരവുമായി രാക്ഷസസംഘങ്ങൾ പുറപ്പെട്ടു കാണമായിവന്നു. ആ നിശാചരന്മാ

രെ മുഴുവൻ രാമൻ ദിവ്യാസ്ത്രങ്ങൾകൊണ്ടു വധിച്ചു. അപ്പോൾ വീണ്ടും ആ ലങ്കേശ്വരൻ മായാപ്രയോഗം തുടങ്ങി. രാമരൂപം ധരിച്ചു ലക്ഷ്മണനോടും, ലക്ഷ്മണരൂപം ധരിച്ചു രാമനോടും ആ ദശാനനൻ പാഞ്ഞെതിർത്തു. ഇങ്ങിനെ രാമലക്ഷ്മണന്മാരിൽ രാവണൻ മായാബലംകൊണ്ടു് ഇടവിടാതെ ശരങ്ങൾ ചൊരിഞ്ഞു. തന്റെ രൂപം ധരിച്ച വില്ലേന്തികളെക്കണ്ടു രാമന്റെ നേക്കു പാഞ്ഞുചെല്ലുന്ന ആ മായാവിയായ രാക്ഷസേന്ദ്രനെ കണ്ടു് ഇക്ഷ്വാകുനന്ദനനായ സൌമിത്രി കട്ടും സംഭ്രമം കൂടാതെ രാമനെ നോക്കി, "നമ്മുടെ രൂപം ധരിച്ചു നമ്മോടുതന്നെ എതിക്കുന്ന ഈ പാപാത്മാക്കളായ രാക്ഷസന്മാരെ ഉടൻ കൊല്ലണം" എന്നു വിളിച്ചുപറഞ്ഞു. രാമൻ അങ്ങിനെതന്നെ ചെയ്തുതുടങ്ങി. ഈ സന്ദർഭത്തിൽ ഇന്ദ്രസാരഥിയായ മാലതി ഹരിതുരംഗങ്ങൾ പൂട്ടിയ ആദിത്യപ്രഭചേന്ന രഥത്തോടുകൂടി പോക്കളത്തിൽ നില്ക്കുന്ന രാമന്റെ സന്നിധിയിൽ പ്രവേശിച്ചു.

മാതലി—ഹരികളെന്ന കുതിരകൾ പൂട്ടിയ ജൈത്രരഥമാണിതു്. ഇതു് ഇന്ദ്രനുള്ള ശ്രേഷ്ഠരഥമാണു്. ഈ ഉത്തമരഥത്തിൽ സ്ഥിതിചെയ്തുകൊണ്ടാണ ദേവേന്ദ്രൻ ദൈത്യദാനവന്മാരെ യുദ്ധത്തിൽ നൂറുനൂറായി കൊല്ലുകയുണ്ടായതു്. ഞാൻ തെളിക്കുന്ന ഈ തേരിൽ കയറിയിരുന്നു പുരുഷവ്യാഘ്രനായ ഭവാൻ രാവണനെ ഉടൻ കൊല്ലണം; അതിന്നു് ഇനിയൊട്ടും അമാന്തിക്കരുതു്.

ഈ സത്യവാക്ക കേട്ടിട്ടും, ഇതും രാക്ഷസമായയായിരിക്കുമോയെന്നു മാതലിയെക്കുറിച്ചു രാമൻ ശങ്കിക്കയാണു ചെയ്തതു്. അതു കണ്ടു വിഭീഷണൻ മുന്നോട്ടു വന്നു.

വിഭീഷണൻ—അല്ലയോ, മഹാദ്യുതേ, ആ ദുരാത്മാവായ രാവണന്റെ മായയല്ലാ ഇതു്. ഇതു് ഇന്ദ്രരഥം തന്നെയാണു്. ഇതിൽ ഭവാൻ ഉടൻ കയറിയിരുന്നാലും!

വിഭീഷണൻ സംശയം തീർത്തു തരികയാൽ സന്തുഷ്ടനായ രാഘവൻ ആ രഥത്തിൽ കയറി രോഷത്തോടെ രാവണന്റെ നേർക്കു പാഞ്ഞു. അപ്പോൾ സർവ്വത്ര ഹാഹാശബ്ദം മുഴങ്ങി. ആകാശത്തിൽ നിന്നു സിംഹനാദങ്ങളും ഭേരീഘോഷങ്ങളും ഉളവായി മാറ്റൊലികൊണ്ടു. രാമനും രാവണനും തമ്മിലുണ്ടായ ആ മഹായുദ്ധം മറ്റൊന്നിനോടു് ഉപമിക്കാവുന്നതല്ല. ആ യുദ്ധംപോലെ ആ യുദ്ധംമാത്രമേ ഉണ്ടായിട്ടുള്ളു. ആ പോരിന്നിടയ്ക്കു രാവണൻ ഇടിത്തീയൊത്ത മഹാഘോരമായ ശൂലത്തെ രാമന്റെ നേർക്കു ചാട്ടിവിട്ടു. രാമനാവട്ടെ, ബ്രഹ്മദണ്ഡതുല്യമായ ആ ശൂലത്തെ നിശിതശരങ്ങളെക്കൊണ്ടു മുറിച്ചെറിഞ്ഞു. ആ ദുഷ്കരകർമ്മം കണ്ടപ്പോൾ രാവണൻ പേടിച്ചുപോയി. ഉടനെ, ക്രുദ്ധനായ ദശഗ്രീവൻ ആയിരവും പതിനായിരവുമായി ക്ഷുരപ്രകളേയും, കുന്തം, ശൂലം, വെണ്മഴു, മുൾത്തടി മുതലായ മൂർച്ച കൂടിയ പലതരം ആയുധങ്ങളേയും രാമനിൽ ചൊരിഞ്ഞു. രാവണന്റെ ആ ഭീഷണമായ കണ്ടു വാനര

ന്മാർ സൎവ്വരും നാനാദിക്കുകളിലേക്കും പേടിച്ചോടിത്തുടങ്ങി. അപ്പോൾ, രാഘവൻ ആവനാഴിയിൽനിന്നു ചന്തം കൂടിയ ചിറകും, കൂൎത്തുതിളങ്ങുന്ന തലയും ചേൎന്ന മേത്തരം പൊന്നണിയമ്പെടുത്തു ബ്രഹ്മാസ്ത്രത്തോടു യോജിപ്പിച്ചു. ആ ഉത്തമബാണത്തെ രാമൻ ബ്രഹ്മാസ്ത്രംകൊണ്ടു് അനുമന്ത്രിക്കുന്നതു കണ്ടപ്പോൾ ഇന്ദ്രൻ മുതലായ ദേവഗന്ധൎവ്വന്മാരെല്ലാവരും ഏററവും സന്തുഷ്ടരായി. രാമൻ ബ്രഹ്മാസ്ത്രത്തെ ഉയൎത്തുന്നതു കണ്ടു്, തങ്ങളുടെ ശത്രുവായ രാവണന്നിൽ ഇനി അല്പം മാത്രമേ ആയുസ്സു് അവശേഷിച്ചിട്ടുള്ളുവെന്നു് ആ ദേവദാനവകിന്നരന്മാർ നിശ്ചയിക്കയും ചെയ്തു. ഘോരവും, ബ്രഹ്മദണ്ഡതുല്യവും, നിസ്തുലതേജോമയവും രാവണാന്തകരവുമായ ആ ബാണത്തെ രാഘവൻ എയ്തുവിട്ടു. നല്ലവണ്ണം ഞാൺവലിച്ചു് ആ അമ്പു വെളിക്കു വിട്ട ഉടനെ, ആ രാക്ഷസശ്രേഷ്ഠൻ രഥത്തോടും സാരഥിയോടും, അശ്വങ്ങളോടുംകൂടി, മഹാജ്വാലയുയൎന്ന ഘോരാഗ്നിയിൽ മുഴുകിയതുപോലെ, ദഹിച്ചുപോയി. ക്ലേശം കൂടാതെ ഏതുകൎമ്മം ചെയ്യുവാനും സമൎത്ഥനായ രാഘവൻ രാക്ഷസാധിപനായ രാവണനെ കൊന്നതുകൊണ്ടു ഗന്ധൎവ്വന്മാർ, ചാരണന്മാർ മുതലായവർ ഉൾപ്പെടേയുള്ള സ്വൎഗ്ഗവാസികൾ മുഴുവൻ സന്തുഷ്ടരായി. മഹാഭാഗനായ രാവണനിൽനിന്നു്, ബ്രഹ്മാസ്ത്രതേജസ്സാൽ, പഞ്ചഭൂതങ്ങൾ അകന്നു, ആ രാക്ഷസാധിപൻ സൎവ്വലോകങ്ങളിൽ നിന്നും ഭ്രംശിച്ചു്, അങ്ങിനേ നാമാവശേഷനായി. ദശഗ്രീവന്റെ ശരീരധാതുക്കളൊക്കെയും ബ്രഹ്മാസ്ത്രത്താൽ നിശ്ശേഷം ദഹിച്ചു. ആ രാക്ഷസന്റെ ഭസ്മംപോലും അവശേഷിച്ചില്ല.

രാമായണം ഏട്ടാംഖണ്ഡം.

സുരദ്വേഷിയും രാക്ഷസേന്ദ്രനുമായ ക്ഷുദ്രരാവണനെ കൊന്നു ലക്ഷ്മണാനുചിതനായ രാമൻ സുഹൃജ്ജനത്തോടുകൂടി ആമോദിച്ചു. ദശഗ്രീവൻ ഹതനായതിൽപ്പിന്നെ ദേവന്മാർ മുനികളോടുകൂടി വന്നു മഹാഭുജനായ രാമന്നു വിജയാശിസ്സു നൽകി. ആകാശമെങ്ങും മഹോത്സവം കൊണ്ടാടുമാറു, സ്വൎഗ്ഗവാസികളായ ദേവഗന്ധൎവ്വന്മാർ പുഷ്പവൎഷംകൊണ്ടും ആശംസകൾകൊണ്ടും കമലേക്ഷണനായ രാമനെ പൂജിച്ചു സന്തോഷിപ്പിച്ചു് അവരവരുടെ വഴിക്കു തിരിച്ചുപോയി. പ്രബലവും, മഹായശസ്വിയും, ശത്രുപുരഞ്ജയനുമായ രാമൻ രാവണനൊഴിഞ്ഞ ലങ്കയെ വിഭീഷണന്നു കൊടുത്തു. അതിൽപ്പിന്നെ, സീതയെ പുരസ്കരിച്ചുകൊണ്ടു വിഭീഷണനോടുകൂടി സുമതിയും വൃദ്ധാമാത്യനുമായ അവിന്ധ്യൻ രാമന്റെ മുമ്പിൽ വന്നു ദീനതയോടേ നിന്നു്, "സുവൃത്തയായ ജാനകീദേവിയെ മഹാത്മാവായ ഭവാൻ കൈക്കൊണ്ടാലും!" എന്നു് ഉണൎത്തിച്ചു. ഉടനെ രാമൻ ആ ഉത്തമരഥത്തിൽനിന്നു താഴേയിറങ്ങി; ദുഃഖത്താൽ ഉള്ളടഞ്ഞു്, കണ്ണീരിൽ ആറാടി, ചെടപിടിച്ച മുടിയും, മുഷിഞ്ഞു കറുത്ത പുടവയും, ചെളിപുരണ്ട മെയ്യും ചേൎന്നു രഥത്തിൽ സ്ഥിതിചെയ്യുന്ന ആ സൎവ്വാംഗസുന്ദരിയായ ജാനകിയെ ഒന്നു നോക്കി. പരാപഹരണത്തെയോൎത്തു രാമന്നു വൈദേഹിയിൽ ശങ്കയാണുണ്ടായതു്.

രാമൻ — ഭദ്രേ, വൈദേഹി, ഭവതിക്കു മോചനം കിട്ടി കഴിഞ്ഞിരിക്കുന്നു; ഇനി, ഭവതി പോയിക്കൊള്ളുക. ചെയ്യേണ്ടതേതോ, അതു ഞാൻ ചെയ്തു. രാക്ഷസഭവനത്തിൽ, ഭർത്താവായ എന്നെ ഭവതി കാത്തുകൊണ്ടു കിടന്നതന്നെ നരച്ചു നരച്ചു മരിക്കരുതെന്നു കരുതി ഞാൻ ആ നിശാചരനെക്കൊന്നു. അതോടുകൂടി, ഇതിൽ എനിക്കുള്ള ഭാരം ഒഴിഞ്ഞുകഴിഞ്ഞു. ധർമ്മനിശ്ചയം ശരിയായി ഗ്രഹിച്ചിട്ടുള്ള എന്നെപ്പോലെയുള്ളവർ പരഹസ്തത്തിൽ കുടുങ്ങിയ നാരിയെ ഒരു മുഹൂർത്തത്തേക്കുപോലും കൈക്കൊള്ളുകയെന്നതു് ഉണ്ടാകുന്നതാണോ! ഭവതി സുവൃത്തയോ ദുർവൃത്തയോ എന്നു് എനിക്കു് ഇപ്പോൾ ചിന്തിക്കേണ്ടതില്ല. നായ നക്കിയ ഹവിസ്സെന്നപോലെ, ഭവതി അംഗീകരണത്തിന്നു യോഗ്യയല്ലാതായിത്തീർന്നിരിക്കുന്നു.

പെട്ടെന്നു്, ഈ ദാരുണവചനം കേട്ടതോടുകൂടി ആ ബാലയായ ദേവി മനസ്സു തകർന്നു, മുറിച്ചു തള്ളിയ കദളിയെപ്പോലെ, ഭൂമിയിൽ വീണു. ഭർത്തൃവിജയം കേട്ടപ്പോൾ ജാനകിക്കു് ഉള്ളിൽ നിറഞ്ഞ ഹർഷത്താൽ മുഖത്തു വിളങ്ങിയ രാഗം, കണ്ണാടിയിൽ നിശ്വാസത്താൽ ഉളവായ വർണ്ണഭേദമെന്നപോലെ, ക്ഷണംകൊണ്ടു മാഞ്ഞു മറഞ്ഞുപോയി. രാമഭാഷിതം കേട്ടു, ലക്ഷ്മണൻ ഉൾപ്പെടെ സർവ്വവാനരന്മാരും മൃതരെന്നപോലെ നിശ്ചേഷ്ടരായി നിന്നു. അപ്പോൾ, പത്മസംഭവനും, വിശുദ്ധാത്മാവും ജഗൽകർത്താവുമായ ചതുർമ്മുഖൻ വാനിടത്തു വിമാനത്തിൽ സ്ഥിതിചെയ്യുന്നതു രാമനു കാ

ണായിവന്നു. ഭഗവാന്മാരായ ശക്രൻ, അഗ്നി, വായു, വരുണൻ, കുബേരൻ എന്നിവരും, വിമലന്മാരായ സപ്തർഷികളും ബ്രഹ്മാവിനെ പിന്തുടൎന്നു് ആകാശത്തിൽ നിരന്നു. അക്കൂട്ടത്തിൽ ഹംസയുക്തമായി, ഉജ്ജ്വലവും ഉത്തമോത്തമവുമായ വിമാനത്തിൽ സ്ഥിതിചെയ്തുകൊണ്ടു ദിവ്യഭാസ്വരമൂൎത്തിമാനായ ദശരഥമഹാരാജാവും അവിടെ വന്നു. ഇങ്ങിനെ, ദേവഗന്ധൎവ്വന്മാർ നിറയെ നിറന്ന ആകാശതലം, ശരൽകാലത്തു താരകാജാലത്താലെന്നപോലെ വിചിത്രമായി വിളങ്ങി. ഇത്രയുമായതിൽപ്പിന്നെ, ആ ദേവന്മാരെല്ലാവരും, കേൾക്കുമാറു്, കല്യാണിയും യശസ്വിനിയുമായ വൈദേഹി, വിരിഞ്ഞ മാറിടംചേൎന്ന രാഘവനെ നോക്കി തന്റെ സത്യത്തെ വെളിപ്പെടുത്തി.

സീത.....ഹേ, രാജപുത്ര, സ്ത്രീപുരുഷന്മാരുടെ ഗതി നല്ലവണ്ണം അറിഞ്ഞിട്ടുള്ള ഭവാനിൽ ഞാൻ കുററമൊട്ടും ചുമത്തുന്നില്ല. എങ്കിലും, എന്റെ സത്യം ഭവാൻ ഗ്രഹിക്കേണ്ടതാണു്. ഞാൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ, സൎവ്വഭൂതങ്ങളുടേയും അന്തരംഗത്തിൽ സദാഗതിയായി വൎത്തിക്കുന്ന വായുഭഗവാൻ എന്റെ പ്രാണനെ ഹരിച്ചുകൊള്ളട്ടെ! ഞാൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ, ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നി പഞ്ചഭൂതങ്ങൾ എന്നിൽനിന്നു പ്രാണനെ അകററട്ടെ! വീരനായ ഭവാനെയല്ലാതെ മററാരാളേയും സ്വപ്നത്തിൽപോലും ചിന്തിക്കുന്നവളല്ല ഞാൻ. ദേവാജ്ഞയാലാണു ഭവാൻ എന്റെ ഭ

ത്താവായതു്. ഭവാൻതന്നെ എന്നും എന്റെ ഭ
ത്താവായി വൎത്തിക്കട്ടെ.

ഇതു പറഞ്ഞു കഴിഞ്ഞ ഉടനെ ആകാശത്തിൽനിന്നു ലോകമെങ്ങും കേൾക്കുമാറു്, മഹാത്മാക്കളായ വാനരന്മാൎക്കു ഹൎഷപ്രദമായി പുണ്യവും സുഭഗവുമായ വാക്കു കേൾക്കായി വന്നു.

വായു—ഹേ, രാഘവ, സീത പറഞ്ഞതു സത്യംതന്നെ. സദാഗതിയായ വായുവാണു ഞാൻ. ഈ മൈഥിലി പാപഹീനയാണു്. ഭവാൻ ഭാൎയ്യയെ പ്രാപിച്ചുകൊള്ളുക.

അഗ്നി—ഹേ, രഘുനന്ദന, സൎവ്വഭൂതങ്ങളുടേയും അന്തൎഭാഗത്തിൽ സ്ഥിതിചെയ്യുന്ന അഗ്നിയാണു ഞാൻ. ഈ വൈദേഹി ഒരണുപോലും അപരാധം ചെയ്തിട്ടില്ല.

വരുണൻ—സൎവ്വഭൂതങ്ങളുടേയും ശരീരത്തിൽ രസത്തെ ഉളവാക്കുന്ന വരുണനാണു ഞാൻ. ഹേ, രാഘവ, ഈ മൈഥിലിയെ കൈക്കൊള്ളേണമെന്നു ഞാൻ ഭവാനോടു പറഞ്ഞുകൊള്ളുന്നു.

ബ്രഹ്മാവു്—മകനേ, നീ രാജധൎമ്മത്തിൽത്തന്നെ ഉറച്ചുനിന്നു കാണുന്നതിൽ എനിക്കു് ആശ്ചൎയ്യമില്ല. സാധുവും സദ്വൃത്തനുമായ നീ ഞാൻ പറയുന്നതു കേൾക്കണം. ദേവഗന്ധൎവ്വന്മാർ, ഉരഗദാനവന്മാർ, യക്ഷകിന്നരന്മാർ എന്നിവരുടേയും, മഹൎഷികളുടേയും ശത്രുവായ രാവണനെ നീ കൊന്നുകഴിഞ്ഞു. എ

ൻെറ പ്രസാദംകൊണ്ടു് ഈ രാക്ഷസൻ സൎവ്വഭൂതങ്ങൾക്കും അവധ്യനായിത്തീൎന്നു. ഏതാണ്ടൊരു കാരണത്താൽ ഈ പാപാത്മാവിനെ കുറച്ചു കാലത്തേക്കു സ്വന്തം പോക്കിൽത്തന്നെ വിട്ടയക്കേണ്ടതായി വന്നുപോയി. ഈ ദുരാത്മാവു് ആത്മവധത്തിന്നായിട്ടാണു സീതയെ ഹരിച്ചതു്. നളകൂബരശാപംകൊണ്ടു സീതയെ ഇവനിൽനിന്നു രക്ഷിക്കുവാൻ എനിക്കു കഴിഞ്ഞു. അകാമയായ പരസ്ത്രീയെ ഇവൻ ബലാൽ സ്പൎശിക്കുന്നതായാൽ ഇവൻെറ മൂൎദ്ധാവു നൂറുനൂറായി പൊട്ടിത്തകൎന്നു പോകുമെന്നാണു നളകൂബരൻ കൊടുത്ത ശാപം. അതുകൊണ്ടു്, മഹാദ്യുതിയായ നീ ഇവളുടെ കാൎയ്യത്തിൽ ഒട്ടും ശങ്കിക്കരുതു്. ദേവന്മാൎക്കുവേണ്ടി മഹാകൎമ്മം ചെയ്ത ദേവപ്രഭനായ നീ, ഇനി ഇവളെ നിശ്ചയമായും കൈക്കൊള്ളേണം.

ദശരഥൻ — ഉണ്ണീ, നിൻെറ പിതാവായ ദശരഥനാണു ഞാൻ. നിന്നിൽ ഞാൻ പ്രീതനായിത്തീൎന്നിരിക്കുന്നു. നിനക്കു മംഗളമുണ്ടാവട്ടേ! പുരുഷോത്തമനായ നീ ഇനി രാജ്യത്തെ ഭരിച്ചുകൊള്ളുക. ഞാൻ ഇതാ അനുജ്ഞ തരുന്നു.

രാമൻ — ഭവാൻ എൻെറ അച്ഛനാണെങ്കിൽ രാജേന്ദ്രനായ ഭവാനെ ഞാൻ ഇതാ വന്ദിക്കുന്നു. ഭവാൻെറ ശാസനയെ അനുസരിച്ചു രമണീയമായ അയോദ്ധ്യാപുരിയിലേക്കു ഞാൻ തിരിച്ചു പോയിക്കൊള്ളാം.

കരാറിൻപ്രകാരം പതിന്നാലു വർഷം ഇപ്പോൾ കഴിഞ്ഞിരിക്കുന്നുവെന്നും, ഇനി, കാടുവിട്ടു നാട്ടിലേക്കു പോകാമെന്നും മഹാദ്യുതിയായ രാമനോടു സന്തുഷ്ടനായ ജനകൻ വീണ്ടും പറഞ്ഞു. അനന്തരം രക്താന്തനേത്രനായ രാമൻ ദേവന്മാരെ നമസ്കരിക്കയും, സുഹൃത്തുക്കളിൽനിന്ന് അഭിനന്ദനങ്ങൾ ഏല്ക്കയുംചെയ്തുകൊണ്ട്, തന്റെ ഭാര്യയോടു ചേർന്നു മഹേന്ദ്രൻ പൌലോമിയെ പ്രാപിച്ചതുപോലെ ശോഭിച്ചു. അതു കഴിഞ്ഞ്, ആ പരന്തപൻ അവിസ്ധ്യന്നു വരം കൊടുക്കയും, ത്രിജടാരാക്ഷസിയെ അർത്ഥമാനങ്ങളെക്കൊണ്ടു തൃപ്തയാക്കയും ചെയ്തു. ഇന്ദ്രാദിദേവന്മാരോടുകൂടി പിതാമഹഭഗവാൻ കൌസല്യാപുത്രനോട് ഇഷ്ടവരങ്ങളെ വരിച്ചുകൊള്ളുകയെന്നു നിയോഗിക്കയാൽ, തന്നെ ശത്രുക്കൾക്കാർക്കും വെല്ലുവാൻ കഴിയരുതു; ധർമ്മത്തിൽ തനിക്ക് ഉറപ്പായ നില; രാക്ഷസന്മാർ കൊന്നു വീഴ്ത്തിയ വാനരന്മാർക്കെല്ലാം പുനൎജ്ജീവിതം— എന്നിവയ്ക്കായി രാമൻ പ്രാർത്ഥിച്ചു. അങ്ങിനെയാവട്ടെയെന്ന് ബ്രഹ്മാവ് അനുഗ്രഹിച്ചതോടുകൂടി, ചത്തുകിടക്കുന്ന കപികൾ മുഴുവൻ ജീവിച്ചെഴുന്നേറ്റു. അതിൽപ്പിന്നെ, മഹാഭാഗയായ സീത ഹനുമാനെ പ്രത്യേകം വിളിച്ച് ഇങ്ങിനെ വരദാനം ചെയ്കയുണ്ടായി:—

"മകനേ, രാമകീർത്തി ഈ ലോകത്തിൽ നിലനില്ക്കുന്നേടത്തോളം നിന്റെ ജീവിതം നീണ്ടുനില്ക്കും. ദിവ്യസുഖഭോഗങ്ങളെല്ലാം എന്റെ പ്രസാദത്താൽ നിനക്ക് എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യും."

രാമൻ സീതയോടു ചേരുകയും വാനരസൈന്യം കൃതാൎത്ഥരായി സന്തോഷിച്ചാൎക്കുകയും ചെയ്യവേ, അവരെല്ലാവരും നോക്കിനില്ക്കവേ തന്നെ ഇന്ദ്രാദിദേവന്മാർ സൎവ്വരും അവിടെ അന്തൎദ്ധാനംചെയ്തു. രാമനും സീതയും ഒന്നിച്ചു ചേൎന്നു കണ്ടു പരമപ്രീതനായ മാതലി സുഹൃത്തുക്കളുടെ മദ്ധ്യത്തിൽവെച്ച് ആ രാവണാന്തകനെ പ്രശംസിച്ചതാവിതു്:—

"സത്യപരാക്രമനായ ഭവാൻ ദേവഗന്ധൎവ്വന്മാർ, ഉരഗദൈത്യന്മാർ, യക്ഷമാനുഷന്മാർ മുതലായവൎക്കുണ്ടായിരുന്ന സങ്കടങ്ങളൊക്കെയും ഇപ്പോൾ അകററിയിരിക്കുന്നു. ആ ദേവഗന്ധൎവ്വാദികൾ ഉൾപ്പെട്ട സൎവ്വലോകങ്ങളും ഈ ഭൂമിയുള്ളതുവരെക്കും ഭവാനെ പുകഴ്ത്തിക്കൊണ്ടിരിക്കും."

ഇത്രയും പറഞ്ഞിട്ടു് ആ ഇന്ദ്രസാരഥി രാമന്റെ അനുജ്ഞപ്രകാരം സൂൎയ്യപ്രഭമായ രഥത്തോടുകൂടി സ്വൎഗ്ഗത്തിലേക്കു പോയി. അനന്തരം, ലക്ഷ്മണസമേതനായ രാമൻ സീതയെ പുരസ്കരിച്ചു്, വിഭീഷണനോടും, സുഗ്രീവപ്രമുഖന്മാരായ വാനരവീരന്മാരോടും കൂടി, മന്ത്രിപ്രവരന്മാരാൽ ആവൃതനായി, സുരക്ഷിതമാക്കിത്തീൎത്ത ലങ്കയിൽ നിന്നു്, ആകാശത്തിൽ ഇഷ്ടംപോലെ സഞ്ചരിക്കുവാൻ കഴിവുള്ള സുശോഭനമായ പുഷ്പകവിമാനത്തിൽ കയറി മഹാസമുദ്രം കടന്നു മറുകരയിലെത്തി. അനുചരന്മാരെല്ലാവരും സേതുവഴിയേ കടൽ കടന്നു. മുമ്പു സമുദ്രദേവനെ പ്രസാദിപ്പിക്കുന്നതിന്നു

നിരാഹാരനായി കടക്കുകയുണ്ടായ ആ പ്രദേശത്തു ധൎമ്മാത്മാവായ രാഘവൻ സൎവ്വവാനരന്മാരോടുംകൂടി വിശ്രമിക്കയും, അവിടെവെച്ചു കപികളെയെല്ലാം പ്രത്യേകം പ്രത്യേകം വിളിച്ചു യഥാൎഹം സൽക്കരിച്ചു രത്നങ്ങളെക്കൊണ്ടു സന്തുഷ്ടരാക്കി അയയ്ക്കയും ചെയ്തു. കരടികൾ, മൊച്ചകൾ, കരിങ്കുരങ്ങുകൾ മുതലായ സംഘങ്ങളെല്ലാം പോയതിൽപ്പിന്നെ, സുഗ്രീവനോടും, തന്നെ അനുഗമിക്കുന്ന വിഭീഷണനോടുംകൂടി പുഷ്പകവിമാനത്തിൽ കയറി, വഴിക്കുള്ള കാടുകളെ വൈദേഹിക്കു കാണിച്ചുകൊടുത്തുകൊണ്ടു രാമൻ കിഷ്കിന്ധയിലേക്കു തിരിച്ചു. അവിടെ എത്തി, കൎമ്മകുശലനായ അംഗദനു യൌവ്വരാജ്യം കൊടുത്തിട്ടു, താൻ മുമ്പു നാട്ടിൽനിന്നു കാട്ടിലേക്കു വന്ന ആ വഴിക്കുതന്നെ യോധനശ്രേഷ്ഠനായ രാഘവൻ അയോധ്യയിലേക്കു പോയി. ആ രാഷ്ട്രപതി നഗരത്തിൽ പ്രവേശിക്കുംമുമ്പു, ഭരതന്റെ അടുക്കലേക്കു ഹനുമാനെ ദൂതനായി അയച്ചു. പ്രിയവൎത്തമാനം ഉണൎത്തിച്ചു, ഭരതന്റെ ഇംഗിതങ്ങളെല്ലാം നോക്കിക്കണ്ടു് ആ വായുപുത്രൻ മടങ്ങിവന്നതിൽപ്പിന്നെ, രാമൻ നന്ദിഗ്രാമത്തിൽ ചെന്നു. ചെളി പുരണ്ട മെയ്യും, മരത്തോൽകൊണ്ടു ഉടുപ്പുമായി, തന്റെ പാദുകത്തെ മുമ്പിൽ വെച്ചുകൊണ്ടു പീഠത്തിന്മേൽ സ്ഥിതിചെയ്യുന്ന നിലയിലാണു് ഭരതനെ രാമൻ കണ്ടതു്. ഭരതശത്രുഘ്നന്മാരോടുകൂടി രാമലക്ഷ്മണന്മാൎക്കുണ്ടായ പുനസ്സമാഗമത്താൽ അവരേവരും ഏററവും സന്തുഷ്ടരായി.

ജ്യേഷ്ഠഭ്രാതാവിനോടു വീണ്ടും ചേൎന്നു വാഴ്വാൻ കഴിഞ്ഞ ഭരതശത്രുഘ്നന്മാൎക്കു വൈദേഹിയെ കണ്ടിട്ടു് അത്യധികമായ ഹൎഷമുണ്ടായി. തന്നെ ഏല്പിച്ചിട്ടുള്ള രാജ്യത്തെ ഭരതൻ അപ്പോൾ തന്നെ പരമസന്തോഷത്തോടും, പരമസൽകാരങ്ങളോടും കൂടി ജ്യേഷ്ഠനു തിരിയെ കൊടുത്തു. വസിഷ്ഠനും വാമദേവനും ചേൎന്നു ശൂരനായ രാമനെ വൈഷ്ണവമായ തിരുവോണം നാളിൽ സുമുഹൂൎത്തത്തിൽ അഭിഷേകം ചെയ്തു. അങ്ങിനെ അഭിഷിക്തനായ രാമൻ കപിശ്രേഷ്ഠനായ സുഗ്രീവനേയും, പൌലസ്ത്യനായ വിഭീഷണനേയും മററു സുഹൃജ്ജനങ്ങളേയും വിവിധധനങ്ങളെക്കൊണ്ടു സൽകരിച്ചു പ്രീതിയും മോദവും ചേൎത്തു, ചെയ്യേണ്ടുന്നതെല്ലാം ഉപദേശിച്ചു്, അവരുടെ വേർപാടിലുള്ള ദുഃഖത്തോടുകൂടി തന്നെ, അവരെ അവരവരുടെ പുരങ്ങളിലേക്കു പറഞ്ഞയച്ചു. രാവണനിൽനിന്നു താൻ നേടിയ പുഷ്പകവിമാനത്തെ അതിന്റെ സ്വാമിയായ വൈശ്രവണന്നു തന്നെ ആ രഘുനന്ദനൻ കൊടുത്തു. രാമൻ രാജ്യഭരണം ചെയ്യുന്ന കാലത്തു, ഗോമതീതീരത്തിൽവെച്ചു ദേവൎഷിമാരോടുകൂടി, ഒട്ടും തടവുകൂടാതെ, പ്രശംസാൎഹമായി പത്തു് അശ്വമേധയാഗങ്ങൾ ചെയ്കയുണ്ടായിട്ടുണ്ടു്."

കേരള സാഹിത്യ
അക്കാദമി